


# സത്യദൂതൻ

2022 ആഗസ്റ്റ് | ലക്കം 08
വില ₹ 30

## റസൂൽ തിരുമേനി (സ): കാരുണ്യത്തിന്റെ പ്രവാചകൻ

## മനുഷ്യന്റെ പരിണാമദശകൾ വിശുദ്ധ ഖുർആന്റെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ

## വലിയ പ്രപഞ്ചവും ചെറിയ മനുഷ്യനും




**ഇസ്‌ലാമിലെ പ്രഖ്യാതനായ കറുത്ത മുത്ത്
ഹദ്റത്ത് ബിലാലി (റ) ന്റെ കഥ സൂക്ഷ്മമായ
ചരിത്ര പശ്ചാത്തലത്തിൽ ആത്മകഥന രൂപത്തിൽ
വിവരിക്കപ്പെടുന്ന ഉജ്ജ്വല കൃതി.**

സത്യദൂതന്റെ 18 ലക്കങ്ങളിൽ ഖണ്ഡശ: പ്രസിദ്ധീകരിച്ച ലേഖന സമാഹാരം പുസ്തക രൂപത്തിൽ കരുനാഗപ്പള്ളിയിലെ അൻസാറുല്ലാഹ് ഇജ്തിമായിൽ പ്രകാശനം ചെയ്യപ്പെടുന്നു.





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2022 ആഗസ്റ്റ്
ഹി.ശ.1402-സുഹൂർ
1444 മുഹറം - സഫർ
പുസ്തകം 94 ലക്കം 08
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം


**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**

**ദൈവത്തിന്റെ സൃഷ്ടിയും അവന്റെ കല്പനയും തമ്മിലുള്ള വ്യതിരിക്തത**



**7**

പ്രഭാഷണം

**റസൂൽ തിരുമേനി (സ): കാരുണ്യത്തിന്റെ പ്രവാചകൻ**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2012 ഒക്ടോബർ 10-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**11**

**മനുഷ്യന്റെ പരിണാമദശകൾ വിശുദ്ധ ഖുർആന്റെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ**

താരീഖ് അലനലൂർ

**18**

**ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും ഉസ്മാനിയാ ഭരണത്തിന് കീഴിൽ**

സകരിയ്യാ വിർക്, കനഡ

**22**

**നിരക്ഷരത: റസൂൽ തിരുമേനി(സ)യുടെ യോഗ്യത**

എ.എം. മുഹമ്മദ് സലീം

**29**

ഭാഗം - 30

**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**

(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

ഇബ്നു വഫാ ബേപ്പൂർ

**36**

**യേശുവിന്റെ ഖബറിടത്തിൽ**

ഡോ. ബി. ഇഫ്തിഖാർ അഹ്മദ്

**38**

കുറിപ്പുകൾ

**വലിയ പ്രപഞ്ചവും ചെറിയ മനുഷ്യനും**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018



ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



ആകാശങ്ങളേയും ഭൂമിയേയും അവക്കിടയിലുള്ള വസ്തുക്കളേയും ന്യായമായ ആവശ്യാർത്ഥമല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. ആ നിശ്ചിതസമയം വരുന്നത് തന്നെയാണ്. (അദ്ധ്യായം 15: 86)



## നബിവചനം

അബൂഹുറൈറയിൽ നിന്ന് നിവേദനം അല്ലാഹു സൃഷ്ടിപ്പു നിർവ്വഹിച്ചു കഴിഞ്ഞപ്പോൾ എന്റെ കാരുണ്യം എന്റെ കോപത്തെ കവച്ചുവെക്കും എന്ന് തന്റെ ഏടിൽ എഴുതിവെച്ചു. ആ ഏട് സിംഹാസന ത്തിന്റെ മുകളിൽ അവൻ സൂക്ഷിച്ചു വെച്ചിരിക്കുന്നു. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം



ദൈവം എന്നത് അത്ഭുതകരമയ ശക്തിക്കുടയവനാണ്. അവന്റെ ഇച്ഛയാണ് എല്ലാം രൂപപ്പെടുത്തുന്നത്. അവൻ ഉദ്ദേശിച്ചതിനോട് ഉണ്ടാവുക എന്ന് കൽപ്പിച്ചാൽ അവന്റെ സംമ്പൂർണ്ണ ശക്തിയാൽ അത് അസ്തിത്വത്തിൽ വരുന്നു. അത് അതിസൂക്ഷ്മമായ ഒരു പ്രഹേളികയാണ്. അതായത് മുഴുവൻ സൃഷ്ടികളും ദൈവത്തിന്റെ വചനമാണ്. ക്രിസ്ത്യാനികൾ അവർക്ക് വിവരമില്ലാതെ യേശു ദൈവത്തിന്റെ വചനമാണെന്ന് ഉറപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് ഒരു ദിവ്യവചനമായിരുന്നു എന്നാണ് പറയേണ്ടത്. ആ വചനമാണ് അദ്ദേഹത്തിന്റെ ആത്മാവായി രൂപം പ്രാപിച്ചത്. യാതൊരാത്മാവും തന്നെ ദൈവത്തിന്റെ വചനമല്ലാതെ അസ്തിത്വത്തിലേക്ക് വരുന്നില്ല എന്ന സത്യം സർവ്വശക്തനായ ദൈവവും ഉറപ്പിച്ചു പറയുന്നു. **ആത്മാവ് എന്റെ എന്റെ രക്ഷിതാവിന്റെ കൽപ്പനയാലുള്ളതാണ്** എന്ന വചനം സൂചിപ്പിക്കുന്നത് അതാണ്. (സുറുമെ ചശ്മെ ആര്യ)

എഡിറ്റോറിയൽ

# ദൈവത്തിന്റെ സൃഷ്ടി കർത്തൃത്വം

സ്രഷ്ടാവ് എന്നത് ദൈവത്തിന്ന് മാത്രം അവകാശപ്പെട്ട ഒരു ദൈവിക ഗുണമാണ്. സ്രഷ്ടാവ് എന്ന പദം ചിലപ്പോൾ സാഹിത്യത്തിലും കലാവിഷ്ക്കാരങ്ങളിലും ഉപയോഗിക്കാറുണ്ട്. ഇവിടെ അതല്ല പ്രതിപാദ്യം. ആധുനിക ശാസ്ത്രം എന്തെങ്കിലും കണ്ടെത്തലുകളോ ആവിഷ്ക്കാരങ്ങളോ നിർമ്മിതികളോ നടത്തുമ്പോൾ ദൈവവുമായി താരതമ്യം ചെയ്ത് അതിന്റെ സൃഷ്ടാവ് എന്ന സ്ഥാനം ചിലർ ശാസ്ത്രത്തിന്ന് ചാർത്താറുണ്ട്. സ്രഷ്ടാവ് എന്ന ദൈവവിശേഷണത്തിലെ അപരിമേയമായ ഉള്ളടക്കത്തെ സംബന്ധിച്ചും അതിന്റെ ദൈവശാസ്ത്രപരമായ വിവക്ഷയെ സംബന്ധിച്ചും ധാരണയില്ലാത്ത ദൈവനിഷേധ പ്രവണതയുള്ള അൽപ്പബുദ്ധികളുടെ അഹംങ്കാര പ്രകടനം എന്നല്ലാതെ അതിനെ കുറിച്ചൊന്നും പറയാനില്ല. ശാസ്ത്രത്തിന്റെ ധൈഷണിക മണ്ഡലമടക്കം മനുഷ്യസമൂഹം മാത്രമല്ല ഈ പ്രപഞ്ചവും അതിനെശ്രിക്കുന്ന നിയമങ്ങളുമെല്ലാം ദൈവത്തിന്റെ സൃഷ്ടിയും ദൈവസഹായത്തിന്റെ നിസ്സഹായരായ ഗുണഭോക്താക്കളുമാണ്. അല്ലാഹു സ്രഷടാവാണ് എന്നതിലേക്ക് യുക്തിസഹവും അനിഷേധ്യവുമായ തെളിവുകൾ വിശുദ്ധ ഖുർആൻ മുന്നോട്ട് വെക്കുന്നു. അതിൽ മൂന്നെണ്ണം ഇവയാണ്.

***അല്ലാഹു സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവാണ്. അവൻ സകല വസ്തുക്കളുടെയും കാര്യനിർവ്വാഹകനുമാണ്. (39:24)***

സ്രഷ്ടാവായിരിക്കാൻ വേണ്ട ഒരു ഗുണമാണ് വിശുദ്ധ ഖുർആൻ ഇവിടെ ചൂണ്ടിക്കാട്ടുന്നത്. സുദീർഘമായ പ്രപഞ്ച പരിണാമചരിത്രത്തിൽ മനുഷ്യൻ തന്നെ സമീപകാലഘട്ടത്തിൽ ആവിർഭവിച്ച കേവലം സൃഷ്ടിയാണ് എന്നിരിക്കെ, മനുഷ്യന് പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളുടെയും സൃഷ്ടാവാകാൻ എങ്ങനെ കഴിയും? സൃഷ്ടാവ് എന്ന അവകാശവാദം ഉന്നയിക്കുന്ന ശാസ്ത്രം പ്രപഞ്ചത്തിൽ നിലവിലുള്ള നിയമ പ്രകാരം പ്രവർത്തിക്കുന്ന വസ്തുക്കളും പ്രതിഭാസങ്ങളും അവയിൽ നിന്ന് ലഭിക്കുന്ന ജ്ഞാനവും പ്രയോജനപ്പെടുത്തി ഉൽപ്പാദനവും നിർമ്മാണവും നടത്തുക മാത്രമാണ് ചെയ്യുന്നത്. അതിന്നാധാരമായ വസ്തുക്കൾ പ്രകൃതി അവന്ന് നൽകിയ ദാനമാണ്. ഒരു ജീവകോശം നിർമ്മിക്കണമെങ്കിൽ അതിന് നിലനിൽക്കാനും വളരാനും ഒരു പ്രപഞ്ചം തന്നെ പശ്ചാത്തലമായി വേണം എന്ന മഹാസത്യം മനുഷ്യൻ മറന്നുപോകുന്നു. മനുഷ്യൻ തന്നെയും കേവലം ഒരു സൃഷ്ടിയാണല്ലോ? അങ്ങനെ പൂർണ്ണമായും ആശ്രിതനായികൊണ്ട് എന്തെങ്കിലും നിർമ്മിക്കുന്ന മനുഷ്യൻ എങ്ങനെ സൃഷ്ടാവാകും?

രണ്ടാമതായി, അല്ലാഹു മുൻമാതൃകകളില്ലാതെ സൃഷ്ടി നടത്തുന്നവൻ (ബദീഅ്) ആണ്. ഇങ്ങനെ സൃഷ്ടി നടത്താൻ മനുഷ്യന് സാദ്ധ്യമല്ല. അല്ലാഹു ഖുർആനിൽ പറയുന്നു:

***മുൻമാതൃകകളില്ലാതെ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനാനണത്രെ അവൻ. ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ അതിനെ സംബന്ധിച് ഉണ്ടാവുക എന്ന് മാത്രം അവൻ പറയുന്നു അപ്പോൾ അത് ഉണ്ടാകുന്നു. (2:118)***

ദൈവം മുൻ മാതൃക അനുകരിക്കുന്നവനോ അത് നോക്കി സൃഷ്ടിനടത്തുന്നവനോ അല്ല. മനുഷ്യന്റെ നിർമ്മാണത്തിനോ സൃഷ്ടിക്കോ മുൻ മാതൃക ആവശ്യമാണ്. മനുഷ്യന്ന് ഒരു ആവശ്യം നേരിടുകയും ഒരു മുൻമാതൃക അവൻ ദർശിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഒരു സൃഷ്ടിയോ രചനയോ നടത്താനുള്ള ആശയം അവനിൽ സംജാതമാവുകയുള്ളു. അതായത് ദൈവം സൃഷ്ടിച്ച പ്രകൃതിയിലെ വസ്തുക്കളെയും പ്രതിഭാസങ്ങളുടെയും അനുകരണമാണ് ഇതപര്യന്തമുള്ള മനുഷ്യന്റെ നിർമ്മിതികളിലും സൃഷ്ടികളിലും രചനയിലും ആകെ മുഴച്ചു നിൽക്കുന്നത്. അങ്ങനെയുള്ള മനുഷ്യൻ എങ്ങനെ ദൈവത്തിന്ന് സമാനനായ സൃഷ്ടാവാകും?.

മൂന്നാമതായി ദൈവം ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടിക്കുന്നവനാണ്. വിശുദ്ധ ഖുർആൻ പറയുന്നു. ***അവൻ സൃഷ്ടാവും ഇല്ലായ്മയിൽ നിന്ന് ഉണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. (59:25) മുൻമാതൃകകളില്ലാതെ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനാനണത്രെ അവൻ. ഒരു കാര്യം അവൻ തീരുമാനിച്ചുകഴിഞ്ഞാൽ അതിനെ സംബന്ധിച് ഉണ്ടാവുക (കുൻ ഫയക്കൂൻ )എന്ന് മാത്രം അവൻ പറയുന്നു. അപ്പോൾ അത് ഉണ്ടാകുന്നു. (2:118)***

സൃഷ്ടിക്ക് മുമ്പ് ഒന്നുമില്ലാത്ത അവസ്ഥയായിരുന്നു. കാലം പ്രപഞ്ചവസ്തുവിന്റെ ഒരു ഭൗതിക മാനം മാത്രമാണെന്നും അവ അനന്തമല്ലെന്നും അതിരുകളുള്ളതാണെന്നും, സ്ഥലവും കാലവും ഒരു പ്രത്യേക ബിന്ദുവിൽ വെച്ച് സൃഷ്ടിക്കപ്പെട്ടതാണെന്നും ആധുനിക ശാസ്ത്രം പറയുന്നു. അപ്പോൾ പ്രപഞ്ചത്തിന്റെ ആവിർഭാവത്തിന്ന് മുമ്പ് ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും വിസ്മയകരാം വിധം ധൈഷണികമായി അഭികൽപന ചെയ്യപ്പെട്ട ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിസാകല്യം ദൈവത്തിനല്ലാതെ മറ്റാർക്കെങ്കില്ലും നിർവ്വഹിക്കാൻ സാദ്ധ്യമല്ല. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ദൈവത്തിന്റെ സൃഷ്ടി കർമ്മത്തെ കുറിച്ച് പറയുന്നു.

**ദൈവ വചനത്താൽ സൃഷ്ടികൾ അസ്തിത്വത്തിലേക്ക് വരുക എന്നത് ഒരു പ്രഹേളികയാണ്. ഇത് ദൈവ വചനത്തിന്റെ പ്രതിഫലനമാണ് എന്നോ അല്ലെങ്കിൽ ദൈവ വചനത്തിന്റെ ദിവ്യശക്തികൊണ്ട് സൃഷ്ടിയുടെ രൂപം അത് സമാർജ്ജിക്കുന്നുവെന്നോ ഉള്ള അർത്ഥത്തിലാണ് മനസ്സിലാക്കപ്പെടേണ്ടത്. ഈ രണ്ടു വ്യാഖ്യാനങ്ങളും വിശുദ്ധ ഖുർആനെ സംബന്ധിച്ച് സ്വാർത്ഥകമാണ്. വിശുദ്ധ ഖുർആൻ ചിലയിടങ്ങളിൽ സൃഷ്ടി നടത്തിയതിനെ സംബന്ധിച്ച് ദൈവത്തിന്റെ വചനം എന്ന് പറയുന്നു. അതാകട്ടെ റുബൂബിയത്തിലൂടെ ദിവ്യശക്തിയാൽ ചില ഗുണങ്ങളും സ്വഭാവങ്ങളും ആർജ്ജിക്കുന്നതും സ്രഷ്ട വസ്തുക്കളിൽ സ്വഭാവ വിശേഷമായി കൂട്ടി ചേർക്കപ്പെടുകയും ചെയ്യുന്നതാണ്. ഇത് യുക്തിയിലൂടെ എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റാത്ത ഗുണങ്ങളുടെ പ്രഹേളികകളിൽ പെട്ടതാണ്. (തൗസീഹെ മറാം)**



ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തിന്റെ സൃഷ്ടിയും അവന്റെ കല്പനയും തമ്മിലുള്ള വ്യതിരിക്തത

ചിന്തകളുടെയും നിരീക്ഷണങ്ങളുടെയും ഫലമായി മനുഷ്യ ഹൃദയങ്ങളിൽ നന്മതിന്മകളുടെ ഉപായങ്ങളും അവയെ സംബന്ധിച്ച് സൂക്ഷ്മ ജ്ഞാനങ്ങളും വഞ്ചനയുടെയും തട്ടിപ്പിന്റെയും വിവിധങ്ങളായ കാര്യങ്ങളുമെല്ലാം ഉദ്ഭവിക്കുന്നത് ആരിൽ നിന്നാണ്? എവിടെ നിന്നാണ്?എന്തുകൊണ്ട് മനുഷ്യൻ ഒരു കാര്യത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നവന് ഉദ്ദേശിച്ച കാര്യത്തിന് പരിഹാരം ലഭിക്കുന്നു? എന്നൊക്കെയുള്ള സംശയങ്ങൾ ആരെയെങ്കിലും ഗ്രസിച്ചിട്ടുണ്ടെങ്കിൽ എനിക്കവനോട് പറയുവാനുള്ളത് ആ ചിന്തകളെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടിയാണ്; അവന്റെ കല്പനയല്ല എന്നാണ്. അവന്റെ സൃഷ്ടിയും കല്പനയും തമ്മിൽ സൂക്ഷമമായ ഒരു വ്യത്യാസമുണ്ട്. ദൈവം ഭൗതിക മാർഗ്ഗേണ ഒരു വസ്തുവിനെ സൃഷ്ടിച്ച് ആ വസ്തുവിന്റെ ആദികാരണമായി തന്നെ ബന്ധപ്പെടുത്തുന്നു. ഇതാണ് സൃഷ്ടി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഭൗതികമായ ഉപാധികളുടെ ഇടപെടലുകൾ ഒന്നുമില്ലാതെ ദൈവത്തിൽ നിന്ന് നേരിട്ട് വെളിപ്പെടുന്നതാണ് കല്പന. ആയതിനാൽ സർവ്വ ശക്തനായ ദൈവത്തിൽ നിന്നിറങ്ങുന്ന വെളിപാടുകളും കല്പനയുടെ ലോകത്ത് നിന്നാണ്; സൃഷ്ടിയുടെലോകത്തു നിന്നല്ല. മനുഷ്യൻ ചിന്തിക്കുമ്പോഴും നിരീക്ഷിക്കുമ്പോഴും അവന്റെ മനസ്സിൽ ഉരുവം കൊള്ളുന്ന ചിന്തകളെല്ലാം മാർക്ഷോപാധികളുടെ മറയ്ക്കു പിന്നിൽ പ്രവർത്തിക്കുന്ന ദിവ്യശക്തിയുടെ സൃഷ്ടിലോകത്തു നിന്നുള്ളതാണ്.

പലവിധ കഴിവുകളോടും ശക്തികളോടും കൂടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യൻ തന്റെ ചിന്തയെ നല്ലതോ ചീത്തയോ ആയ കാര്യങ്ങൾക്കായി വിനിയോഗിക്കുമ്പോൾ അതിനനുസരിച്ച് പദ്ധതികളും അവന്റെ മുന്നിൽ തെളിയുന്നു എന്ന പ്രത്യേകതയും അവനുണ്ട്. കണ്ണു തുറക്കുമ്പോൾ കാണുകയും കാതോർക്കുമ്പോൾ കേൾക്കുകയും ചെയ്യുന്നുവെന്നത് പ്രകൃതിനിയമമാണ്. ഇതേപോലെ നല്ലതോ ചീത്തയോ ആയ ഏതെങ്കിലും കാര്യത്തിൽ വിജയമാർഗ്ഗത്തിനായി ചിന്തിക്കുന്ന വ്യക്തിയുടെ മുന്നിലും എന്തെങ്കിലും പദ്ധതികൾ തെളിഞ്ഞു വരുന്നു. സദ്വൃത്തൻ സന്മാർഗ്ഗത്തിൽ ചിന്തിച്ച് സത്കർമ്മങ്ങൾ ചെയ്യുന്നു. കള്ളൻ കൊള്ളയടിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ച് അതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു. സൂക്ഷമവും വഞ്ചനാത്മവുമായ പൈശാചിക കൃത്യങ്ങളെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നതു പോലെത്തന്നെ ആ കഴിവുകളെ അവൻ സന്മാർഗ്ഗത്തിൽ വിനിയോഗിക്കുകയാണെങ്കിൽ സത്കർമ്മങ്ങളെക്കുറിച്ച് ഒന്നാംതരം ചിന്തകളും അവന് കൈവരും. അവന്റെ ചീത്ത ചിന്തകളെ സംബന്ധിച്ച്, അതെത്ര തന്നെ ഗഹനവും സ്വാധീന ശക്തിയുള്ളതായാലും ശരി, അവ ദൈവിക വചനങ്ങളല്ലെന്ന് പറയപ്പെടാവുന്നതു പോലെ നല്ലതാണെന്ന് അവൻ വിചാരിക്കുന്നു. അവന്റെ ചിന്തകളും ദൈവിക വചനങ്ങളല്ല. ചുരുക്കത്തിൽ, സദ്ജനങ്ങൾക്കുണ്ടാകുന്ന നല്ല ചിന്തകളും നിരീക്ഷണത്തിന്റെയും ഗാഢചിന്തയുടെയും ഫലമായി കള്ളന്മാർക്കും കൊള്ളക്കാർക്കും കൊലപാതകികൾക്കും വ്യപിചാരികൾക്കും വഞ്ചകന്മാർക്കുമുണ്ടാകുന്ന ചീത്ത ചിന്തകളുമെല്ലാം പ്രകൃതിഗുണങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. ദൈവം എല്ലാ കാരണങ്ങളുടെയും ആദികാരണമായതുകൊണ്ടാണ് അവയെല്ലാം തന്നെ അല്ലാഹുവിന്റെ സൃഷ്ടി എന്നറിയപ്പെടുന്നത് (ഖൽഖുല്ലാഹ്); അല്ലാഹുവിന്റെ കല്പന എന്നല്ല. ചില സസ്യങ്ങൾക്ക് വയറ് ശുദ്ധീകരിക്കാനും അതിനെ ഉറപ്പിക്കാനും മറ്റും പ്രകൃതിപരമായി കഴിവുള്ളതു പോലെ മനുഷ്യന്റെ പ്രകൃതപരമായ ഗുണങ്ങളാണവ. യുക്തിജ്ഞനായ ദൈവം മറ്റു വസ്തുക്കൾക്ക് വിവിധങ്ങളായ ഗുണങ്ങൾ നല്കിയതുപോലെ, മനുഷ്യന്റെ ചിന്താ ശക്തിക്കും അവനുദ്ദേശിക്കുന്ന നന്മതിന്മകൾ രൂപപ്പെടുത്താൻ സഹായിക്കാനുള്ള കഴിവും നല്കിയിരിക്കുന്നു.

(റൂഹാനി ഖസായിൻ വാല്യം.1)

അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2012 ഒക്ടോബർ 10-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# റസൂൽ തിരുമേനി (സ): കാരുണ്യത്തിന്റെ പ്രവാചകൻ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: റസൂൽ തിരുമേനി(സ) അഭിമുഖീകരിച്ച പ്രശ്നങ്ങൾ, അക്കാലത്ത് ലോകത്തിന്റെ അവസ്ഥ, ആ മഹാത്മാവിന്റെ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് പരിജ്ഞാനമുണ്ടെങ്കിൽ മനുഷ്യൻ ആത്മനിർവൃതിയാൽ **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ** എന്നു പറയാൻ നിർബന്ധിതനാകുന്നതാണ്.

മറ്റൊരിടത്ത് പറയുന്നു: ഞാൻ സത്യമായും പറയുന്നു, ഇത് കേവലം ഒരു സാങ്കൽപികമോ കെട്ടിച്ചമച്ചതോ ആയ കാര്യമല്ല. പ്രത്യുത തിരുനബി (സ) എന്തുചെയ്തു എന്നതിന് വിശുദ്ധഖുർആനും ലോകചരിത്രവും സാക്ഷ്യം വഹിക്കുന്നുണ്ട്. അല്ലെങ്കിൽ റസൂൽ തിരുമേനി (സ)യെക്കുറിച്ച് മാത്രം ഇങ്ങനെ പറയില്ലായിരുന്നു. **ഇന്നല്ലാഹ വമലായിക്കത്തുഹു യുസല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലൈഹി വസല്ലിമൂ തസ്‌ലീമാ.**

അതായത് അല്ലാഹുവും അവന്റെ മലക്കുകളും റസൂൽ തിരുമേനി(സ)ക്ക് സമാധാനവും ശാന്തിയും ആശംസിക്കുന്നു. അല്ലയോ വിശ്വാസികളേ നിങ്ങളും നബിക്ക് ശാന്തിയും സമാധാനവും നേരുക.

മറ്റൊരു നബിക്ക് വേണ്ടിയും ഈ പ്രശംസാവചനം വന്നിട്ടില്ല. പരിപൂർണ വിജയത്തോടും പ്രശംസയോടും കൂടി ഈ ഒരു മനുഷ്യൻ മാത്രമാണ് ലോകത്ത് വന്നിട്ടുള്ളത്. ആ മഹാത്മാവിന്റെ പേരാണ് മുഹമ്മദ് (സ)എന്നത്.

റസൂൽ തിരുമേനി (സ)യുടെ കർമങ്ങൾ ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. എത്രത്തോളമെന്നാൽ അവയുടെ പ്രകീർത്തനത്തെയും പുകഴ്ത്തലിനെയും പരിമിതപ്പെടുത്തുന്നതിനു വേണ്ടി അല്ലാഹു ഒരു പ്രത്യേക വാക്ക് ഉപയോഗിച്ചിട്ടില്ല എന്ന് ഈ ആയത്തിൽനിന്നും വ്യക്തമാവുന്നു. വാക്ക് ലഭിക്കുമായിരുന്നെങ്കിലും അല്ലാഹു സ്വയം അത് പ്രയോഗിച്ചിട്ടില്ല. കാരണം ആ മഹാത്മാവിന്റെ സദ്പ്രവർത്തികൾ എല്ലാ തരം പ്രശംസകൾക്കും അതീതമായിരുന്നു. ഈ വിധത്തിലുള്ള ദൈവവചനം മറ്റൊരു നബിയുടെ പ്രശംസക്ക് വേണ്ടിയും ഉപയോഗിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ആത്മാവിൽ അത്യുന്നതമായ പരിശുദ്ധതയും സത്യസന്ധതയും ഉണ്ടായിരുന്നു.

അപ്രകാരം തന്നെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെയധികം പ്രിയപ്പെട്ടതുമായിരുന്നു. അതുകാരണമായാണ് ഇനിയുള്ള കാലം നന്ദിസൂചകമായി ജനങ്ങൾ സദാ ഈ നബിക്ക്മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കണമെന്ന് അല്ലാഹു കല്പന പുറപ്പെടുവിച്ചിട്ടുള്ളത്.

ആ മഹാത്മാവ് കൊണ്ടുവന്ന അധ്യാപനങ്ങൾ പഠനവിധേയമാക്കുകയും അദ്ദേഹത്തിന്റെ ഉദാത്ത മാതൃക ദർശിക്കുകയും ചെയ്യുമ്പോൾ അത് സ്വായത്തമാക്കാനും പ്രവർത്തന പഥത്തിൽ കൊണ്ടുവരാനും ശ്രമിക്കുന്നതോടൊപ്പം തന്നെ ആ മഹാത്മാവിനു മേൽ സ്വലാത്തും സലാമും ചൊല്ലേണ്ടതും ഒരു വിശ്വാസിയുടെ കർത്തവ്യമാണ്. ജീവിതത്തിന്റെ ഓരോ മേഖലയിലും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിച്ചു കാണിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ നമ്മെ ഉപദേശിക്കുകയും ചെയ്ത്, അല്ലാഹുവിനെ പ്രാപിക്കുവാനുള്ള മാർഗത്തിലേക്ക് നമ്മെ വഴികാട്ടിക്കൊണ്ട് എത്രമാത്രം വലിയ ഔദാര്യമാണ് ഈ മഹാനായ ഉദാരമതി നമ്മിൽ ചെയ്തിരിക്കുന്നത്. ആ മഹാത്മാവ് ദൈവാരാധനയുടെ നിലവാരം സ്വായത്തമാക്കുന്നതിനുള്ള മാർഗങ്ങൾ നമുക്ക് പറഞ്ഞുതന്നു. ദൈവ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാനുള്ള വികാരം വിശ്വാസികളിൽ ഉണ്ടാക്കിയെടുത്തു. അതു മുഖേന ഒരു വിശ്വാസിക്ക് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. ഈ കാര്യങ്ങളെല്ലാം തന്നെ നമ്മോടാവശ്യപ്പെടുന്നത് ആ മഹാത്മാവിൽ സ്വലാത്തും സലാമും ചൊല്ലുന്നതിനൊപ്പം ലോകത്തിന് ആ മഹാത്മാവിന്റെ അധ്യാപനങ്ങളും ജീവിതവും പഠിപ്പിച്ചുകൊടുക്കണമെന്നാണ്. ആ മഹാത്മാവിന്റെ ഔദാര്യവും സൗന്ദര്യവും ലോകത്തിന് ബോധ്യപ്പെടുത്തികൊടുക്കുക. അല്പമെങ്കിലും നീതിബോധമുള്ള അന്യരുടെ മുമ്പാകെ ആ മഹാത്മാവിന്റെ ജീവിതത്തിലെ ഏതെങ്കിലും ഒരു വശം സമർപ്പിക്കപ്പെടുമ്പോൾ, ആശയവൈപരീത്യം നിലനില്ക്കെ, അവർ ആ മഹാത്മാവിന്റെ ജീവചരിത്രത്തിലെ മനോഹരവശങ്ങളെ പ്രശംസിക്കാതിരുന്നിട്ടില്ല.

ഇന്ന് ഇസ്‌ലാമിന്റെ എതിരാളികൾ തിരുദൂതർ(സ)ക്കും അദ്ദേഹം കൊണ്ടുവന്ന അധ്യാപനങ്ങൾക്കും എതിരിൽ ആരോപണങ്ങൾ ഉന്നയിക്കുന്നു. ഇവർ നീതിബോധമില്ലാത്തവരോ ആ മഹാത്മാവിന്റെ ജീവിതത്തിന്റെ മനോഹരവശങ്ങൾ അറിയാത്തവരോ ആണ്. അവർ അതിനുവേണ്ടി ശ്രമിക്കുന്നുമില്ല. ലോകത്തിന് ആ മഹാത്മാവിന്റെ ജീവിതത്തെക്കുറിച്ച് ബോധ്യം നൽകേണ്ടതും നമ്മുടെ ജോലിയാണ്. ഇതിനുവേണ്ടി എല്ലാവിധത്തിലുള്ള മാർഗങ്ങളും നാം അവലംബിക്കേണ്ടതാണ്. ഇതിനെക്കുറിച്ച് മുമ്പും ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്.

ലൗകികതയിൽ മുഴുകിയ കാരണത്താലോ നൈസർഗികമായ കാരണത്താലോ ചിലരിൽ ഭൗതിക വാദികളുടെ വാക്കുകളാണ് കൂടുതൽ സ്വാധീനം ചെലുത്താറുള്ളത്. ഭൗതീകർ ഏതെങ്കിലും കാര്യം പറയുമ്പോൾ അവർ അത് അംഗീകരിക്കാൻ തയ്യാറാവുന്നു. റസൂൽ തിരുമേനി(സ)യെക്കുറിച്ച് ഒരു മുസ്‌ലിം പറയുന്നതിനേക്കാൾ കൂടുതൽ അവരുടെ സ്വന്തം ആളുകളുടെ വാക്കുകളാണ് അവരെ സ്വാധീനിക്കുന്നത്. ചില അവസരങ്ങളിൽ അവരുടെ തന്നെ ആളുകൾ പറയുമ്പോൾ മാത്രം അതിനെക്കുറിച്ച് അവർ ചിന്തിക്കുന്നു. അതുകൊണ്ട് അവരുടെ തന്നെ പ്രശസ്തരായ ആളുകൾ, ഗ്രന്ഥകാരന്മാർ, പണ്ഡിതന്മാർ, എഴുത്തുകാർ എന്നിവർ റസൂൽ തിരുമേനി(സ)യെക്കുറിച്ച് പറഞ്ഞ അഭിപ്രായങ്ങൾ അത്തരം ആളുകളിലേക്ക് എത്തിക്കേണ്ടതാണ്.

ഇപ്പോൾ ഞാൻ അത്തരം ചില ആളുകളുടെ ഉദ്ധരണികൾ അവതരിപ്പിക്കുന്നതായിരിക്കും. അവർ റസൂൽ തിരുമേനി (സ)യുടെ ജീവിതത്താൽ സ്വാധീനിക്കപ്പെട്ടും ആ മഹാത്മാവിന്റെ വ്യക്തിത്വത്താൽ ആകൃഷ്ടരായും കൊണ്ട് അദ്ദേഹത്തെക്കുറിച്ച് എഴുതിയതാണ് ഇവ. അവരിൽ ചിലർ എതിരാളികളായിരുന്നു. എന്നല്ല, എതിർപ്പിൽ മുൻപന്തിയിൽ നിൽക്കുന്നവരുമായിരുന്നു. എന്നാൽ യാഥാർഥ്യം എഴുതാൻ അവർ നിർബന്ധിതരാവുകയുണ്ടായി.

വിശുദ്ധഖുർആന്റെ ഇംഗ്ലീഷ് തർജുമയായ ടു ദ റീഡർ എഴുതിയത് ജോഡ്സേൽ എന്ന ആളാണ്. ഇദ്ദേഹം ഇസ്‌ലാമിനെ അനുകൂലിക്കുന്ന ഒരാളല്ല. ഇസ്‌ലാമിന്റെയും റസൂൽ തിരുമേനി(സ)യുടേയും വലിയ എതിരാളിയായ സ്പെയിൻ ഹാമസ് എന്ന ലേഖകനെ ഉദ്ധരിച്ചുകൊണ്ട് എഴുതിയിരിക്കുന്നു. അയാൾ റസൂൽ തിരുമേനി(സ)യെക്കുറിച്ച് പലതും എഴുതിയിട്ടുണ്ട്. സ്പെയിൻ ഹാമസിനെക്കുറിച്ച് നല്ല ആളാണെന്ന് ജോഡ്സേൽ എഴുതുന്നു. എന്നാൽ ഇദ്ദേഹം അത്ര നല്ല ആളൊന്നുമായിരുന്നില്ലെങ്കിലും സത്യാവസ്ഥ എഴുതാൻ അദ്ദേഹം നിർബന്ധിതനായിരിക്കുകയാണ്. സ്പെയിൻ ഹാമസ് എഴുതുന്നു:

മുഹമ്മദ്(സ) പൂർണമായും നൈസർഗികമായ നിലയിൽ പ്രതിഭാധനനായിരുന്നു. സുന്ദര രൂപിയും ജ്ഞാനിയും ദീർഘവീക്ഷണമുള്ളയാളും ജനപ്രിയനും സൽസ്വഭാവിയും ദരിദ്രരെ സേവിക്കുന്നയാളും വിനയാന്വിതനും ശത്രുക്കൾകെതിരിൽ സ്ഥിരചിത്തനും ധൈര്യവാനും ആയിരുന്നു. എല്ലാറ്റിലുമുപരി ദൈവത്തിന്റെ അഭിധാനങ്ങളെ ബഹുമാനപുരസ്കരം സ്മരിക്കുന്നയാളുമായിരുന്നു. കള്ള സത്യം പറയുന്നവർക്കും വ്യഭിചാരികൾക്കും ദുഷ്കർമ്മികൾക്കും ആരോപണങ്ങൾ കെട്ടിചമക്കുന്നവർക്കും ദുർവ്യയം ചെയ്യുന്നവർക്കും ദുരാഗ്രഹികൾക്കും കള്ള

സാക്ഷ്യം പറയുന്നവർക്കും എതിരിൽ അങ്ങേയറ്റം കാഠിന്യത്തോടു കൂടിയുള്ളയാളായിരുന്നു. അനുകമ്പ, ദാനധർമം, കാരുണ്യം, കൃതജ്ഞത, മാതാപിതാക്കളേയും മുതിർന്നവരേയും ബഹുമാനിക്കൽ എന്നീ കാര്യങ്ങളെക്കുറിച്ച് അങ്ങേയറ്റം താക്കീത് ചെയ്യുന്നയാളുമായിരുന്നു. അല്ലാഹുവിനെ സ്തുതിക്കുന്നതിലും പ്രകീർത്തിക്കുന്നതിലും എല്ലായിപ്പോഴും നിമഗ്നനായിരുന്നു. ഇങ്ങനെയൊക്കെ എഴുതിയിട്ടും ഇയാൾ ചില സ്ഥലങ്ങളിൽ ആ മഹാത്മാവിൽ ആരോപണങ്ങളും ഉന്നയിക്കുന്നുമുണ്ട്.

മറ്റൊരു എഴുത്തുകാരിയായ സ്റ്റാൻലി ലേൻപൂൾ എഴുതുന്നു. ഹ: മുഹമ്മദ്(സ) തന്റെ സ്വദേശമായ മക്കയിൽ വിജയശ്രീലാളിതനായി പ്രവേശിച്ചപ്പോൾ അദ്ദേഹം തന്റെ കഠിന ശത്രുക്കളും രക്തദാഹികളുമായിരുന്ന മക്കക്കാർക്ക് പൊതുമാപ്പ് നൽകുകയുണ്ടായി. ഇത് മനുഷ്യചരിത്രത്തിൽ ഉദാഹരിക്കാൻ പറ്റാത്ത പരിശുദ്ധവും വിജയകരവുമായ പ്രവേശനമായിരുന്നു.

ഔട്ട്ലൈൻ ഓഫ് ഹിസ്റ്ററിയുടെ ഗ്രന്ഥകർത്താവായ പ്ര: എച്ച്.ജി. വെൽസ് എഴുതുന്നു. ഇസ്ലാമിന്റെ പ്രവാചകന്റെ സത്യസാക്ഷ്യത്തിനുള്ള ഏറ്റവും വലിയ തെളിവ്, ആ മഹാത്മാവിനെ നന്നായി അറിയുന്നവർ തന്നെയാണ് അദ്ദേഹത്തെ ആദ്യമായി വിശ്വസിച്ചത് എന്നതാണ്. ഹ: മുഹമ്മദ് (സ) ഒരു കള്ളവാദിയല്ലെന്നത് തീർച്ചയാണ്. ഇസ്ലാമിൽ വലിയ സവിശേഷതകളും മഹനീയങ്ങളായ പ്രത്യേകതകളും ഉണ്ടെന്നത് നിഷേധിക്കാനാവില്ല. അക്രമവും രക്തചൊരിച്ചിലും ഇല്ലാത്ത ഒരു സൊസൈറ്റിക്കാണ് ഇസ്ലാമിന്റെ പ്രവാചകൻ അടിത്തറ പാകിയത്.

ദിലേസി ഒലേറെ തന്റെ ഗ്രന്ഥമായ ഇസ്ലാം അറ്റ് ദി ക്രോസ് റോഡ്സിൽ എഴുതുന്നു. അക്രമണോത്സുകരായ മുസ്ലീങ്ങളുടെ വിജയവും, തങ്ങളുടെ അധീനതയിലുള്ള ജനതയെ വാൾമുനയാൽ ഇസ്ലാമിൽ പ്രവേശിപ്പിച്ചതും ചരിത്രകാരന്മാരുടെ നിരർഥകവും വിചിത്രവുമായ കെട്ടുകഥകളാണെന്ന് ആർക്കും മനസിലാക്കാനാകുന്നതാണ്. ചരിത്രത്തിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്.

മഹാത്മാഗാന്ധി യംഗ് ഇന്ത്യ എന്ന പത്രികയിൽ എഴുതുന്നു. ലക്ഷക്കണക്കിന് ആളുകളെ എതിരഭിപ്രായമില്ലാതെ ഭരിച്ച ആ വ്യക്തിയെക്കുറിച്ച് എല്ലാം അറിയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതം പഠിച്ചതിനു ശേഷം, ഇസ്ലാം വാളാലല്ല ജനമനസ്സുകളിൽ സ്ഥാനം പിടിച്ചതെന്നും പ്രതൃുത ഈ പ്രവാചകന്റെ വിനയവും സ്വപ്രവർത്തികളിലുള്ള നിമഗ്നതയും വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ സൂക്ഷ്മത കാട്ടലും സുഹൃത്തുക്കളോടും അനുചരവൃന്ദത്തോടും കൂറു കാണിക്കലും നിർഭയത്വവും ദൈവാസ്തികൃത്തിലും തന്റെ ദൗത്യത്തിലും പരിപൂർണ വിശ്വാസമർപ്പിക്കലും കൊണ്ടൊക്കെയായിരുന്നു എന്ന് എനിക്ക് മനസിലാകുകയുണ്ടായി. അദ്ദേഹത്തിന് എല്ലാ വിഷമതകളും തരണം ചെയ്യാനും എല്ലാവരെയും ഒരുമിച്ച് കൊണ്ടുപോകുവാനും കഴിഞ്ഞത് ഇതു കാരണമായിരുന്നു. ഞാൻ ഈ പ്രവാചകന്റെ ജീവിതത്തെക്കുറിച്ച് എഴുതപ്പെട്ട ഗ്രന്ഥത്തിന്റെ രണ്ടാം വാല്യവും വായിച്ച് തീർന്നപ്പോൾ അത് അവസാനിച്ചതിൽ കുണ്ഠിതനാകുകയുണ്ടായി. (അദ്ദേഹം വായിച്ച ഒരു നബിചരിത്ര ഗ്രന്ഥത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.)

ഇനി ലഫ്: ജനറൽ ആയിരുന്ന സർ ജോൺ ബെഗട്ട് ക്ലർക്ക് (മരണം–1986) തന്റെ പുസ്തകത്തിന്റെ അവസാനം എഴുതുന്നു: അനുവാചകർ ഈ പുസ്തകത്തെക്കുറിച്ച് എന്തുതന്നെ അഭിപ്രായം രേഖപ്പെടുത്തിയാലും ശരി മുഹമ്മദ് (സ) യുടെ ആത്മീയാനുഭവങ്ങൾ ബൈബിളിലെ പുതിയ നിയമത്തിലെയും പഴയ നിയമത്തിലെയും കഥകളുമായും ക്രിസ്തീയ മഹത്തുക്കളുടെ ആത്മീയാനുഭവങ്ങളുമായും അദ്ഭുതകരമായ വിധത്തിൽ സാദൃശ്യം വെച്ചു പുലർത്തുന്നുണ്ട് എന്നകാര്യം നിഷേധിക്കാൻ സാധ്യമല്ല. അതുപോലെതന്നെ ഹിന്ദുക്കളുടെയും മറ്റുമതവിശ്വസികളുടെയും ആചാര്യന്മാരുടെ അനേകങ്ങളായ സ്വപ്നങ്ങളും ജാഗ്രതാദർശനങ്ങളുമായും ഇവ സദൃശ്യമാകാൻ ഇടയുണ്ട്. പവിത്രപൂർണമായ ഒരു ജീവിതത്തിന്റെ തുടക്കമായിരിക്കാം ഇത്തരം അനുഭവങ്ങൾ. ഇത്തരം സംഭവങ്ങൾ വെറും സാങ്കൽപികങ്ങളായി പറഞ്ഞു തള്ളുന്നത് ഉചിതമല്ല. കാരണം അത്തരം സംഭവങ്ങളിൽ ഒരുപാട് ആളുകൾ പങ്കാളികളാണ്. ആയിരക്കണക്കിന് വർഷങ്ങളുടെ വ്യത്യാസവും ആയിരക്കണക്കിന് മൈലുകൾ ദൂരത്തിലുള്ളതുമായ പരസ്പരം കേൾക്കാൻ പോലും സാധിക്കാത്ത ഇത്തരം ആളുകളുടെ സംഭവങ്ങളിൽ സാദൃശ്യം കാണാവുന്നതാണ്. എവരെല്ലാവരും ഒരു പോലുള്ള സ്വപ്ന ദർശനങ്ങൾ കെട്ടിച്ചമച്ചതാണ് എന്ന അഭിപ്രായം ബുദ്ധിക്ക് യോജിക്കുന്നതല്ല. ഇവർ അന്യോന്യം അപരിചിതരായിരിക്കെ ഇങ്ങനെ സംഭവിക്കാവുന്നതല്ല.

പിന്നീട് ഹബ്ശയിലേക്ക് പാലായനം ചെയ്തവരെക്കുറിച്ച് എഴുതുന്നു: ഈ പട്ടികയിൽ നിന്ന് മനസ്സിലാകുന്നത് അതുവരെ ഇസ്ലാം സ്വീകരിച്ച ഏകദേശം എല്ലാവരും തന്നെ പാലായനം ചെയ്തിരുന്നു എന്നാണ്. മക്കയിലെ ക്രൂരരും അക്രമികളുമായ നാട്ടുകാരുടെ ഇടയിൽ വളരെക്കുറച്ച് അനുയായികളോടൊപ്പമാണ് റസൂൽ തിരുമേനി(സ) അന്ന് താമസിച്ചിരുന്നത്. ഈ സംഭവം വിളിച്ചോതുന്നത് ആ മഹാത്മാവ് ധീരതയുടെയും വിശ്വാസദൃഢതയുടെയും ഉന്നത നിലവാരം വെച്ചു പുലർത്തിയിരുന്നുവെന്നാണ്.

ജോൺ വില്യം റാപേട് ഹിസ്റ്ററി ഓഫ് ഇന്റലക്ചൽ ഡവലപ്മെന്റ് ഓഫ് യൂറോപ്പ് എന്ന തന്റെ ഗ്രന്ഥ

ത്തിൽ എഴുതുന്നു. ജസ്റ്റീനിയന്റെ മരണത്തിന് നാലു വർഷങ്ങൾക്കു ശേഷം ക്രിസ്താബ്ദം 569 ൽ മക്കയിൽ ഒരു വ്യക്തി ജന്മം കൊണ്ടു. മറ്റു പ്രഗല്ഭ വ്യക്തിത്വങ്ങളെക്കാളും കൂടുതൽ മനുഷ്യസമൂഹത്തെ സ്വാധീനിച്ച ആളായിരുന്നു അത്. ആ വ്യക്തി മുഹമ്മദ് (സ) ആണ്. അദ്ദേഹത്തെ ചില യൂറോപ്യർ കള്ള വാദി എന്നു പറയുന്നു. എന്നാൽ ഒരു പാട് സമുദായങ്ങളുടെ ഭാഗ്യം പുലർന്നത് അദ്ദേഹത്തിന്റെ മികവു കൊണ്ടായിരുന്നു. അദ്ദേഹം ഒരു പ്രചാരകനായ പടയാളിയും പ്രസംഗ വേദിയിൽ തികവുറ്റ ധൈഷണികനും യുദ്ധക്കളത്തിൽ ശത്രുകളുടെ അടുത്തേക്ക് ഓടി വരുന്നവനുമായിരുന്നു. അദ്ദേഹത്തിന്റെ മതത്തിന്റെ പൊരുൾ ദൈവം ഏകനാണ് എന്നതായിരുന്നു. ഈ സത്യം വിവരിക്കുന്നതിനായി അദ്ദേഹം ആശയപരമായ സംവാദത്തിന് മുതിർന്നില്ല. മറിച്ച് തന്റെ അനുയായികളെ വൃത്തി, നമസ്കാരം, വ്രതാനുഷ്ഠാനം എന്നീ കാര്യങ്ങളെക്കുറിച്ച് ഉദ്ബോധിപ്പിച്ചുകൊണ്ട് അവരുടെ സാമൂഹിക ജീവിതത്തിന്റെ അവസ്ഥ പ്രവർത്തന തലത്തിൽ ഉന്നതമാക്കി. ഈ വ്യക്തി ദാനധർമത്തിന് മറ്റെല്ലാ പ്രവർത്തനത്തെക്കാളും പ്രധാന്യം നൽകി.

പ്രസിദ്ധ ഓറിയന്റലിസ്റ്റ് വില്യം മെന്റ് ഗോമറി മുഹമ്മദ് അറ്റ് മദീന എന്ന തന്റെ ഗ്രന്ഥത്തിൽ എഴുതുന്നു. മുഹമ്മദ്(സ)യിലും ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രത്തിലും എത്രത്തോളം വിചിന്തനം ചെയ്യുന്നുവോ അത്രത്തോളം അദ്ദേഹത്തിന്റെ വിജയത്തിന്റെ വിശാലത കണ്ട് ഒരു മനുഷ്യൻ അദ്ഭുത പരതന്ത്രനായിപോകുന്നതാണ്. ആ കാലഘട്ടത്തിലെ അവസ്ഥ വളരെക്കുറച്ച്പേർക്കു മാത്രം ലഭിക്കുന്ന ഒരു അവസരമാണ് അദ്ദേഹത്തിന് ഒരുക്കിക്കൊടുത്തത്. അദ്ദേഹം അക്കാലത്തെ സമുചിതനായ വ്യക്തിയായിരുന്നു. അദ്ദേഹത്തിന് ദീർഘ വീക്ഷണവും ഭരണ പാടവവും ദൈവത്തിൽ ഭരമേൽപിക്കലും താൻ അല്ലാഹുവിനാൽ നിയോഗിതാണെന്ന ദൃഢവിശ്വാസവും ഇല്ലായിരുന്നുവെങ്കിൽ മാനവ ചരിത്രത്തിൽ ഒരു സുപ്രധാന ഏട് രചിക്കപ്പെടുമായിരുന്നില്ല. ആ മഹാത്മാവിന്റെ ജീവിതത്തെ മനസിലാക്കുവാനും വിലമതിക്കുവാനും ഈ പുസ്തകം സഹായകമാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നബി തിരുമേനി(സ)യെക്കുറിച്ച് നല്ല ധാരണ വെച്ചു പുലർത്താത്ത ഒരാളുടെ സാക്ഷ്യമാണിത്.

വിഖ്യാതനായ ക്രിസ്തീയ ചരിത്രകാരനായ റവറണ്ട് ബോസ്വർത്ത് സ്മിത്ത് എഴുതുന്നു: മതത്തിന്റെയും ഭരണ കൂടത്തിന്റെയും മാർഗദർശകൻ, ഗവർണർ എന്നനിലയിൽ പോപ്പ്, കൈസർ എന്നീ രണ്ട് വ്യക്തിത്വങ്ങളുടെ സമ്മേളിത രൂപം; ഇതായിരുന്നു ഹദ്റത്ത് മുഹമ്മദ് (സ). അദ്ദേഹം പോപ്പായിരുന്നു. എന്നാൽ പോപ്പിന്റെ പ്രകടനാത്മകതയിൽ നിന്ന് മുക്തൻ. അദ്ദേഹം കൈസറായിരുന്നു, എന്നാൽ കൈസറിന്റെ ഭൗതീക പ്രൗഢിയിൽ നിന്നും നിരാശ്രയൻ. വ്യവസ്ഥാപിത പട്ടാളമില്ലാതെ, രാജകൊട്ടാരമില്ലാതെ, കരം പിരിക്കാതെ അല്ലാവുവിന്റെ നാമത്തിൽ മാത്രം ലോകത്ത് ശാന്തി സ്ഥാപിച്ചുവെന്ന് ആർക്കെങ്കിലും അവകാശവാദം ഉന്നയിക്കുവാൻ സാധിക്കുമെങ്കിൽ അത് കേവലം ഹ: മുഹമ്മദ്(സ)ക്ക് മാത്രമാണ്. സാധനസാമഗ്രികൾ ഇല്ലാതെ തന്നെ സർവശക്തിയും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

ഇദ്ദേഹം തന്റെ മറ്റൊരു ഗ്രന്ഥമായ മുഹമ്മദ് ആന്റ് മുഹമ്മദനിസത്തിൽ എഴുതുന്നു. അദ്ദേഹത്തിന്റെ നുബുവത്തും രിസാലത്തുമാകുന്ന മിഷൻ സ്വീകരിച്ചവരിൽ പ്രഥമർ ആ മഹാത്മാവിനെ നല്ലപോലെ അറിയുന്നവരായിരുന്നു. ഉദാഹരണമായി അദ്ദേഹത്തിന്റെ ഭാര്യ, അദ്ദേഹത്തിന്റെ അടിമ, അദ്ദേഹത്തിന്റെ പിതൃസഹോദരപുത്രൻ, അദ്ദേഹത്തിന്റെ പഴയ സുഹൃത്ത് എന്നിവർ. ഇസ്‌ലാമിൽ പ്രവേശിച്ചവരിൽ ഈ ഒരു വ്യക്തിമാത്രമാണ് ഒരിക്കലും തന്നെ പുറം കാണിക്കുകയോ വിഷമം പ്രകടിപ്പിക്കുകയോ ചെയ്യാതിരുന്നതെന്ന് ഈ സുഹൃത്തിനെക്കുറിച്ച് ആ മഹാത്മാവ് ഒരിടത്ത് പരാമർശിക്കുന്നുണ്ട്. മറ്റു പ്രവാചകൻമാരെ പോലെയായിരുന്നില്ല മുഹമ്മദ്(സ). കാരണം അദ്ദേഹത്തിന്റെ മഹത്വത്തെ നിഷേധിച്ചവർ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെക്കുറിച്ച് ശരിയായ ധാരണ ഇല്ലാത്തവർ മാത്രമായിരുന്നു.

അദ്ദേഹം തുടർന്ന് എഴുതുന്നു: ഹ: മുഹമ്മദ് (സ) വിലക്കിയ ആചാരാനുഷ്ഠാനങ്ങൾ വാക്കാലായിരുന്നില്ല നിരോധിക്കപ്പെട്ടത്, മറിച്ച് സമൂഹത്തിൽ നിന്നും അവ പൂർണമായും വിപാടനം ചെയ്യപ്പെട്ടു. ഉദാഹരണമായി നരബലി, പിഞ്ചു ബാലികമാരുടെ വധം, രക്തരൂക്ഷിത കലഹങ്ങൾ, സ്ത്രീകളുമായി വിവാഹം കഴിക്കുന്നതിലുള്ള പരിമിതി ഇല്ലായ്മ, അടിമകളോടുള്ള അന്ത്യമില്ലാത്ത പീഢന മുറകൾ, മദ്യപാനം, ചൂതാട്ടം, എന്നിവ അദ്ദേഹം വിലക്കിയിരുന്നില്ലെങ്കിൽ അറേബ്യയിലും അയൽ രാജ്യങ്ങളിലും ഇന്നും ഇവ നിലനിൽക്കുമായിരുന്നു.

തുടർന്ന് എഴുതുന്നു. ഹദ്റത്ത് മുഹമ്മദ്(സ) തന്റെ ദൗത്യത്തിന്റെ സത്യതയിലും, നന്മയിലും അഗാധമായി വിശ്വസിച്ചുകൊണ്ട് ചെയ്ത കാര്യങ്ങൾ ആർക്കും തന്നെ വിശ്വാസദാർഢ്യമില്ലാതെ കണ്ട് ചെയ്യാൻ സാധ്യമല്ല. അദ്ദേഹത്തിന് തന്റെ ലക്ഷ്യത്തിലും വാദത്തിലും ദൈവനിയുക്തിയിലും അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നതുകൊണ്ടാണ് വിപ്ലവം സംജാതമായത്.

പറയുന്നു: അദ്ദേഹത്തിന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും തെളിയിക്കുന്നത് അദ്ദേഹം മന്ദഗതിയിലും വിഷമതകൾ തരണം ചെയ്തും തന്റെ ആദർശങ്ങളിലെത്തിയ സത്യസ്നേഹിയും ഉന്മേഷഭ

ശേഷം പേജ് 17 ൽ

# മനുഷ്യന്റെ പരിണാമദശകൾ
# വിശുദ്ധ ഖുർആന്റെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ

ഭൂമിയിൽ ജീവന്റെ സ്ഫുരണമുണ്ടായശേഷം വിവിധ പരിണാമ ദശകളിലൂടെ വികസിച്ച് കായിക പൂർണ്ണത കൈവന്ന മനുഷ്യൻ ദൈവിക ദൃഷ്ടാന്തങ്ങൾ കാണാനും കേൾക്കാനും ദിവ്യവെളിപാടുകൾ സ്വീകരിക്കാനും തുടങ്ങുന്ന പ്രഥമ മനുഷ്യന്റെ ഭൂമിയിലെ പ്രതിനിധിയാണ് ആദം (അ). ഈ ആത്മീയ വികാസം മുഹമ്മദ് നബി(സ)യിൽ പൂർണ്ണത പ്രാപിക്കുന്നു. മരണാന്തരം ശരീരനാശത്തിന് ശേഷവും ഓരോ മനുഷ്യന്റെയും ആത്മീയ ശരീരം പരിണാമത്തിന് വിധേയമായിരിക്കും.

താരീഖ് അലനലൂർ

നമുക്ക് ചുറ്റും വിശാലമായി പരന്നു കിടക്കുന്ന പ്രപഞ്ചത്തിലെ ഏത് കാര്യം എടുത്തു നോക്കിയാലും അവയുടെ നിലനിൽപ്പിൽ പൊതുവായി കാണാൻ കഴിയുന്ന ഒന്നാണ് അവയുടെ ഘട്ടം ഘട്ടമായുള്ള സൃഷ്ടിപ്പും വളർച്ചയും. ഈ ലോകത്ത് ഒന്നും തന്നെ ഒരു നിമിഷം കൊണ്ട് പെട്ടെന്ന് രൂപപ്പെട്ടതാണ് എന്ന് വിശുദ്ധ ഖുർആൻ പറയുന്നില്ല. "വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളിലായി സൃഷ്ടിച്ചിരിക്കുന്നു" (71:15) എന്ന വിശുദ്ധ ഖുർആനിലെ വചനത്തിനു തെളിവാണ് പ്രപഞ്ചത്തിലെ ഓരോ വസ്തുവും. പ്രപഞ്ച സൃഷ്ടിപ്പ് മുതൽ, മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ വളർച്ചവരെയുള്ള കാര്യങ്ങളെല്ലാം ഘട്ടം ഘട്ടമായി നടന്ന പ്രക്രിയ ആണെന്നാണ് ആ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത്. പ്രപഞ്ചോല്പത്തിയിൽ തുടങ്ങി, ജീവന്റെയും മനുഷ്യന്റെയും സൃഷ്ടിപ്പും, അവന്റെ ആത്മീയവും ശാരീരികവുമായ പരിണാമവും, മരണശേഷമുള്ള പുനരുത്ഥാനവും മരണാനന്തര ജീവിതവും ഉൾപ്പടെ എല്ലാം ഈ ഘട്ടം ഘട്ടമായ പ്രക്രിയയ്ക്ക് വഴിപ്പെട്ടാണ് പോവുന്നത്. എങ്ങനെയാണ് പ്രപഞ്ചത്തിന്റെ ഘട്ടം ഘട്ടമായ പരിണാമം മുന്നോട്ടു പോയതെന്നും, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എങ്ങനെ അവനിലേക്ക് തന്നെ മടങ്ങിയെത്തുന്നുവെന്നും വിശുദ്ധ ഖുർആന്റെയും ശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ മനസ്സിലാക്കാനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

### വികസിക്കുന്ന പ്രപഞ്ചം

പ്രപഞ്ചത്തിന്റെ ഉല്പത്തിയെ പറ്റി പല സിദ്ധാന്തങ്ങളും ശാസ്ത്രം മുന്നോട്ടു വെക്കുന്നു. എന്നും നിലനിൽക്കുന്ന ശാശ്വതമായ പ്രപഞ്ചം മുതൽ മഹാവിസ്ഫോടനം വഴി പല ഘട്ടങ്ങളിലായി രൂപപ്പെട്ട പ്രപഞ്ചം വരെയുള്ള ധാരാളം സിദ്ധാന്തങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. അല്ലാഹുവല്ലാതെ മറ്റൊന്നും ശാശ്വതമല്ല എന്ന വിശുദ്ധ ഖുർആൻ അധ്യാപനം മുന്നിൽ വെച്ച് നോക്കുമ്പോൾ, ശാശ്വതമായി എന്നും നിലനിൽക്കുന്ന പ്രപഞ്ചം എന്ന ആശയം നമുക്ക് പാടെ തള്ളി കളയാൻ സാധിക്കും. മഹാവിസ്ഫോടനസിദ്ധാന്തമാവട്ടെ, ലോകത്തിലെ ഒട്ടു മിക്ക ശാസ്ത്രജ്ഞരും അംഗീകരിച്ചതും ഏറ്റവും കൂടുതൽ തെളിവുകളുടെ പിൻബലവുമുള്ള ഒന്നാണ്. ഈ സിദ്ധാന്തം പറയുന്നത് പോലെത്തന്നെയാണ് പ്രപഞ്ചം രൂപം കൊണ്ടതെന്നാണ് വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കുക:

'അവിശ്വാസികൾ കാണുന്നില്ലേ? ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപിടിച്ചതായിരുന്നു. പിന്നെ നാം അവയെ വേർപെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്നും ഉണ്ടാക്കുകയും ചെയ്തു' (21:31).

എല്ലാം പരസ്പരം ഒട്ടിപിടിച്ചിരുന്ന ഒരു അവസ്ഥയിൽ നിന്ന് ഒരു മഹാവിസ്ഫോടനത്തിലൂടെ പ്ര

പഞ്ചം ഉണ്ടായിയെന്ന സിദ്ധാന്തത്തോട് പൂർണമായും വിശുദ്ധ ഖുർആൻ യോജിക്കുന്നതായി നമുക്കു കാണാം. പ്രപഞ്ചത്തിന്റെ ആരംഭദശയിലെ കുറച്ചു സമയത്തിനുള്ളിൽ തന്നെ പ്രപഞ്ചത്തെ നിയന്ത്രിക്കാനും മുന്നോട്ടുകൊണ്ടുപോവാനും ആവശ്യമായ അടിസ്ഥാനബലങ്ങൾ രൂപം കൊണ്ടു എന്നാണ് ശാസ്ത്രം പറയുന്നത്. ഗുരുത്വബലം, വൈദ്യുത കാന്തിക ബലം, 2 ന്യൂക്ലിയാർ ബലങ്ങൾ എന്നിങ്ങനെ നാല് ബലങ്ങളാണ് ഇന്ന് കാണുന്ന രീതിയിൽ പ്രപഞ്ചത്തെ നിലനിർത്തുന്നത്. ഇതുവരെ കണ്ടുപിടിക്കപ്പെടാത്ത മറ്റു അടിസ്ഥാനബലങ്ങളും പ്രപഞ്ചത്തിലുണ്ടെന്ന് ശാസ്ത്രലോകം വിശ്വസിക്കുന്നു. പ്രപഞ്ചം പിന്നീട് വികസിച്ചുവെന്നും, ആ വികസനം ഇന്നും തുടർന്ന് കൊണ്ടേയിരിക്കുന്നുവെന്നും 1920 കളിൽ എഡ്വിൻ ഹബിൾ (Edwin Hubble) എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തുകയുണ്ടായി. ഈ കണ്ടെത്തലുകളെല്ലാം വിശുദ്ധ ഖുർആനുമായി യാതൊരു വിധത്തിലും പരസ്പരവിരുദ്ധമല്ല എന്ന കാര്യം നമുക്ക് കാണാൻ സാധിക്കും. വിശുദ്ധ ഖുർആൻ പറയുന്നു:

'നാം ആകാശത്തെ വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നവനാണ്.' (51:48)

അങ്ങനെ കാലക്രമേണ ഗാലക്സികളും നക്ഷത്രങ്ങളും സൗരയൂഥങ്ങളും ഗ്രഹങ്ങളുമെല്ലാം ഉണ്ടായി. മനുഷ്യന്റെ സൃഷ്ടിപ്പിനായി അല്ലാഹു ഭൂമിയെ സൃഷ്ടിക്കുകയും അതിൽ ജീവിക്കാനുള്ള വിഭവങ്ങൾ ഒരുക്കിവെക്കുകയും ചെയ്തു. ഈ വിഭവങ്ങൾ ഒരുക്കിയതും, സങ്കീർണമായ മനുഷ്യനിലേക്കുള്ള ആദ്യ ചുവടുവെപ്പായ ഏകകോശ ജീവിയുടെ സൃഷ്ടിപ്പും പരിണാമത്തിനു വിധേയമായി സംഭവിച്ചത് തന്നെയാണ്.

## ജീവന്റെ ഉത്ഭവം

ജീവൻ ഉണ്ടാവുന്നതിന് 35 ലക്ഷം വർഷങ്ങൾക്കു മുൻപുള്ള ഭൂമിയുടെ അന്തരീക്ഷം ഓക്സിജൻ ഇല്ലാത്തതായിരുന്നു. വിനാശകരമായ റേഡിയേഷനുകളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്ന ഓസോൺ പാളി രൂപം കൊണ്ടിട്ടില്ലാത്തതിനാൽ തന്നെ വളരെ നേർത്ത അന്തരീക്ഷമാണ് അന്ന് ഭൂമിക്ക് ഉണ്ടായിരുന്നത്. അതിനാൽ തന്നെ പ്രപഞ്ചത്തിന്റെ പല ഭാഗത്തു നിന്നുമുള്ള റേഡിയേഷനുകൾ ഭൂമിയുടെ ഉപരിതലത്തിലും സമുദ്രത്തിലും പതിച്ചിരുന്നത് കൊണ്ട് വളരെ ചൂടേറിയ അവസ്ഥയാണ് ഭൂമിയിൽ നിലനിന്നിരുന്നത്. ഇന്ന് കാണുന്ന രീതിയിലുള്ള ഒരു ജൈവിക സൃഷ്ടിപ്പിനും ഭൂമി യോഗ്യമായിരുന്നില്ല. ഇങ്ങനെയുള്ള ജൈവപരിണാമത്തിന് മുൻപ് നിലനിന്നിരുന്ന ഒരു ജീവിയായിരുന്നു ജൈവപൂർവ ബാക്റ്റീരിയകൾ (Pre-biotic Bacterias). ഭക്ഷണം നമുക്ക് ഊർജം നൽകുന്നത് പോലെ ആ ബാക്റ്റീരിയകൾ ഊർജം ശേഖരിച്ചത് ചൂടിൽ നിന്നായിരുന്നു. നേർത്ത അന്തരീക്ഷമുള്ള, റേഡിയേഷന്റെ അതിപ്രസരമുള്ള ചുട്ടു പൊള്ളിയ ഭൂമി അതിന് വളരെ യോജിച്ചതായിരുന്നു.

## ജിന്ന് ഭൂമിയിലെ ജീവന്റെ ആദ്യത്തെ പ്രതിനിധി

ഈ ബാക്റ്റീരിയകളെ കുറിച്ച് 1400 വർഷങ്ങൾക്കു മുൻപേ തന്നെ വിശുദ്ധ ഖുർആൻ വിശദീകരിച്ചതായി നമുക്ക് കാണാം. ആ ഖുർആനിക വചനം ചർച്ച ചെയ്യുന്നതിന് മുൻപായി ജിന്ന് എന്ന പദത്തെ പറ്റി നാം ചർച്ച ചെയ്യേണ്ടതുണ്ട്. കാരണം, ബാക്റ്റീരിയകളെ പോലെയുള്ള സൂക്ഷ്മജീവികളെ വിശേഷിപ്പിക്കാൻ ജിന്ന് എന്ന പദമാണ് വിശുദ്ധ ഖുർആൻ പ്രയോഗിച്ചിട്ടുള്ളത്. എങ്ങനെയാണ് ജിന്ന് എന്ന പദം ഇതിനായി ഉപയോഗിക്കാൻ സാധിക്കുക എന്ന കാര്യം ആദ്യം ചർച്ച ചെയ്യേണ്ടതുണ്ട്. ജിന്ന് എന്ന പദത്തെ വിശദീകരിച്ചു കൊണ്ട് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) പറയുന്നു: 'പ്രേതരൂപത്തിലുള്ള രൂപമില്ലാത്ത ഒരു സത്വമാണ് ജിന്ന്, എന്ന സങ്കൽപം തികഞ്ഞ അന്ധവിശ്വാസമാണ്. എന്നാൽ, അറബിഭാഷയിൽ ജിന്ന് എന്ന പദത്തിന് മറഞ്ഞിരിക്കൽ, അദൃശ്യത, അകന്നിരിക്കൽ, ഒറ്റതിരിഞ്ഞിരിക്കൽ എന്നീ ലക്ഷ്യാർത്ഥങ്ങളാണുള്ളത്. ഇത് കൂടാതെ ആ പദത്തിന് കനത്ത നിഴൽ, കറുത്ത ഛായ എന്നീ അർത്ഥങ്ങളുണ്ട്. അത്കൊണ്ടാണ് ഇടതൂർന്ന വൃക്ഷങ്ങളുള്ള ആരാമമായ സ്വർഗത്തെ സൂചിപ്പിക്കാൻ ജന്നത്ത് എന്ന പദം ഉപയോഗിച്ചത്. ജിന്ന് എന്ന പദം പാമ്പിനും പറയാറുണ്ട്. സ്വാഭാവികമായും പൊതുദൃഷ്ടിയിൽ നിന്നും മറഞ്ഞിരിക്കുന്നത് കൊണ്ടും മറ്റു മൃഗങ്ങളിൽ നിന്നും അകന്നുമാറി പാറയുടെ പൊതിനകത്തോ മണ്ണിലെ മാളത്തിനകത്തോ കഴിയുന്നത് കൊണ്ടുമാണ് അങ്ങനെ വിളിക്കുന്നത്. സാധാരണ ദൃഷ്ടിക്ക് അപ്പുറത്തുള്ളതും നഗ്നദൃഷ്ടിക്ക് കാണാൻ കഴിയാത്തതുമായ എല്ലാത്തിനെയും ഈ വാക്കുകൊണ്ട് വിശേഷിപ്പിക്കാവുന്നതാണ്'- (വെളിപാട് യുക്തി ജ്ഞാനം സത്യം.)

ഈ പദം നഗ്ന നേത്രങ്ങളാൽ കാണാൻ സാധിക്കാത്ത ബാക്റ്റീരിയകൾക്കും ഉപയോഗിക്കാമെന്ന് പ്രവാചക വചനങ്ങളിൽ നിന്നും വ്യക്തമാണ്. നിങ്ങൾ ചാണകത്തിന്റെ കട്ട കൊണ്ടോ, ചത്ത മൃഗങ്ങളുടെ എല്ലു കൊണ്ടോ ശൗച്യം ചെയ്യരുതെന്നും അവ ജിന്നിന്റെ ഭക്ഷണമാണെന്നും റസൂൽ തിരുമേനി വ്യക്തമാക്കിയതായി സ്വഹീഹ് ബുഖാരിയിൽ അബൂ ഹുറൈറ (റ) നിവേദനം ചെയ്തിരിക്കുന്നു. ഈ ഹദീസിൽ നബി (സ) ജിന്ന് എന്ന പദം ഉപയോഗിച്ചത് ചാണകത്തിലും എല്ലിലും കാണുന്ന സൂഷ്മ ജീവികളെ വിശേഷിപ്പിക്കാൻ ആണെന്ന കാര്യം നിസംശയം നമുക്ക് പറയാൻ സാധിക്കും. കാരണം, ചാണകത്തിനെയും എല്ലിനെയും ഭക്ഷണമാക്കുന്നത് അവയിൽ ജീവിക്കുന്ന സൂഷ്മാണുക്കൾ തന്നെയാണ്.

ഇനി വിശുദ്ധ ഖുർആനിലെ വചനത്തിലേക്ക് നമുക്ക് വരാം. മിന്നലിന്റെയും അൾട്രാവയലറ്റ് റേഡിയേഷന്റെയും ചൂടിൽ നിന്ന് ഊർജം സ്വീകരിച്ചായിരിക്കാം ജൈവപൂർവ്വ

ബാക്ടീരിയകൾ ജീവിച്ചത് എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ റിച്ചാർഡ് ഡിക്കേഴ്സെന്റയും (Richard Dickerson) മറ്റു അനവധി ശാസ്ത്രജ്ഞരുടെയും വാദങ്ങളോട് തെല്ലു വൈരുധ്യം കാണിക്കാതെ വിശുദ്ധ ഖുർആൻ പരാമർശിച്ചത് നമുക്ക് നോക്കാം. സൂറ അൽഹിജ്റിലെ 28 ആം വചനത്തിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

ഇതിനു മുൻപ് (അതായത് മനുഷ്യ സൃഷ്ടിപ്പിന് മുൻപ്) ചുടുകാറ്റിന്റെ അഗ്നിയിൽ നിന്നും നാം ജിന്നിനെയും സൃഷ്ടിച്ചു.

മനുഷ്യ സൃഷ്ടിപ്പിന് മുൻപ്, ചൂടിൽ സൃഷ്ടിക്കപ്പെട്ട, ചൂടിൽ നിന്നും ഊർജം ശേഖരിച്ചു ജീവിച്ച ജിന്ന് എന്ന ദൈവത്തിന്റെ സൃഷ്ടി, മുൻപ് പരാമർശിക്കപ്പെട്ട അതെ ജൈവ പൂർവ്വ ബാക്ടീരിയ തന്നെയാണ് എന്നത് മേൽവചനത്തിൽ നിന്നും സുവ്യക്തമാണ്.

ലക്ഷക്കണക്കിന് വർഷങ്ങൾക്കു ശേഷം ഭൂമി ഘട്ടം ഘട്ടമായി തണുക്കുകയും ഓക്സിജൻ സമ്പന്നമാവുകയും ചെയ്തു. ജൈവപൂർവ ബാക്റ്റീരിയകളുടെ കാലത്തിനു ശേഷമുള്ള, ജീവന്റെ സൃഷ്ടിപ്പിനും ജൈവീക പരിണാമത്തിനുമുള്ള ദൈവീക പദ്ധതി നടപ്പിലാക്കാനുള്ള സമയം ആഗതമായി കഴിഞ്ഞിരുന്നു. എന്നാൽ, ഭൂമിയിൽ ജീവൻ ഉണ്ടാവുന്നതിന് മുൻപേ തന്നെ ജീവനാവശ്യമായ വസ്തുക്കൾ ഉണ്ടാവേണ്ടത് അനിവാര്യമായിരുന്നു. കോൺക്രീറ്റ് ഉണ്ടാക്കുന്നതിനു മുൻപേ അതിനായുള്ള കമ്പിയും കല്ലും ഉണ്ടാക്കേണ്ടതുണ്ട് എന്നത് പോലെ തന്നെയാണ് ജീവന് മുൻപ് ജീവൻ ഉണ്ടാക്കാനുള്ള വസ്തുക്കൾ ഉണ്ടാക്കണമെന്ന് പറയുന്നതും. ഇങ്ങനെ, ജീവൻ ഉണ്ടാക്കാൻ ആവശ്യമായ വസ്തുക്കളെ ജൈവവസ്തുക്കൾ (Organic Materials) എന്ന് വിശേഷിപ്പിക്കുന്നു. എന്നാൽ, എല്ലാ ജൈവ വസ്തുക്കളും ജീവികളാണ് ഉല്പാദിപ്പിക്കുന്നത്. അപ്പോൾ പിന്നെ ജീവൻ രൂപപ്പെട്ടിട്ടില്ലാത്ത ആ കാലത്തു ജീവന്റെ സൃഷ്ടിപ്പിന് നേരിട്ട് സംഭാവനകൾ നൽകാത്ത അജൈവ വസ്തുക്കളിൽ നിന്ന് മാത്രമേ ജൈവ വസ്തുക്കൾ ഉല്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ തന്നെ, ജീവന്റെ ഉല്പത്തിയെ പറ്റി സംസാരിക്കുമ്പോൾ ആദ്യം സംസാരിക്കേണ്ടത് അജൈവ വസ്തുക്കളിൽ നിന്നും ജൈവ വസ്തുക്കൾ എങ്ങനെ ഉണ്ടായി എന്നതാണ്.

## ജീവന്റെ ഉത്ഭവം: കളിമണ്ണിന്റെ പ്രാധാന്യം

ഈ പ്രവർത്തനം സമുദ്രത്തിൽ നിന്ന് മാത്രമേ സാധ്യമാവൂ എന്നാണ് ശാസ്ത്രജ്ഞരുടെ അഭിപ്രായം. എന്നാൽ, സമുദ്രത്തിൽ വെച്ച് രൂപപ്പെട്ട ഈ ജൈവപദാർത്ഥങ്ങൾ നശിച്ചു പോവാതിരിക്കണമെങ്കിൽ അവയെ നനവില്ലാത്ത ഒരു പ്രതലത്തിലേക്ക് മാറ്റേണ്ടത് അനിവാര്യമാണ്. ജലത്തിൽ വെച്ചുണ്ടായ ഈ പദാർത്ഥങ്ങൾ എങ്ങനെ പൊടുന്നനെ ജലവിമുക്തമാക്കാൻ സാധിക്കും എന്ന ചോദ്യമാണ് ശാസ്ത്രജ്ഞരെ കുഴക്കിയത്. സമുദ്രത്തിൽ വെച്ചു ജൈവ വസ്തുക്കൾ രൂപം കൊണ്ട സമയത്തു തന്നെ പെട്ടെന്ന് പാറയിലേക്കോ, വരണ്ട ചെളിയിലേക്കോ, കടൽ തീരത്തിലേക്കോ തൂവിയിട്ടുണ്ടാകാം എന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്. ഈ ജൈവ വസ്തുക്കളുടെ സംയോജന പ്രക്രിയ വഴിയാണ് അവസാനം പ്രോട്ടീൻ ഉണ്ടാകുന്നത്. പ്രോട്ടീനിൽ നിന്ന് DNA യും, DNA കൂടിച്ചേർന്നു കോശങ്ങളും, കോശങ്ങൾ കൂടിച്ചേർന്നു അവയവങ്ങളും, അവയവങ്ങൾ കൂടിച്ചേർന്നു ജീവിയും രൂപപ്പെടുന്നു. എന്നിരുന്നാലും, ഇതിന്റെയെല്ലാം ആദ്യ ഘട്ടത്തിലുള്ള ജൈവ പദാർത്ഥങ്ങളുടെ സൃഷ്ടിപ്പ് വെറുതെ ആവാതിരിക്കാൻ അവയെ വെള്ളമില്ലാത്ത പ്രതലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. മാത്രമല്ല, ഈ വെള്ളമില്ലാത്ത പ്രതലത്തിൽ നിന്നും മാത്രമേ കൂടുതൽ സങ്കീർണമായ ജൈവ പദാർത്ഥങ്ങൾ സൃഷ്ടിക്കാനും സാധിക്കൂ.

ഇതിനു പറ്റിയ പ്രതലം കളിമണ്ണാണെന്നാണ് ഈ പ്രശ്നം കൈകാര്യം ചെയ്ത എല്ലാ സിദ്ധാന്തങ്ങളും പറയുന്നത്. കളിമണ്ണിന്റെയും ചെളിമണ്ണിന്റെയും അധിശോഷണം ജൈവ തന്മാത്രകൾ കൂടി ചേരാനുള്ള ശക്തമായ മാധ്യമങ്ങളാണ് എന്നാണ് ജോൺ ബെർണെൽ (John Bernal) എന്ന ശാസ്ത്രജ്ഞൻ തന്റെ ഒരു ഗ്രന്ഥത്തിൽ (Physical Basis of Life) പറയുന്നത്. ഇന്നും ഇതേ വിശ്വാസമാണ് ശാസ്ത്രജ്ഞർ പുലർത്തുന്നത്. അങ്ങനെ ജലത്തിൽ നിന്നും തുടങ്ങി, കളിമണ്ണിന്റെ ഉണങ്ങിവരണ്ട ഒരു ഇടക്കാലത്തിലൂടെ സഞ്ചരിച്ചു രൂപം കൊണ്ട ജീവനെയാണ് ശാസ്ത്രജ്ഞർ നമുക്ക് പരിചയപ്പെടുത്തുന്നത്.

വിശുദ്ധ ഖുർആനുമായി നൂറു ശതമാനം യോജിച്ച വിശദീകരണമാണ് ശാസ്ത്രം നൽകിയിരിക്കുന്നത്. വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു:

**'ജലത്തിൽ നിന്ന് നാം എല്ലാ ജീവനുള്ള വസ്തുക്കളെയും സൃഷ്ടിച്ചു'** (21:31)

മറ്റൊരു വചനത്തിൽ പറയുന്നു:

**'കളിമൺ പാത്രങ്ങളുടെ കഷ്ണം പോലെയുള്ള ഉണങ്ങി വരണ്ടതും മുട്ടിയാൽ മുഴങ്ങുന്നതുമായ കളിമണ്ണിൽ നിന്ന് അവൻ മനുഷ്യനെ സൃഷ്ടിച്ചു'** (15:27).

ഇത്തരത്തിൽ രൂപം കൊണ്ട പ്രാഥമിക ജീവ രൂപം പരിണാമത്തിന്റെ തോളിലേറി ഇന്ന് കാണുന്ന സങ്കീർണതകളിലേക്ക് പതിയെ നടന്നടുത്തു എന്ന് ശാസ്ത്രം പറയുന്നു. ഇതിനായി അവർ കൂട്ടുപിടിക്കുന്നത് ഡാർവിനെയാണ്. പരിണാമം വഴി തന്നെയാണ് ഇത് സാധ്യമായതെന്ന് പറയുമ്പോഴും ഡാർവിൻ മുന്നോട്ടു വെച്ച സിദ്ധാന്തത്തോട് പൂർണമായി യോജിക്കാൻ വിശുദ്ധ ഖുർആൻ തയ്യാറാവുന്നില്ല. അതിനാൽ തന്നെ, ഡാർവിന്റെ പരിണാമസിദ്ധാന്തവും, ഇസ്ലാം മുന്നോട്ടു വെക്കുന്ന പരിണാമവും ചർച്ച ചെയ്യേണ്ടത് അത്യാവശ്യമാണ്.

## ഖുർആന്റെ പരിണാമവും ഡാർവ്വിന്റെ പരിണാമവും

ദൈവത്തിന്റെ മാർഗദർശനവും പദ്ധതിയും പിന്തുടർന്ന് കൊണ്ട് നടക്കുന്ന ജീവന്റെ പരിണാമത്തെയാണ് വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നത്. എന്നാൽ പരിണാമത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് വെറും ആകസ്മികത മാത്രം ആണെന്നാണ് ഡാർവിന്റെ പക്ഷം. അതായത്, ദൈവത്തിന്റെ സഹായമില്ലാതെ അബദ്ധത്തിൽ നടന്നു പോയ ലക്ഷക്കണക്കിന് പ്രക്രിയകൾ വഴി ലളിതമായ ജീവനിൽ നിന്നും സങ്കീർണനായ മനുഷ്യൻ പരിണമിച്ചുണ്ടായി എന്നാണ് ഡാർവിന്റെ വാദം.

പ്രകൃതി നിർധാരണം (Natural Selection) ആണ് ഈ അബദ്ധത്തിലുള്ള പരിണാമത്തിന്റെ ചുക്കാൻ പിടിച്ചതത്രെ. ഓരോ കാലഘട്ടത്തെയും അവസ്ഥകൾക്കനുസരിച്ചു ഏതെല്ലാം ജീവികൾ തുടർന്ന് ജീവിക്കണമെന്നും ഏതെല്ലാം നശിച്ചു പോകണമെന്നും പ്രകൃതി തീരുമാനിക്കുമെന്നാണ് ഈ സിദ്ധാന്തം പറയുന്നത്. പ്രകൃതി നിർധാരണത്തെ മനസിലാക്കാൻ ആത്തിഫ് മുനവർ മീർ സാഹിബ് തന്റെ ലേഖനത്തിൽ (Quranic Concept of Evolution) ഒരു മനോഹരമായ ഉദാഹരണം മുന്നോട്ടു വെക്കുന്നു. ശത്രുവിന്റെ ആക്രമണത്തിൽ നിന്ന് രക്ഷപെടാൻ പച്ച ഇലകൾക്ക് ഇടയിൽ മറഞ്ഞിരിക്കാൻ കഴിവുള്ള പച്ച ചിത്രശലഭത്തെ സങ്കൽപ്പിക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നു. അടുത്തുള്ള കൽക്കരി ഫാക്ടറികളിൽ നിന്നുള്ള കറുത്ത പുക കാരണം മരത്തിന്റെ ഇലകളെല്ലാം കറുത്ത് പോയി. അപ്പോൾ പച്ച ചിത്ര ശലഭങ്ങൾക്ക് മറഞ്ഞിരിക്കാൻ പറ്റാതായി. അങ്ങനെയിരിക്കെ, പെട്ടെന്ന് ഒരു ദിവസം ഒരു പച്ച ചിത്രശലഭം ഒരു കറുത്ത ചിത്രശലഭത്തിനു ജന്മം നൽകി. അതിന് അനായാസമായി കറുത്ത ഇലകൾക്കിടയിൽ മറഞ്ഞിരിക്കാൻ സാധിച്ചു. പച്ച ശലഭങ്ങളെ എല്ലാം ശത്രു വേട്ടയാടിയപ്പോൾ കറുത്ത ശലഭങ്ങൾ രക്ഷപ്പെടുകയും അതിജീവിക്കുകയും ചെയ്തു. അങ്ങനെ, അതിജീവനം ആവശ്യമുള്ള അതെ സമയത്ത് യാദൃശ്ചികമായി അബദ്ധത്തിൽ ഒരു കറുത്ത ശലഭകുഞ്ഞു ജനിക്കുന്നതും പച്ച ശലഭങ്ങൾക്കെല്ലാം വംശനാശം സംഭവിച്ചു ഇല്ലാതാകുകയും ചെയ്യുന്ന അവിശ്വസനീയമായ പ്രക്രിയയെ ആണ് പ്രകൃതി നിർധാരണം എന്ന് പറയുന്നത്.

യാതൊരു നിയന്ത്രണവുമില്ലാതെ നടന്ന ഇത്തരം കോടാനുകോടി അബദ്ധത്തിലുള്ള മാറ്റങ്ങളുടെ ഫലമായാണ് ഒടുവിൽ സങ്കീർണനായ മനുഷ്യൻ രൂപം കൊണ്ടത് എന്ന ആശയം എങ്ങനെ വിശ്വസിക്കാൻ സാധിക്കും? ഫ്രെഡ് ഹോയിൽ (Fred Hoyle) എന്ന ശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ അബദ്ധത്തിൽ യാതൊരു ദൈവീക മാർഗദർശനവും ഇല്ലാതെ ഈ പ്രക്രിയയിലൂടെ മനുഷ്യൻ രൂപപ്പെടാനുള്ള സാധ്യത വളരെ ചെറുതാണ്. ഒരു ആക്രിക്കടയിലേക്ക് ആഞ്ഞടിച്ച ചുഴലിക്കാറ്റ് അവിടെയുള്ള പാഴ് വസ്തുക്കളെയെല്ലാം അബദ്ധത്തിൽ ഒരുമിച്ചു കൂട്ടി ഒരു വിമാനം ഉണ്ടാകാനുള്ള സാധ്യത എത്ര ഉണ്ടോ, അത്രമാത്രമേ പ്രകൃതിനിർദ്ധാരണം വഴി മനുഷ്യൻ രൂപം കൊള്ളാനുള്ള സാധ്യതയുള്ളൂ എന്നാണ് അദ്ദേഹത്തിന്റെ പക്ഷം.

അബദ്ധത്തിൽ ആകസ്മികമായി ഒരു ചെറിയ പ്രോട്ടീൻ തന്മാത്ര രൂപം കൊള്ളണമെങ്കിൽ പോലും പ്രപഞ്ചത്തിന്റെ പ്രായത്തിന്റെ 235 മടങ്ങ് വർഷം വേണ്ടിവരുമെന്നാണ് ഫ്രാങ്ക് അലൻ (Frank Allen) എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തിയത്. അപ്പോൾ പിന്നെ പ്രകൃതി നിർധാരണത്തിലൂടെ സങ്കീർണമായ മനുഷ്യശരീരം രൂപമെടുക്കാൻ എത്ര നാൾ കാത്തിരിക്കേണ്ടി വരും?

പരിണാമത്തിലൂടെ തന്നെയാണ് ജീവൻ അതിന്റെ സങ്കീർണതയിലേക്ക് വളർന്നത് എന്ന് തന്നെയാണ് വിശുദ്ധ ഖുർആനും നമ്മെ പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ അനുസരിച്ചു കോശങ്ങളുടെ ഈ അവിശ്വസനീയമായ പരിണാമത്തിനു ഒരു സ്രഷ്ടാവിന്റെ ആവശ്യമുണ്ട്. ഒരു മാർഗദർശി ഇല്ലാതിരുന്നുവെങ്കിൽ ഒരു പക്ഷെ ഈ കോശങ്ങൾ വിഘടിച്ചു പോവുകയോ നശിച്ചു പോവുകയോ ചെയ്തേക്കാം.

ജലത്തിൽ നിന്നും മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണിൽ നിന്നും തുടങ്ങി ഘട്ടം ഘട്ടമായി അല്ലാഹു ജീവജാലങ്ങളുടെ വളർച്ച നിയന്ത്രിച്ചു എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. പരിണാമത്തിന്റെ ഓരോ ഘട്ടത്തിലും ജീവന് പല വഴികൾ തിരഞ്ഞെടുക്കാമായിരുന്നു. എന്നാൽ, പരിണാമത്തിനൊടുവിൽ മനുഷ്യൻ എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഓരോ ഘട്ടങ്ങളിലും ഏത് വഴി തിരഞ്ഞെടുക്കണമെന്ന് പറഞ്ഞു കൊടുക്കാൻ ഒരു ശക്തി ഇല്ലായെന്ന് പറയുന്നത് മൂഢത്തരമാണ്. കെന്നെത്ത് മില്ലർ (Kenenth Miller) എന്ന ശാസ്ത്രജ്ഞന്റെ വാക്കുകൾ വളരെ പ്രസക്തമാണ്. അദ്ദേഹം പറയുന്നു: 'മനുഷ്യപരിണാമത്തിന്റെ കാസറ്റ് ഒരു തവണ കൂടി ആദ്യം മുതൽ ഓടിച്ചു നോക്കിയാൽ, നാം അവസാനം മനുഷ്യനെ പ്രതീക്ഷിക്കേണ്ടതില്ല. ആ കാസ്സറ്റ് ലക്ഷക്കണക്കിന് തവണ ഓടിച്ചാലും വീണ്ടും മനുഷ്യൻ ഉണ്ടാകാനുള്ള സാധ്യത തീരെയില്ല എന്ന് തന്നെ പറയേണ്ടി വരും.'

ആര് നശിക്കണമെന്നും ആരൊക്കെ അതിജീവിക്കണമെന്നും തീരുമാനിക്കാനുള്ള അവകാശം അല്ലാഹുവിന് മാത്രമാണ് എന്ന വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. സൂറ അൽഖസസിൽ അല്ലാഹു പ്രഖ്യാപിക്കുന്നത് നോക്കുക:

**'നിന്റെ നാഥൻ താൻ ഇച്ഛിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർ മനുഷ്യർക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ല. അല്ലാഹു പരിശുദ്ധനും അവർ പങ്കുചേർക്കുന്നതിൽ നിന്ന് അത്യുന്നതനുമാകുന്നു.'**

### ആദം ആദ്യമനുഷ്യനോ?

ഈ വിഷയം സംസാരി

ക്കുമ്പോൾ, മനുഷ്യന്റെ സൃഷ്ടിപ്പ് എങ്ങനെയുണ്ടായി എന്നും ആദ്യത്തെ മനുഷ്യൻ ആരാണെന്നുമുള്ള ചർച്ച ഇതിനോടൊപ്പം കൊണ്ടുപോവേണ്ടതായുണ്ട്. അതിനാൽ തന്നെ, ഹസ്റത്ത് ആദം നബി (അ) യുമായി ബന്ധപെട്ടു നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ നീക്കികൊണ്ട് മാത്രമേ നമുക്ക് മുന്നോട്ടു പോവാൻ സാധിക്കൂ. ഭൂമിയിലെ ആദ്യത്തെ മനുഷ്യൻ ആദം ആണെന്ന വികലമായ വിശ്വാസമാണ് ക്രൈസ്തവരും മുഖ്യധാരാ മുസ്‌ലിങ്ങളും വെച്ച് പുലർത്തുന്നത്. എന്നാൽ, അദ്ദേഹം ആദ്യത്തെ പ്രവാചകൻ മാത്രമാണ് എന്നാണ് വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. അദ്ദേഹത്തിന് മുൻപും മനുഷ്യർ ഭൂമിയിൽ ജീവിച്ചു പോന്നിരുന്നു എന്നതിന് വിശുദ്ധ ഖുർആനിലും ശാസ്ത്രത്തിലും ഒരുപോലെ തെളിവുകൾ കാണാൻ സാധിക്കും. ആദം ഭൂമിയിൽ അവതരിച്ചത് കൃത്യം 6000 വർഷങ്ങൾക്ക് മുൻപ് മാത്രമാണ്. എന്നാൽ, ഇന്ന് കാണുന്ന രൂപത്തിലുള്ള മനുഷ്യൻ (Homo Sapiens) രണ്ടു മുതൽ നാല് ലക്ഷം വർഷങ്ങൾക്കു മുൻപേ രൂപം കൊണ്ടിട്ടുണ്ട് എന്നതിന് ശാസ്ത്രീയമായ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ആദം ആദ്യത്തെ മനുഷ്യനാണെന്ന വാദം അംഗീകരിക്കുകയാണെങ്കിൽ വിശുദ്ധ ഖുർആനും ശാസ്ത്രവും പരസ്പര വിരുദ്ധങ്ങളാണെന്ന് സമ്മതിക്കേണ്ടി വരും. എന്നാൽ അങ്ങനെയല്ല. വിശുദ്ധ ഖുർആൻ പറയുന്നത് നോക്കൂ:

**'ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ (അതായത് ആദമിനെ പ്രവാചകനായി) നിശ്ചയിക്കാൻ പോകയാണെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം നോക്കുക: അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ നീ അവിടെ നിശ്ചയിക്കുകയാണോ?'** (2:31).

ആദമിനെ അല്ലാഹു പ്രവാചകനായി നിയോഗിക്കുമ്പോൾ തന്നെ കുഴപ്പമുണ്ടാക്കുന്ന, രക്തം ചിന്തുന്ന മനുഷ്യർ ഭൂമുഖത്തുണ്ടായിരുന്നു എന്നതിനുള്ള തെളിവാണ് അല്ലാഹുവും മലക്കുകളും തമ്മിലുള്ള ഈ സംഭാഷണം.

കുരങ്ങിൽ നിന്നും മനുഷ്യൻ ഉണ്ടായി എന്ന ആശയത്തെ വിശുദ്ധ ഖുർആൻ പിന്തുണക്കുന്നില്ലെങ്കിലും, ഒരു ഏകകോശ ജീവിയിൽ നിന്ന് ലക്ഷക്കണക്കിന് വർഷങ്ങളുടെ പരിണാമ ഫലമായാണ് മനുഷ്യൻ ഉണ്ടായി തീർന്നത് എന്ന സിദ്ധാന്തത്തെ വിശുദ്ധ ഖുർആൻ അംഗീകരിക്കുന്നു. ഇങ്ങനെ രൂപം കൊണ്ട മനുഷ്യന്റെ ബുദ്ധി വർഷങ്ങളോളം പരിണാമം സംഭവിക്കുകയും അല്ലാഹുവിന്റെ ദിവ്യമായ വെളിപാട് സ്വീകരിക്കാൻ പ്രാപ്തമായി തീരുകയും ചെയ്ത സമയത്താണ് അല്ലാഹു ആദമിനെ പ്രവാചകനായി എഴുന്നേല്പിക്കുന്നത്. അതിനു ശേഷം വന്ന ഓരോ പ്രവാചകരും മനുഷ്യന്റെ ധാർമിക മൂല്യങ്ങളെ പടി പടിയായി ഉയർത്തി കൊണ്ടുവരികയുണ്ടായി. ഒടുവിൽ ഹസ്റത്ത് മുഹമ്മദ് മുസ്തഫ (സ) അവതരിക്കുകയും, മനുഷ്യന് എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും ഉന്നതമായ ധാർമികാവസ്ഥയെ നമുക്ക് കാണിച്ചു തരികയും അതിനുള്ള മാർഗ്ഗനിർദ്ദേശം എന്നോണം വിശുദ്ധ ഖുർആൻ നമുക്ക് സമ്മാനിക്കുകയും ചെയ്തു.

ഈ ധാർമിക വിപ്ലവത്തിന്റെയും ആത്മീയ പരിവർത്തനത്തിന്റെയും ഘട്ടങ്ങളെ പറ്റിയും വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നുണ്ട്. നഫ്സെ അമ്മാറ, നഫ്സെ ലവ്വാമ, നഫ്സെ മുത്മയിന്ന എന്നിങ്ങനെ മനുഷ്യാത്മാവിന്റെ മൂന്ന് അവസ്ഥകൾക്കിടയിലുള്ള പരിണാമത്തെ പറ്റിയാണ് വിശുദ്ധ ഖുർആൻ സംസാരിക്കുന്നത്. മൃഗതുല്യമായ ആത്മാവിൽ നിന്നും റബ്ബിനെ മാത്രം തേടുന്ന അവസ്ഥയിലേക്കുള്ള ഈ പരിണാമത്തെ ഹസ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഇസ്‌ലാം മത തത്ത്വജ്ഞാനം എന്ന ഗ്രന്ഥത്തിൽ വിശദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്.

ഇങ്ങനെ മനുഷ്യനെത്തിച്ചേരാവുന്ന ഏറ്റവും ഉന്നതമായ അവസ്ഥയെ പരിചയപ്പെടുത്തിക്കൊണ്ട് ചർച്ച അവസാനിപ്പിക്കാൻ വിശുദ്ധ ഖുർആൻ തയ്യാറാവുന്നില്ല. ആ മഹത് ഗ്രന്ഥം പിന്നെയും ഒരുപാട് ദൂരം സഞ്ചരിക്കുന്നു. ആധുനിക ശാസ്ത്രം പോലും ഇന്നും ചർച്ച ചെയ്യാൻ മുതിരാത്ത വിഷയങ്ങളാണിവ എന്നത് ശ്രദ്ധേയമാണ്.

അന്ത്യനാളിനേപ്പറ്റിയും മരണാനന്തര ജീവിതത്തെപ്പറ്റിയും ഒരുവിധം എല്ലാ മതങ്ങളും ചർച്ച ചെയ്യുന്നുണ്ടെങ്കിലും, അന്ത്യനാളിനു മുൻപോ ശേഷമോ ഭൂമിയിൽ ആവിർഭവിക്കുന്ന ജീവിരൂപങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ മറ്റു മതഗ്രന്ഥങ്ങളൊന്നും തന്നെ തയ്യാറായിട്ടില്ല.

പ്രപഞ്ച പരിണാമത്തിലെ മറ്റൊരു ഘട്ടമാണ് ഖിയാമത്ത്. 'അൽഖിയാമ' എന്ന പദമാണ് വിശുദ്ധ ഖുർആൻ അന്ത്യനാളിനെ വിശേഷിപ്പിക്കാനായി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഖിയാമത്ത് എന്നാൽ പ്രപഞ്ചത്തിന്റെ മുഴുവൻ അന്ത്യമല്ല. ഒരു പക്ഷെ ഭൂമിയും അതിലെ ജീവജാലങ്ങളും മുഴുവനായും തുടച്ചു നീക്കപ്പെട്ടേക്കാം. എന്നാൽ, അത് പ്രപഞ്ചത്തിന്റെ അവസാനമെന്ന് പറയാൻ കഴിയില്ല എന്ന് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) വ്യക്തമാക്കുന്നു. എന്നാൽ ഖിയാമത്തിനു ശേഷം, ഭൂഗോളത്തു നിന്നും എല്ലാ ജീവജാലങ്ങളും തുടച്ചു നീക്കപ്പെട്ടതിനു ശേഷവും ഭൂമിയിൽ ജീവൻ ആവിർഭവിക്കുമെന്ന് അല്ലാഹു പറയുന്നു. സൂറ? ഇബ്രാഹിമിൽ പറയുന്നു:

**"അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും നീതിയുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നത് നീ കാണുന്നില്ലേ? അവനുദ്ദേശിക്കുന്നതായാൽ നിങ്ങളെ അവൻ നശിപ്പിക്കുകയും തൽസ്ഥാനത്തു ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹുവിനു അത് പ്രയാസമുള്ള കാര്യമല്ല."**

ഈ ആയത്തിനു തഫ്സീർ നൽകിക്കൊണ്ട് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) പറയുന്നു: 'ഇവിടെ ഖുർആൻ വളരെ ഉന്നത രൂപത്തിലുള്ള ഒരു സൃഷ്ടി

യുടെ വികാസ സാധ്യതയെ കുറിച്ചാണ് സംസാരിക്കുന്നത്. ആ സൃഷ്ടിക്ക് ഉന്നതമായ സംവേദനേന്ദ്രിയങ്ങളുണ്ടാകാം. നമ്മുടെ അഞ്ചു ഇന്ദ്രിയങ്ങളെ കൂടാതെ മറ്റു ഇന്ദ്രിയങ്ങളുണ്ടാകാം. അതോടൊപ്പം തന്നെ ഇത് തീർച്ചയായും സംഭവിക്കുമെന്ന് ഖുർആൻ പറയുന്നില്ല.

## നിലക്കാത്ത ആത്മീയ പരിണാമം

എന്നാൽ, ദൈവത്തിന് തന്റെ സൃഷ്ടി പദ്ധതിയിൽ അത്തരമൊരു മാറ്റം കൊണ്ടുവരാൻ കഴിയുമെന്ന കാര്യം ഉറപ്പിച്ചു പറയുകയാണ് ചെയ്യുന്നത്'.

ഖിയാമത്തിനു ശേഷം ഭൂമിയിലെ എല്ലാ മനുഷ്യരും മറ്റൊരു ലോകത്ത് വീണ്ടും ഉയിർത്തെഴുന്നേല്പിക്കപ്പെടും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഒരു മനുഷ്യന്റെ ശാരീരിക പരിണാമവും വളർച്ചയും അവന്റെ മരണത്തോടെ അവസാനിക്കുമെങ്കിലും, അവന്റെ ആത്മീയ പരിണാമം എന്നെന്നേക്കുമായി നടക്കുന്ന ഒന്നാണ്. മരണാനന്തര ജീവിതത്തിലേക്കും അത് നീണ്ടു നിൽക്കുന്നു. പൊതുമുസ്‌ലിങ്ങളെല്ലാം ഏറ്റവും വലിയ രീതിയിൽ തന്നെ തെറ്റിദ്ധാരണ വെച്ച് പുലർത്തുന്ന ഒന്നാണ് മരണാനന്തര ജീവിതം. അവരെല്ലാം തന്നെ വിശുദ്ധ ഖുർആനിലെ സ്വർഗ്ഗനരഗങ്ങളെ അതിന്റെ ബാഹ്യാർത്ഥത്തിൽ എടുക്കുന്നത് തന്നെയാണ് പ്രശ്നം. ഭൂമിയിലേതു പോലെയുള്ള ജഡികമായ ജീവിതമാണ് അവിടെയെന്ന് അവർ തെറ്റിദ്ധരിക്കുന്നു.

അവരുടെ കാഴ്ചപ്പാടിൽ സ്വർഗം നിഴൽ വീണു കിടക്കുന്ന വലിയൊരു ആരാമമാണ്. അതിലൂടെ ഒഴുകുന്നതാകട്ടെ തേനിന്റെയും പാലിന്റെയും മദ്യത്തിന്റെയും പുഴകൾ. താൻ ആഗ്രഹിക്കുന്ന ഏത് തരം ഭക്ഷണവും ലഭിക്കാൻ അവനു ഒന്ന് ചിന്തിച്ചാൽ മാത്രം മതി. നന്മയുള്ള പുരുഷന്മാർക്കാകട്ടെ, അസംഖ്യം സുന്ദരികളായ സ്ത്രീകളെ ജീവിത പങ്കാളിയായി ലഭിക്കുന്നു. ആഘോഷത്തിന്റെ ഒരു പറുദീസ തന്നെയാണ് അവരുടെ സ്വർഗം. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) പറയുന്നു: "ഒരു പണിയും ചെയ്യാതെ, ഊർജം പാഴാക്കാതെ, കുടിച്ചും തിന്നും ജീവിക്കുന്ന ഒരു പരിപൂർണ ജീവിതമാണത്രെ അവർ നയിക്കുന്നത്.. അങ്ങനെയുള്ള ജീവിതം പരിപൂർണമാണോ എന്നത് മറ്റൊരു വിഷയം. ഇത്രയൊക്കെ മദ്യവും ഭക്ഷണവും കഴിച്ചാലും അവർക്ക് വിഷബാധയോ മറ്റു രോഗങ്ങളോ ഒന്നും തന്നെ പിടിപെടുകയില്ല. അങ്ങനെ അവർ പട്ടുമെത്തയിൽ കിടന്നു കൊണ്ട് അവരുടെ പരലോകജീവിതം ജീവിച്ചു തീർക്കുന്നു."

എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ കാഴ്ചപ്പാട് തികച്ചും വിഭിന്നമാണ്. വിശുദ്ധ ഖുർആനിൽ പരലോകത്തെപ്പറ്റി പറഞ്ഞതെല്ലാം വെറും ഉപമകൾ മാത്രമാണ് എന്നാണ് ജമാഅത്തിന്റെ വിശ്വാസം. നമുക്ക് ചിന്തിക്കാൻ സാധിക്കുന്നതിന്റെ അപ്പുറമുള്ള സ്വർഗ്ഗനരഗങ്ങളെ പറ്റിയാണ് ഇസ്‌ലാം സംസാരിക്കുന്നതെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. **വിശുദ്ധ ഖുർആൻ പറയുന്നു:**

**'നിങ്ങളുടെ രൂപങ്ങൾക്ക് നാം മാറ്റം വരുത്തുന്നതിനും നിങ്ങൾ ഇപ്പോൾ അറിയാത്ത അവസ്ഥയിലേക്ക് നിങ്ങളെ വളർത്തി കൊണ്ടുവരുന്നതിനും നാം പരാജിതരാവുകയില്ല.'**

ഹസ്റത്ത് മസീഹ് മൗഊദ് (അ) ജഡികമായ ഒരു പരലോക ജീവിതത്തെ പറ്റിയല്ല പറയുന്നത്. മറിച്ചു, നമുക്ക് ചെറിയ ധാരണ മാത്രം ഉള്ള ഒരു ആത്മീയ ജീവിതത്തെ ആണ് പരിചയപ്പെടുത്തുന്നത്. നമ്മുടെ ആത്മാവ് മറ്റൊരു സത്തക്ക് ജന്മം കൊടുക്കുന്നതാണ് ഈ കാഴ്ചപ്പാടിന്റെ കാതലായ ഭാഗം. ഭൂമിയിൽ ആത്മാവ് ശരീരവുമായി എങ്ങനെ ബന്ധപെട്ടു കിടക്കുന്നോ, അത് പോലെ പരലോകത്ത് ഈ പുതിയ സത്ത ആത്മാവുമായി ബന്ധം സ്ഥാപിക്കുന്നു. അതായത് ആത്മാവിൽ നിന്നും മറ്റൊരു ആത്മാവ് ജന്മമെടുക്കുന്നു. ഇവിടെ നമ്മിൽ ഉള്ള ആത്മാവാണ് പരലോകത്തു നമ്മുടെ ശരീരം. അതിനാൽ തന്നെ ഏതു പോലെ നമുക്ക് ഇവിടെ മനുഷ്യന്റെ കൈകളും കാലുകളും കാണാൻ സാധിക്കുന്നുവോ, അത് പോലെ പരലോകത്തു വെച്ച് ഓരോ ആത്മാവിന്റെയും സൽഗുണങ്ങളും നിലവാരവും നമുക്ക് പ്രത്യക്ഷത്തിൽ ദർശിക്കാൻ സാധിക്കുന്നു.

ഇസ്‌ലാം സമർപ്പിക്കുന്ന സ്വർഗ്ഗവും നരകവും രണ്ട് വ്യത്യസ്ത സ്ഥലങ്ങളല്ല. അവ രണ്ടും ഒരേ സ്ഥലകാലങ്ങളിൽ ആണ് നിലകൊള്ളുന്നതെന്ന് ഹസ്റത്ത് മുഹമ്മദ് നബി (സ) വ്യക്തമാക്കുന്നു. സ്വർഗം സകല പ്രപഞ്ചത്തിലുമായി വ്യാപിച്ചു കിടക്കുന്നു എന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അപ്പോൾ നരകം എവിടെയാണ് എന്ന് നബി (സ) യോട് സ്വഹാബാക്കൾ ചോദിച്ചു. അപ്പോൾ നബി പറഞ്ഞു. അവിടെത്തന്നെയാണ് നരകവും. അത് മനസിലാക്കാനുള്ള ശേഷി നിങ്ങൾക്കില്ലായെന്നും അവിടുന്ന് പറയുകയുണ്ടായി.

സ്വർഗ്ഗ നരകത്തെ പറ്റി ഹസ്റത്ത് മസീഹ് മൗഊദ് (അ) വളരെ സുന്ദരമായ ഒരു ചിത്രം വരച്ചു തരുന്നുണ്ട്. ആരോഗ്യവാനായ ദാഹിച്ചു വലഞ്ഞ ഒരു വ്യക്തിക്ക് ഒരു ഗ്ലാസ് തണുത്ത വെള്ളം കിട്ടിയാൽ അവൻ അതിൽ തൃപ്തനാവുന്നു. എന്നാൽ എന്ത് കഴിച്ചാലും ഛർദിച്ചു പോവുന്ന രോഗിയായ ഒരു വ്യക്തിക്ക് വെള്ളം കുടിക്കുകയോ വെള്ളം കാണുകയോ ചെയ്യുമ്പോൾ തന്നെ ഛർദി വരുന്നു. ഇതുപോലെ തന്നെ, ആരോഗ്യമുള്ള ഒരു ആത്മാവ് താൻ തേടുന്ന കാര്യത്തോട് കൂടുതൽ അടുത്തേക്ക് കൊണ്ടുവരപ്പെടുമ്പോൾ അതിൽ നിന്നും കൂടുതൽ രുചി നുകരുന്നു. ഇഹലോകത്ത് നന്മകൾ ചെയ്തു കൂട്ടിയ ആരോഗ്യവാനായ ആത്മീയ മനുഷ്യൻ തന്റെ റബ്ബിനെയും അവന്റെ ഗുണവിശേഷങ്ങളെയും ആണ് തേടുന്നത്. പരലോകത്തു അവൻ തന്റെ റബ്ബിനോട് കൂടുതൽ അടുത്തേക്ക് എ

ത്തുമ്പോൾ, മുൻപെങ്ങും അനുഭവിക്കാത്ത സന്തോഷം അനുഭവിക്കുന്നു. ഇതാണ് അവന്റെ സ്വർഗം.

എന്നാൽ, ദൈവത്തോടുള്ള വിരക്തിയിൽ പാപിയായി ജീവിച്ച ഒരുവന്റെ ആത്മാവ് ആരോഗ്യമില്ലാത്തതാണ്. ആ ആത്മാവ് പരലോകത്തു നിന്ന് ദൈവത്തോട് അടുക്കുമ്പോൾ അത് അവന് വേദനയാകുന്നു. എന്ത് കഴിച്ചാലും ഛർദിക്കുന്ന ഒരുവന്റെ മുൻപിൽ വെള്ളവും ഭക്ഷണവും നൽകുന്നത് പോലെയാണത്. ആരോഗ്യവാനായ ഒരു അത്മാവ് സന്തോഷം വലിച്ചെടുക്കുന്ന കാര്യങ്ങളിൽ നിന്ന് തന്നെ രോഗിയായ ആത്മാവ് ദുരിതവും വേദനയും വലിച്ചെടുക്കുന്നു. ഇതാണ് ഇസ്‌ലാമിലെ നരകം. അതിനാൽ തന്നെ ഓരോ മനുഷ്യനും അവന്റെ നന്മകളുടെയും തിന്മകളുടെയും ആഴത്തിനനുസരിച്ചുള്ള വ്യത്യസ്തമായ സ്വർഗ്ഗ നരകങ്ങളാണ് ലഭിക്കുക.

നരകത്തിലേക്ക് പോകുന്ന വ്യക്തിക്ക് അവന്റെ നരകം ഖബറിനുള്ളിൽ തന്നെ ആരംഭിക്കും. അതിനാൽ അവന്റെ ഖബർ ഇടുങ്ങിയതും പ്രയാസമുള്ളതുമായിരിക്കും. ഭൂമിയിലേക്ക് ഒരു രോഗിയായി ജനിച്ചു വീഴാൻ പോകുന്ന കുഞ്ഞിന് അതിന്റെ ഭ്രൂണാവസ്ഥയിൽ തന്നെ ആ രോഗം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടാകും എന്ന ഉദാഹരണമാണ് ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതിനായി ഉപയോഗിക്കുന്നത്. സ്വർഗ്ഗത്തിലേക്കുള്ളവന്റെ ഖബറാകട്ടെ വളരെ വിശാലമായിരിക്കും. ഈ വിശദീകരണങ്ങളെല്ലാം തന്നെ പരലോകജീവിതത്തെ പറ്റിയുള്ള ചെറിയ ധാരണ മാത്രമേ നൽകുന്നുള്ളൂ എന്ന ബോധം നമുക്കുണ്ടാകണം. യഥാർത്ഥ നരകവും സ്വർഗ്ഗവും ഇന്നത്തെ നമ്മുടെ ചിന്താശേഷിക്ക് എത്രയോ അപ്പുറമാണ്.

നരകവും സ്വർഗ്ഗവും ശാശ്വതമാണോ എന്നതാണ് മറ്റൊരു ചോദ്യം. അതിനുള്ള മറുപടി ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ ഒരു ഉദ്ധരണിയിലൂടെ അവതരിപ്പിക്കാം. ഹുസൂർ പറയുന്നു: 'പരിപൂർണമായ ആത്മാവ് ഉടനെത്തന്നെ സ്വർഗത്തെ പുൽകുന്നു. എന്നാൽ അപൂർണനായ മനുഷ്യന് നരകമെന്ന ഘട്ടത്തിലൂടെ കടന്നുപോയി സ്വയം ശുദ്ധി വരുത്തേണ്ടതായി വരുന്നു. ഓരോ ആത്മാവും താൻ ചെയ്ത ദുഷ്കർമങ്ങൾ ശുദ്ധീകരിക്കുന്നിടത്തോളം നരകം അനുഭവിക്കുകയും, അവന്റെ ആത്മാവ് പൂർണമായി സുഖപ്പെട്ടാൽ അത് സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടും ചെയ്യുന്നു. അങ്ങനെ നരകത്തിലുള്ള എല്ലാ ആത്മാക്കളും സ്വർഗം പ്രാപിക്കുന്നത് വരെ ഇത് തുടരുകയും നരകം പൂർണമായും ഇല്ലാതാക്കപ്പെടുകയും ചെയ്യും. അങ്ങനെ ദൈവത്തിൽ നിന്ന് വന്നവരെല്ലാം അവനിലേക്ക് തന്നെ തിരിച്ചെത്തുന്നു.'

---

പേജ് 10 ൽ നിന്ന് തുടർച്ച

രിതനും ആയ വ്യക്തി ആയിരുന്നു എന്നാണ്.

തുടർന്ന് എഴുതുന്നു: അറേബ്യയിൽ ഒരു വിപ്ലവം ആവശ്യമായിരുന്നു അഥവാ ഒരു പ്രവാചകന്റെ ആവിർഭാവം അനിവാര്യമായിരുന്നു എന്ന് പറയുകയാണെങ്കിൽ ഹദ്റത്ത് മുഹമ്മദ്(സ)യിലൂടെ തന്നെയാണ് ഇതിന് സാക്ഷാൽകാരം സംഭവിച്ചത് എന്ന് പറയേണ്ടതായി വരും. ഈ വിഷയത്തിൽ ഈ കാലഘട്ടത്തിലെ എഴുത്തുകാരനായ സ്പ്രിങ്കർ എഴുതുന്നു. അറേബ്യയിൽ വർഷങ്ങളായി ഉണ്ടായിരുന്ന പ്രവാചകാവതരണത്തെക്കുറിച്ചുള്ള ദീർഘദർശനം അദ്ദേഹത്തിന്റെ ആഗമനത്തോടെ പുലരുകയുണ്ടായി.

ബോസ്വർത്ത് ഒരിടത്ത് വിവരിക്കുന്നു: ഹ: മുഹമ്മദ്(സ) വ്യത്യസ്ത സാഹചര്യങ്ങളിൽ എത്ര മാത്രം പരിവർത്തന വിധേയനായി എന്നതിലല്ല പ്രത്യുത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ എത്ര കുറച്ച് പരിവർത്തനമാണുണ്ടായിരുന്നത് എന്നതിലാണ് ഞാൻ അദ്ഭുതപ്പെടുന്നത്. മരുഭൂമിയിൽ ആടുകളെ മേച്ചിരുന്ന കാലം, സിറിയയിൽ കച്ചവടക്കാരനായിരുന്ന കാലം, ഹിറാ ഗുഹയിലെ ഏകാന്തതയുടെ കാലം, മക്കയിൽ ന്യൂനപക്ഷത്തിന്റെ പരിഷ്കർത്താവായിരുന്ന കാലം, സ്വദേശത്തുനിന്ന് നിഷ്കാസിതനായി മദീനയിലേക്ക് നാടുകടത്തപ്പെട്ട കാലം, ഒരു സർവ സമ്മത വിജയി ആയിരുന്ന കാലം, ഇറാൻ ചക്രവർത്തിമാരുടെയും ഹിർക്കിൽമാരുടെയും സമസ്ഥാനീയനായിരുന്ന കാലം തുടങ്ങി ആജീവാനാന്തം നമുക്ക് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ അചഞ്ചലമായ സ്ഥൈര്യം ദർശിക്കാനാവും. മറ്റാരുടെയും ബാഹ്യാവസ്ഥ ഇത്രയും പരിവർത്തന വിധേയമായിരുന്നെങ്കിൽ അയാളിൽ ഇത്രയും കുറച്ച് മാത്രമേ മാറ്റങ്ങളുണ്ടാകുകയുള്ളൂ എന്ന് എനിക്ക് തോന്നുന്നില്ല. ഹദ്റത്ത് മുഹമ്മദ്(സ)യുടെ ഭൗതീക അവസ്ഥകൾ മാറികൊണ്ടിരുന്നു. എന്നാൽ ഈ അവസ്ഥകളിലെല്ലാം അദ്ദേഹത്തിന്റെ പ്രകൃതം ഒരേ നിലയിലായിരുന്നു എന്ന് കാണാവുന്നതാണ്.

വാഷിങ്ങ്ടൺ എർവിൻ തന്റെ ഗ്രന്ഥമായ ലൈഫ് ഓഫ് മുഹമ്മദിൽ എഴുതുന്നു: അദ്ദേഹത്തിന്റെ യുദ്ധ വിജയങ്ങൾ അദ്ദേഹത്തിൽ അഹങ്കാരമോ, അഹംഭാവമോ, മിഥ്യാഭിമാനമോ, കപട പ്രഭാവമോ ജനിപ്പിച്ചില്ല. സ്വാർഥ താത്പര്യങ്ങൾ ഇതിനു പിറകിൽ ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഇതെല്ലാം സംഭവിക്കുമായിരുന്നു. പ്രയാസപൂർണമായ കാലഘട്ടത്തിലുണ്ടായിരുന്ന അതേ വിനയവും സൗമ്യഭാവവും ശക്തി കൈവരിച്ചപ്പോൾ കൂടിയും അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും വേഷവിധാനത്തിലും പ്രകടമായിരുന്നു. രാജകീയ ജീവിതത്തിൽ പോലും ആരെങ്കിലും അദ്ദേഹത്തിന്റെ മുറിയിലേക്ക് പ്രവേശിക്കുമ്പോൾ അനാവശ്യമായ ഔപചാരികത കാണിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

# ശാസ്ത്രവും സാങ്കേതിക ശാസ്ത്രവും ഉസ്മാനിയാ ഭരണത്തിന് കീഴിൽ

മുസ്ലിം ഖിലാഫത്തിന്റെ പ്രാതിനിധ്യം വഹിച്ചിരുന്ന ഉസ്മാനിയാ സാമ്രാജ്യത്വത്തിന് (1299 മുതൽ 1922 വരെ) കീഴിൽ ശാസ്ത്രത്തിനുണ്ടായിരുന്ന പുരോഗതി വിലയിരുത്തുന്ന ലേഖനം.

സകരിയ്യാ വിർക്, കനഡ

ഉസ്മാനിയാ സുൽത്താന്റെ ഭരണപ്രദേശം ഇന്നത്തെ തുർക്കി കേന്ദ്രിതമായതും തെക്ക് കിഴക്കൻ യൂറോപ്പിലും മദ്ധ്യപൗരസ്ത്യ ദേശത്തും അതിന്റെ പ്രഭാവം നിലനിന്നിരുന്ന ഒരു സാമ്രാജ്യമായിരുന്നു. 1299 മുതൽ 1922 വരെ അത് നീണ്ടു നിൽക്കുകയും പിന്നീട് തുർക്കി റിപ്പബ്ലിക്കായി മാറുകയും ചെയ്തു. ഓട്ടോമൻ സാമ്രാജ്യം 29 പ്രവിശ്യകളിലായി യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചു നിന്നു. ഉസ്മാനിയാ (ദൗലത്തുൽ ഉസ്മാനിയാ) എന്നാണ് അറിയപ്പെട്ടിരുന്നത് അവരുടെ ആദ്യത്തെ സുൽത്താൻ ഉസ്മാൻ (1258-1324) ആയിരുന്നു.

ഇസ്ലാമിന്റെ ഒന്നാം നൂറ്റാണ്ടിൽ വിദ്യാഭ്യാസം മുഖ്യമായും മസ്ജിദുകളിലാണ് നടന്നിരുന്നത്. അബ്ബാസിയാ കാലഘട്ടത്തിൽ മുസ്ലിംകൾ പുരാതന തത്വശാസ്ത്രം, ഗണിതം, വൈദ്യശാസ്ത്രം, ഗോളശാസ്ത്രം, ഭൗതികശാസ്ത്രം രസതന്ത്രം മുതലായ വിഷയങ്ങൾ പുതുതായി സ്ഥാപിക്കപ്പെട്ട ബാഗ്ദാദിലെ ബൈത്തുൽ ഹിക്മ (750-1258) കൈറോയിലെ ദാറുൽ ഹിക്മ (1005 - 1115) മുതലായ സ്ഥാപനങ്ങളിൽ പഠിക്കാനാരംഭിച്ചു.

പ്രശസ്തമായ ഇസ്ലാമിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ മദ്രസ (കോളേജ്) 10-ാം നൂറ്റാണ്ടു മുതലാണ് സ്ഥാപിക്കപ്പെട്ടത്. മദ്രസകളിലെ സിലബസ് മതം നിയമം എന്നീ വിഷയങ്ങൾ മാത്രമായിരുന്നു പരിഗണിച്ചിരുന്നത്. ഗണിതം അവർ അവഗണിക്കുകയുണ്ടായി. എന്നാൽ കണക്ക് കൂട്ടൽ പോലെയുള്ള കാര്യങ്ങൾ അനിവാര്യമായിരുന്ന മുസ്ലിം ദായക്രമത്തിലെ സ്വത്ത് വിഭജനം പോലെയുള്ള വിഷയങ്ങളിൽ ഗണിതം കയറിവരുമായിരുന്നു. അത്പോലെ സമയാസമയങ്ങളിലുള്ള നമസ്ക്കാരവും സമയപട്ടികയും മക്കയുടെ ദിശ കണ്ടുപിടിക്കാൻ ഗോള ത്രികോണമിതി (Trignometry) യും ആവശ്യമായി വന്നു.

11-ാം നൂറ്റാണ്ടിൽ ഇറാഖ്, ഇറാൻ, ഖൊറാശാൻ എന്നിവിടങ്ങളിൽ പുതിയ മദ്രസ്സ സ്ഥാപിക്കുകയുണ്ടായി. അവിടങ്ങളെല്ലാം മതപഠനങ്ങളായിരുന്നു നടത്തിയിരുന്നത്. നിസാം അൽ മുൽക്ക് (1015-1092) നിസാമിയ്യാ മദ്രസ സ്ഥാപിക്കുകയുണ്ടായി. സെൽജൂക്ക് സുൽത്താന്റെ പ്രധാന മന്ത്രിയായിരുന്ന ആൽപ്സ് അർസലാം (1072 ൽ) രാജ്യത്തെ എല്ലാ പ്രധാന നഗരങ്ങളിലും മദ്രസകൾ സ്ഥാപിച്ചു. അതിൽ പ്രശസ്തമായത് ബാഗ്ദാദ് മദ്രസ്സയായിരുന്നു. ഇതാണ് മദ്ധ്യകാലത്തെ ആദ്യത്തെയും വലിയതുമായ യൂണിവേഴ്സിറ്റി. നിയമ വിജ്ഞാനമാണ് ഇവിടെ മുഖ്യപാഠ്യവിഷയം. നൂറുദ്ദീൻ സങ്കിയുടെ കാലത്ത് (1174 ൽ) സലാഹുദ്ദീൻ അയ്യൂബിയുടെ കാലത്തും (1193) രാജ കുടുംബാംഗങ്ങൾ നിരവധി മദ്രസകളും ജീവകാരുണ്യസ്ഥാപനങ്ങളും നിർമ്മിക്കുകയുണ്ടായി. സൽജൂക്ക് കാലഘട്ടത്തിൽ (ഇറാൻ 1037- 1194) ബാഗ്ദാദ്, ദമാസ്ക്കസ് കോനിയ മല്യാട്ട്, മൊസൂൾ, മെശ്ഹദ്, തബ്രീസ്, ഇസ്ഫഹാൻ മർവ്വ് മുതലായ കേന്ദ്രങ്ങൾ മഹത്തായ വിജ്ഞാന പഠന സ്ഥാപനങ്ങൾ ആയിരുന്നു.

ചെങ്കിസ്ഖാന്റെ (1227ൽ) ആക്രമണത്തോടെ ഇസ്ലാമിക ലോകത്തെ എല്ലാ ശാസ്ത്രീയ മുന്നേറ്റങ്ങളും നശിച്ചൊടുങ്ങുകയുണ്ടായി. നൂറ് വർഷത്തിന് ശേഷം ഇൽക്കാനിദ് കാലഘട്ടത്തിൽ പ്രത്യേകിച്ച് ഹല്ലാക്കുഖാനും ഗസാൻ ഖാനും ശാസ്ത്ര കാര്യങ്ങൾ തൽപരരായിരുന്നു. അതിനാൽ ശാസ്ത്രം വീണ്ടു പുനരുജ്ജീവിപ്പിക്കപ്പെട്ടു. ഈ നവോഥാനത്തിന് ഉദാഹരണമാണ് അസർബൈജാനിലെ മറാകയിലെ ഒബ്സർവേറ്ററി. മംഗോൾ ജേതാവായിരുന്ന തിമൂർ (ടമർലെയ്ൻ-1405) മദ്രസകളുടെയും ഗ്രന്ഥാലയങ്ങളുടെയും സാംസ്ക്കാരിക സ്ഥാപനങ്ങളുടെയും രക്ഷാധികാരിയായി മാറി. തിമൂറിന്റെയും അദ്ദേഹത്തിന്റെ മകൻ ശാറൂഖിന്റെയും കാലഘട്ടത്തിൽ (1447ൽ) സമർഖന്ദ് അസാധാണമായ ഒരു വിജ്ഞാന കേന്ദ്രമായി മാറുകയുണ്ടായി. ഒട്ടോമൻ സാമ്രാ

ജ്യത്തിലെ വിദ്യാർത്ഥികളെ സമർ ഖന്ദിലേക്ക് അയക്കാൻ തുടങ്ങി. ആ കാലഘട്ടത്തിൽ മദ്ധ്യേഷ്യയിലെ പണ്ഡിതന്മാർ തുർക്കി കേന്ദ്രങ്ങളി ലേക്കായിരുന്നു പഠനത്തിന്നായി പോയിരുന്നത്. ശാറൂഖിന്റെ മൂത്ത മകൻ ഉലൂഗ് ബെഗ (1449) പ്രഗത്ഭനായ പ്രതിഭാശാലിയും ഗോള ശാസ്ത്രജ്ഞനുമായിരുന്നു. തിമൂറിന്റെ മരണാനന്തരം നിരവധി വൈദ്യശാസ്ത്ര വിദഗ്ദന്മാരും കവികളും ഇന്ത്യയിലേക്കും വരിക യുണ്ടായി. പക്ഷേ വളരെയധികം ഗണിതജ്ഞരും ഗോള ശാസ്ത്ര ജ്ഞന്മാരും ഓട്ടോമൻ സാമ്രാജ്യ പ്രദേശങ്ങളിലേക്കാണ് പോയത്.

## ഓട്ടോമൻ കാലഘട്ടത്തിലെ പഠനം

ആദ്യത്തെ ഓട്ടോമൻ മദ്രസ്സ സ്ഥാപിച്ചത് (1331) രണ്ടാം ഓട്ടോമൻ സുൽത്താൻ ഒർഹാൻ ബേയുടെ കാലത്താണ്. 1331 ൽ ഇസ്നിക്ക് (നിഖയാ)ലായിരുന്നു. സുൽത്താന്റെ കുടുംബാംഗങ്ങൾ വഖഫ് ദാനങ്ങളിലൂടെ മതപാഠ ശാലകൾ സ്ഥാപിച്ചുകൊണ്ടിരുന്നു. പണ്ഡിതന്മാരെ ഇറാഖ്, ഇറാൻ, സിറിയ, ഈജിപ്ത് മുതൽ അനത്തോളിയ (തുർക്കിയിലെ ഏഷ്യൻ ഭാഗം) വരെയുള്ള വിദേശ ത്തേക്കും വിദേശത്തുള്ള പണ്ഡിത ന്മാരെ സ്വരാജ്യത്തേക്കും ക്ഷണി ക്കുന്ന പാരമ്പര്യം തുടർന്നു വന്നു. ഈ വിദേശ പണ്ഡിതന്മാരുടെ രചനകളാണ് മതപാഠശാലകളിൽ പാഠപുസ്തകമായിരുന്നത്.

1453 ൽ സുൽത്താൻ മഹ്മൂദ് ഫാതിഹ് രണ്ടാമൻ (1481) ഇസ്താം ബൂളിൽ ആദ്യത്തെ മുഖ്യമതപാഠ ശാല സ്ഥാപിക്കുകയുണ്ടായി. (ഫതഹ് കോംപ്ളക്സ്) അതിൽ പള്ളികളും പ്രാഥമിക പാഠശാലക ളും (മക്തബ) ഉന്നത പഠന കേന്ദ്രങ്ങളും, ആശുപത്രി പൊതു അടുക്കള, മറ്റു കൊട്ടിടങ്ങളുമുണ്ടാ യിരുന്നു. ഫതഹ് മദ്രസ്സയുടെ നിർമ്മാണത്തോടെ ശാസ്ത്ര പുരോഗതിയുടെ ഒരു തരംഗമാണ് തുർക്കിയിൽ അനുഭവപ്പെട്ടത്. മതവിഷയങ്ങൾ കൂടാതെ ഗണിതം, ഖഗോള ശാസ്ത്രം, പ്രകൃതി ശാസ്ത്രം മുതലായ വിഷയങ്ങളും ഇവിടെ പഠിപ്പിക്കപ്പെട്ടു. മഹാനായ സുലൈമാൻ പണിത സുലൈ മാനിയാ കോംപ്ലക്സിൽ (1520 – 1566) ദാറുത്തിബ്ബ് മെഡിക്കൽ കോളേജ് കൂട്ടിചേർക്കപ്പെട്ടു. വൈദ്യശാസ്ത്രവും ഗോളശസ്ത്ര വും മാസ്റ്റർ അപ്രന്റീസ് മാതൃക യിലാണ് പരിശീലനം നൽകിയത്. അത്തരത്തിലുള്ള വൈദ്യശാസ്ത്ര പഠനത്തിനും ശാസ്ത്രപഠനത്തിനു മുള്ള സ്കൂളുകൾ ആശുപത്രി കളിൽ തന്നെയുണ്ടായിരുന്നു. സമയ പാലകൻ (മുവഖിദ്) അല്ലെങ്കിൽ മുഖ്യ ഗോള ശാസ്ത്ര ഓഫീസറുടെ (മുനജ്ജിം ബാസി) ഓഫീസ് (മുവഖിദ് ഖനായ്) പള്ളിമുറ്റത്ത് തന്നെയാണ് ഉണ്ടാ യിരുന്നത്. മിക്ക നഗരങ്ങളിലും ഈ സംവിധാനംമുണ്ടായിരുന്നു. അഞ്ചു നേരം നമസ്ക്കാരത്തിന്റെ ചുമതല സമയ പാലകനാണ് നിർവ്വഹിച്ചത്. തഹ്താസി (ക്വാർഡന്റ്) അസ്ട്രോ ലാബ്, സെക്സന്റ്, നാഴിക മണി, സൺ ഡയൽ, മെക്കാനിക്കൽ ക്ലോക്ക്, ക്രോണോ മീറ്റർ എന്നിവ സൂക്ഷിക്കുവാനുള്ള ഉത്തരവാദി ത്തം സമയ പാലകനായിരുന്നു.

മുഖ്യസമയ പാലകന്റെ ഓഫീസർ (ഹാക്കിം ബാസി) താഴെ പറയുന്ന ചുമതലകളാണ് ചെയ്യേ ണ്ടിയിരുന്നത്. സുൽത്താന്റെയും രാജകുടുംബത്തിന്റെയും രാജ കൊട്ടാരത്തിലെ ഉദ്യോഗസ്ഥന്മാരു ടെയും ആരോഗ്യ പാലനം, മെഡി ക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളു ടെയും ഫിസിഷ്യൻസിന്റെയും നേത്രരോഗ വിദഗ്ദരുടെയും ചുമതല അദ്ദേഹത്തിനായിരുന്നു. ഔദ്യോഗിക കലണ്ടറുകൾ നിർമ്മി ക്കൽ, പ്രാർത്ഥനാ സമയങ്ങൾ തയ്യാറാക്കൽ, പ്രാർത്ഥനാ സമയ ങ്ങളിൽ നോമ്പിനുള്ള സമയങ്ങൾ തയ്യറാക്കൽ രാഷ്ട്രീയ നേതാക്ക ന്മാരുടെ ജന്മദിനങ്ങൾ, ഭൂമി കുലുക്കം, അഗ്നിബാധ, സൂര്യചന്ദ്ര ഗ്രഹണങ്ങൾ ധൂമകേതുക്കളുടെ ആഗമനം മുതലായ രേഖകൾ സൂക്ഷിക്കൽ മുഖ്യഗോള ശാസ്ത്ര ജ്ഞരുടെ ചുമതലയായിരുന്നു. മൊത്തത്തിൽ 37 ഗോള ശാസ്ത്ര ജ്ഞർ ഈ തസ്തികയിൽ നിയമി ക്കപ്പെട്ടു. 1924 ലാണ് ഈ തസ്തിക നിർത്തലാക്കിയത്. ജലാലുദ്ദീൻ ഹാജീ പാഷ (1417) ഈജി പ്തിലായിരുന്നു വൈദ്യശാസ്ത്രം പഠിച്ചത്. അദ്ദേഹം ***ശിഫാ അൽ അശ്കാം വ ദവാ അലാം*** (രോഗ ചികിത്സയും വേദനക്കുള്ള പരിഹാ രവും). **കിതാബുൽ തഅ്ലീം ഫിൽ തിബ്ബ്** (വൈദ്യശാസ്ത്ര പഠനം) എന്നീ രണ്ട് പുസ്തകങ്ങൾ രചിച്ചു. അറബിയിലും തുർക്കിയിലുമായി നിരവധി മറ്റു പുസ്തകങ്ങളും അദ്ദേഹത്തിന്റെതായുണ്ട്.

ഖാസി സദേഹ് റൂമി (1440) തുർക്കിയിലെ പ്രസ്തമയ ശാസ്ത്ര ജ്ഞനായിരുന്നു. ഒട്ടോമൻ സാമ്രാ ജ്യത്തിലെ ശാസ്ത്രപുരോഗതിക്കും സാഹിത്യ പുരോഗതിക്കും അദ്ദേ ഹം നിർണ്ണായകമായ സംഭാവന കളാണ് നൽകിയത്. ***ശറാ മുലാഖാ സ് ഹൈയ്യ*** (ഗോള ശാസ്ത്രത്തിന്റെ സംഗ്രഹം) ***ശറാ അശക്കൽ*** (തസി സ് (ജ്യാമിതീയ സിദ്ധാന്തങ്ങൾ) എന്നിവ അദ്ദേഹത്തിന്റെ അറബി ഗ്രന്ഥങ്ങളാണ്. അദ്ദേഹം സമർഖന്ത് ഒബ് സർവേറ്ററിയുടെ ഡയറക്റ്ററും സിജി ലൂഗ് ബഗിനോട് കൂടിചേർന്ന് ഗ്രന്ഥ രചന നടത്തുകയും ചെയ്തി ട്ടുണ്ട്. അദ്ദേഹത്തിന്റെ രചനകൾ ഓട്ടോമൻ സാമ്രാജ്യത്തിൽ ശാസ്ത്രത്തിന് വമ്പിച്ച പുരോഗ തിയാണ് നൽകിയത്. തുടർന്ന് വന്ന ശാസ്ത്രജ്ഞന്മാരിലെല്ലാം അദ്ദേഹ ത്തിന്റെ സ്വാധീനം പ്രകടമായി രുന്നു. മതപരമായ അന്വേഷണ ത്തിനും ഭൗതിക പുരോഗതിക്കും ഗണിതം പഠിക്കേണ്ടതുണ്ട് എന്ന ഉറച്ച അഭിപ്രായമായിരുന്നു അദ്ദേ ഹത്തിനുണ്ടായിരുന്നത്.

യൂസുഹ് മർദ്ദാനി ***ഉർജൂസ് ഫീ നാസിൽ ഖമർ വ തുലൂഹിയ്യ*** (ചന്ദ്രന്റെ സഞ്ചാര പഥങ്ങളും അതിന്റെ ഉദയവും) ***മൻസുമാ ഫീ സിൽക്ക് അൽ നുജൂം*** (നക്ഷത്ര ഭ്രമണപഥങ്ങളിലെ കവിത) എന്നീ

രണ്ട് പുസ്തകം അദ്ദേഹം രചിട്ടുണ്ട്. അക്കാലത്ത് പഠിപ്പിക്കപ്പെട്ട മറ്റ് രണ്ട് പുസ്തകങ്ങളാണ് നാസിറുദ്ദീൻ തൂസിയുടെ ***രിസാല ഫീ തഖ്‌വീം***. (കലണ്ടറിനെ സംബന്ധിച്ച പ്രബന്ധം) ***സിഫസിൽ ഫിൽ തഖ്‌വീം*** (കലണ്ടറിലെ 30 വിഭാഗങ്ങൾ) ആ ഗ്രന്ഥങ്ങൾ ടർക്കി ഭാഷയിലും പേർസ്യൻ ഭാഷയിലും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

ഒട്ടോമൻ മെഡിക്കൽ വൈദ്യ സാഹിത്യം പുഷ്ടിപ്പെടുത്തിയ ഒരു പണ്ഡിതനാണ് ഷറഫുദ്ദീൻ (1468) അദ്ദേഹത്തിന്റെ തുർക്കി ഭാഷയിലുള്ള ആദ്യപുസ്തകമാണ് ***ജറഹിയ്യത്ത് അൽ ഖാനിയ്യ*** (സുൽത്താന്മാരുടെ ശസ്ത്രക്രിയകൾ). ഈ പ്രബന്ധങ്ങളെല്ലാം അബുൽ കാസിം സഹ്‌റവി നിരവധി വാല്യങ്ങളുള്ള ***കിതാബുൽ തഫ്സീർ*** എന്ന പരിഭാഷയാണ്. അതായിരുന്നു ഇസ്‌ലാമിക ലോകത്തെ ആദ്യത്തെ സർജിക്കൽ അറ്റ്ലസും അവസാനത്തെ മെഡിക്കൽ സർവ്വ വിജ്ഞന കോശവും. സ്ത്രീകളായ ശസ്ത്രക്രിയാ വിദഗ്ദർ പോലും ആദ്യമായി ഈ ഗ്രന്ഥത്തിൽ രചനകൾ നടത്തിയിട്ടുണ്ട് അദ്ദേഹം പല നവംങ്ങളായ കാര്യങ്ങളും ഈ പുസ്തകത്തിൽ പരിചയപ്പെടുത്തിയിട്ടുണ്ട്.

പടയോട്ടകാരനായ സുൽത്താൻ മുഹമ്മദ് ശാസ്ത്രജ്ഞന്മാരുടെയും പണ്ഡിതന്മാരുടെയും രക്ഷാധികാരികൂടിയായിരുന്നു. 1163 ൽ പോപ്പ് അലക്സാണ്ടർ മൂന്നാമൻ ലോകത്തിന്റെ ഭൗതിക നിയമങ്ങൾ പഠിക്കാൻ പാടില്ല എന്ന് ഇടയ ലേഖനമെഴുതിയ കാലമായിരുന്നു. അദ്ദേഹം ടോളമിയുടെ ഭൂമി ശാസ്ത്ര ഗ്രന്ഥം അറബിയിലേക്ക് വിവർത്തനം ചെയ്യാൻ കൽപ്പന നൽകി. അതിലുള്ള വിവരങ്ങൾ വെച്ച് അദ്ദേഹം ഒരു ഭൂപടം നിർമ്മിക്കാനും ഉത്തരവിട്ടു. അദ്ദേഹം അലാവുദ്ദീൻ തൂസിയോടും ഹദ്ജാസാദെയോടും ഇമാം ഗസ്സാലിയുടെ ***തഹാഫത്തുൽ ഫലാസിഫയും*** ഇബ്നു റുഷ്ദിന്റെ ***തഹാഫത്തുൽ അൽ തഹാഫത്തും*** തമ്മിൽ താരതമ്യം ചെയ്ത് ഒരു പുസ്തകം രചിക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. സമർഖന്ദ് പാരമ്പര്യത്തെ പ്രതിനിധീകരിച്ചിരുന്ന പ്രശസ്തനായ ഗോള ശാസ്ത്രജ്ഞനായിരുന്നു അലി ഖുശിജി അഥവാ അലി ഖശ്ജു എന്ന് അറിയപ്പെട്ടിരുന്ന അലാവുദ്ദിൻ അലി ഇബ്നു മുഹമ്മദ് (1474). അദ്ദേഹം ഗണിതശാസ്ത്രത്തെ കുറിച്ചും ഗോള ശാസ്ത്രത്തെ കുറിച്ചും 12 പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. സിജി ഉലൂഗ് ബെഗ്നെ പറ്റി ഒരു വ്യാഖ്യാനവും എഴുതിയിട്ടുണ്ട്. അറബിയിൽ ***രിസാലാ ഫിൽ അൽ ഹയാ*** (ഗോള ശാസ്ത്രത്തെ സംബന്ധിച്ച പ്രബന്ധം) റിസാല ഫിൽ ഹിസാബ് (ഗണി തശാസ്ത്ര പ്രബന്ധം) എന്നീ രണ്ട് പുസ്തകങ്ങളെഴുതിയിട്ടുണ്ട്. അതായിരുന്നു ഓട്ടോമൻ മദ്രസകളിൽ പഠിപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ സുപ്രധാനമായ സംഭാവന ഗോള ശാസ്ത്രത്തെ പ്രകൃതിശാസ്ത്രത്തിൽ നിന്നും വേർതിരിക്കുന്നതായിരുന്നു. മാത്രമല്ല ധൂമകേതുക്കളെ നിരീക്ഷിച്ചു കൊണ്ട് ഭൂമിയുടെ ഭ്രമണത്തെ കുറിച്ച് അനുഭവ ജ്ഞാന പരമായ തെളിവുകൾ അദ്ദേഹം സമാഹരിക്കുകയുണ്ടായി.

സയ്യിദ് അലി ബെ (1846) ***മിർറത്തെ ആലം*** എന്ന പേരിൽ ഗോള ശാസ്ത്രത്തെ കുറിച്ച് ഒരു പുസ്തകമെഴുതുകയുണ്ടായി. അപ്പോൾ തുർക്കി ഭാഷയിൽ ഇത് സംബന്ധമായി രണ്ട് പരിഭാഷകൾ ഉണ്ടായിരുന്നു. നാസിറുദ്ദീൻ തൂസിയുടെ ഗോള മാതൃകകൾ അദ്ദേഹം പരിഷ്ക്കരിക്കുകയും തൂസിയുടെ ബുധന്റെ ചലന മാതൃകക്ക് പകരം മറ്റൊരു മാതൃക അദ്ദേഹം സമർപ്പിക്കുകയുണ്ടായി.

മുല്ലാ ലത്വീഫി (1512) അറബിയിൽ ***മൗദാത്തെ ഉലൂം*** എന്ന പേരിൽ ശാസ്ത്രത്തെ വിവിധശാഖകളായി വർഗ്ഗീകരിച്ചുകൊണ്ട് ഒരു പ്രബന്ധമെഴുതി. ജ്യാമിതിയിൽ ***തദീഫ് അൽ മദ്ബ*** എന്ന പേരിൽ ഒരു പുസ്തകം അദ്ദേഹം (ക്യൂബിന്റെ ഇരട്ടിക്കൽ) ഈ ഗ്രന്ഥം ഭാഗികമായി ഗ്രിക്കിൽ നിന്നും വിവർത്തനം ചെയ്തു.

മിരീം സെലിബി (1525 ൽ) വളരെ പ്രശസ്തനായ ഒരു ഗോള ശാസ്ത്രജ്ഞനും ഗണിതജ്ഞനുമായിരുന്നു. അദ്ദേഹം അലി ഖുസ്ജുവിന്റെ പേരകുട്ടിയാണ്. അദ്ദേഹം ഗണിതത്തിലും ഗോള ശാസ്ത്രത്തിലും ശാസ്ത്രീയമായ പാരമ്പര്യം സ്ഥാപിക്കാൻ നിർണ്ണായകമായ സംഭാവന ചെയ്യുകയുണ്ടായി. ഉലൂഗ് ബെ യുടെ **സിജു** വിന് ഒരു വ്യാഖ്യാനമെഴുതുകയും ചെയ്തു. ശംസുദ്ദീൻ ഇബ്നു പാഷ (1528) ***റിസാല ഫീ തഹ്ഖീഖ് റൂഹ്, രിസാല ഫി ജബറസ് വൽ ഖദർ, റിസാല ഫി തഹ്ഖീഖ് അൽ മുസി, തബഖാത്തെ അഷാബ്, തഫ്സീറുൽ ഖുർആൻ, സയ്ദിയുറ്റെ ഖുലിസ്ഥാൻ മാതൃകയിൽ നിഖരിസ്താൻ*** എന്നീ 200 പുസ്തകങ്ങൾ എഴുതിയ്യിട്ടുണ്ട്.

അബ്രഹാം അൽ യഹൂദി സ്പെയിനിൽ നിന്നുള്ള ഒരു യഹൂദ പണ്ഡിതനായിരുന്നു. ഇസ്‌ലാം മതം സ്വീകരിച്ചതിന് ശേഷം അദ്ദേഹം അബ്ദുസ്സലാം അൽ മുത്താദി എന്ന പേരാണ് സ്വീകരിച്ചത്. അദ്ദേഹം ഗോള ശാസ്ത്രത്തിലും വൈദ്യ ശാസ്ത്രത്തിലും അറബിയിൽ ചില പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ദാബിദ് എന്ന ഒരു ഉപകരണം അദ്ദേഹം കണ്ടു പിടിച്ചു. ടോളമി കണ്ടുപിടിച്ചതിനേക്കാൾ മികച്ച ഉപകരണമായിരുന്നു അത്. മഹാനായ സുലൈമാന്റെ രാജകീയ കൊട്ടാര വൈദ്യനായിരുന്നു മൂസാ ബി ഹമൂൻ (1554). അദ്ദേഹമാണ് ദന്തവൈദ്യത്തെ കുറിച്ച് ടർക്കിഷ് ഭാഷയിൽ ഒരു പുസ്തകമെഴുതിയത്. മാത്രമല്ല വൈദ്യശാസ്ത്രത്തെ കുറിച്ച് ഒരു ലഘു പ്രബന്ധവും അദ്ദേഹം എഴുതിയിട്ടുണ്ട്. ***രിസാലെ ഫീ തബയ്യീ അൽ അദവിയ്യാ വ ഇസ് തിമാലിയ*** നാല് അധ്യായങ്ങൾ ഈ ഗ്രനഥത്തിലുണ്ട്. നശൂഹ് അൽ സിലാഹി

അൽ മദ്രാക്കി (1564ൽ) ഗണിതത്തിൽ ***ജമാൽ അൽ ഖുത്താബ് വ കമാൽ അൽ ഹുസാബ്*** (എഴുത്തിലെ ചാരുതയും കണക്കുകളിലെ പൂർണ്ണതയും) ***ഉംദത്ത് അൽ ഹിസാബ്*** (ഗണിതത്തെ സംബന്ധിച്ച പ്രബന്ധം)

പിറി റെയിസ് (1555) ഭൂമി ശാസ്ത്ര്ത്തിന് വളരെയേറെ സംഭാവനകൾ നൽകിയ നാവികനായിരുന്നു അദ്ദേഹം തന്റെ സമുദ്ര യാത്രയുടെ പരിചയം വെച്ച് ഒരു ഭൂപടം തയ്യാറാക്കുകയുണ്ടായി. അദ്ദേഹം ***കിതാബുൽ ബഹരിയ്യ*** (നാവിക യാത്രയുടെ ഗ്രന്ഥം). ***അൽ മുഹീത്*** (സമുദ്രം) എന്ന ടർകിഷ് ഭാഷയീലുള്ള പുസ്തകം ഇന്ത്യ മഹാസമുദ്രത്തെ പറ്റിയുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും ദീർഘമായ കപ്പൽ യാത്രക്ക് അനുയോജ്യമായ ഗോളശാസ്ത്ര വിജ്ഞാനങ്ങളുമാണ്. ജർമ്മനിയിൽ നിന്നും കൊണ്ടു വന്ന വടക്ക് നോക്കി യന്ത്രത്തെ കുറിച്ച് അദ്ദേഹം പറയുന്നുണ്ട്. അലി ഖുസ്ചേവിന്റെ ഗോളശാസ്ത്രത്തെ പറ്റിയുള്ള ***ഖുൽസാത്ത് അൽ ഹൈയ്യ*** അദ്ദേഹം തുർക്കി ഭാഷയിലേക്ക് വിവർത്തനം ചെയ്തു.

അദ്ദേഹത്തിന്റെ ***തദ്കിറ അൽ അന്തകി*** (1599) എന്ന പുസ്തകം യൂറോപ്യൻ മെഡിസിനോടൊപ്പം ഇസ്ലാമിക മെഡിസിനും പരിചയപ്പെടുത്തുന്നു. പടിഞ്ഞാറുനിന്നും പൊട്ടി പുറപ്പെട്ട പുതിയ രോഗാണുക്കൾക്ക് പുതിയ ചികിത്സവേണമെന്ന് അദ്ദേഹം അതിൽ പറയുന്നുണ്ട്.

## ശാസ്ത്രീയ ഉപകരണങ്ങൾ

തഖി അൽ ദീൻ മുഹമ്മദ് ഇബ്നു മഅറൂഫ് അൽ ശമി അൽ അസദി (1526- 1585) പ്രഗത്ഭ തുർക്കി ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം ഒരു ശാസ്ത്രജ്ഞനും കണ്ടു പിടുത്തക്കാരനും ഗോളശാസ്ത്ര പണ്ഡിതനുമായിരുന്നു. അദ്ദേഹം വിവിധ വിഷയങ്ങളെ പറ്റി 90 ലധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. ഗോളശാസ്ത്രം ഘടികാരം, കെട്ടിട നിർമ്മാണം, ഗണിതം, യന്ത്രസംവിധാനം, ഒപ്റ്റിക്സ്, പ്രകൃതി തത്വശാസ്ത്രം. ആദ്ദേഹത്തിന്റെ രചനകളിൽ 24 എണ്ണം മാത്രമാണ് അവശേഷിച്ചത്. ***അൽ തുറുക്ക് അൽ സമിയ്യാ ഫി അലാത്ത് അൽ റൂഹാനിയ്യാ*** (ആത്മീയ സാങ്കേതിക വിദ്യയുടെ ഉന്നത മാതൃക) അദ്ദേഹം ആവി യന്ത്രത്തിന്റെ വളരെ പ്രഥമ നിലവാരത്തിലുള്ള ആവികൊണ്ട് പ്രവർത്തിക്കുന്ന ഒരു ഒരു യന്ത്രം കണ്ടുപിടിച്ചു. ഇത് 1929ൽ ജിയോവെന്നി ബ്രാങ്ക കണ്ടു പിടിച്ച പ്രശസ്തമായ ആവിയന്ത്രത്തിന്റെ പൂർവ്വരൂപമായിരുന്നു അത്. തഖിയുദ്ദീൻ ആറ് സിലിണ്ടറുകളുള്ള മോണോ ബ്ലോക്ക് പമ്പ് കണ്ടുപിടുത്തത്തിന്റെ പേരിലും അറിയപ്പെടുന്നു. അദ്ദേഹം അലാറം ഉള്ള സ്പ്രിങ്ങോടുകൂടിയ ആദ്യ ഘടികാരം നിർമ്മിച്ചു. 1556 മുതൽ 1580 വരെ നിലനിന്നു. അതിൽ മിനുട്ടും സെക്കന്റും അളവ് ഉണ്ടായിരുന്നു. 1574 ൽ അദ്ദേഹം തന്നെ ടെലിസ്ക്കോപ്പ് കണ്ടുപിടിച്ചു. ദൂരെയുള്ള വസ്തുക്കൾ അടുത്തായി കാണിക്കുന്ന ഉപകരണമാണ് ടെലസ്ക്കോപ്പ്. ടൈക്കോ ബ്രാഹി പിന്നീട് കണ്ടെത്തിയ സെക്സന്റ് (ഗോള വസ്തുക്കളുടെ കോണീയ ദൂരം അളക്കുന്ന സ്ഥലത്തെ അക്ഷാംശവും രേഖാംശവും കണ്ടെത്തുന്ന് ഉപകരണം) അദ്ദേഹമാണ് ആദ്യം കണ്ടുപിടിച്ചത്. ആദ്യമായി ഓട്ടോമാറ്റിക് മിഷീനെ സംബന്ധിച്ച് എഴുതിയത് 1556ൽ അൽ കവാഖിബ് അൽ ദുരിയ്യ ഫി വദ അൽ ബങ്കമത് അൽ ദൗരിയ്യ (യാന്ത്രിക ഘടികാരങ്ങൾ നിർമ്മിക്കുവാനുള്ള തിളക്കമേറിയ നക്ഷത്രങ്ങൾ) അദ്ദേഹം അവസാനം എഴുതിയ ഒപ്റ്റിക്സിനെ കുറിച്ചുള്ള മൂന്ന് വലിയ രചനകൾ കാഴ്ചയെ സംബന്ധിച്ച് പരീക്ഷണ ഗവേഷണങ്ങളായിരുന്നു ഉള്ളടക്കം. ***കിതാബു ന്നൂർ ഹദാക്കത്ത് വ ഇബ്സാർ വ നൂറുൽ ഹഖീഖത്ത്.*** കണ്ണിലെ കൃഷ്ണമണിയുടെ യഥാർത്ഥ പ്രകാശത്തിന്റെ കാഴ്ച്ചയും. ഇസ്താം ബൂൾ ഒബ്സർവേറ്ററി സുൽത്താൻ മുറാദ് മൂന്നാമന്റെ കാലത്താണ് (1574-95) നിർമ്മിച്ചത്. ഒബ്സർവ്വേറ്ററിക്കടുത്ത് ശാസ്ത്രജ്ഞന്മാർക്ക് ലൈബ്രേറിയും താമസിക്കാനുള്ള ക്വാർട്ടേഴ്സുകളും ഉണ്ടായിരുന്നു. അക്കാലത്തെ ഏറ്റവും ആധുനികമായ ഉപകരണങ്ങൾ കൊണ്ട് അത് സജ്ജമാക്കിയിരുന്നു. ഇത് റ്റൈക്കോ ബ്രാഹിയുമായി (1546-1601) താരതമ്യപ്പെടുത്താവുന്നതാണ്.

യുറാനിയൻ ബോർഗ് ഒബ്സർവേറ്ററി 1576 ലാണ് നിർമ്മിച്ചത്. അതിന്റെ ഡയരക്ടറായിരുന്ന തഖിയുദ്ദീൻ. ടൈക്കോബ്രാഹിയും ഉപയോഗിച്ച ഉപകരണങ്ങൾ തഖിയുദ്ദീൻ ഉപയോഗിച്ച ഉപകരണങ്ങളും തമ്മിലുള്ള സാമ്യം ശ്രദ്ധേയമാണ്.

നശുഅൽ മത്രാക്കി ഭൂമി ശാസ്ത്രത്തെ പറ്റി വിവരണാത്മകമായി ***ബിയാനയി മെനാസിൽ സെഫാർ ഇറാഖിയീൻ*** (ഇറാഖിലേക്കുള്ള വഴിയിലെ സ്ഥല വിവരണങ്ങൾ) വിവരണാത്മക ഭൂമി ശാസ്ത്രത്തെ പറ്റിയുള്ള മറ്റൊരു ഗ്രന്ഥം ***താരിഖെ ഹിന്ദ് ഗാർബി*** (പടിഞ്ഞാറൻ ഇന്ത്യയുടെ ചരിത്രം) അതിന്റെ കർത്താവ് ആരാണെന്നറിയില്ല. ഈ പുസ്തകം മൂന്ന് ഭാഗങ്ങളായാണ് വിഭജിച്ചിട്ടുള്ളത്. മൂന്നാം ഭാഗം 1492 മുതൽ 1552 വരെ കൊളംബസ്സ് ബൽബോവ, മെഗല്ലൻ കോർട്ടസ് പിസാരോ എന്നിവരുടെ യാത്രാ വിവരണങ്ങളാണ്. ഇത് തെളിയിക്കുന്നത് തുർക്കികൾ യൂറോപ്യന്മാർ നടത്തിയ സമുദ്ര യാത്രകളെ പറ്റി ബോധവാന്മാരായിരുന്നു എന്നാണ്. 15-ാം നൂറ്റാണ്ടു മുതൽ തുർക്കികൾ യൂറോപ്യന്മാരുടെ സാങ്കേതിക വിദ്യ സ്വീകരിക്കുകയുണ്ടായി. പ്രത്യേകിച്ച് അഗ്നിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ. ചാർട്ടുകളും ഭൂപടങ്ങളും നിർമ്മിക്കുന്ന വിദ്യ (Cartography) ഖനനം എന്നിവ. കാറ്റോഗ്രഫി ഓട്ടോമൻ സാമ്രാജ്യത്തിൽ വളരെ

**ശേഷം പേജ് 43 ൽ**

# നിരക്ഷരത: റസൂൽ തിരുമേനി(സ)യുടെ യോഗ്യത

ആത്മീയോന്നതിയുടെ പരമസീമയിലെത്തിയ റസൂൽ തിരുമേനി (സ)യുടെ നിരക്ഷരത അവിടുത്തെ നിഷക്കളങ്കതയുടെയും സ്വച്ഛതയുടെയും നിദർശനമാണ്.

എ. എം. മുഹമ്മദ് സലീം

റസൂൽ തിരുമേനി(സ) 'ഉമ്മി'യായ പ്രവാചകനായിരുന്നു. അഥവാ നിരക്ഷരനായ പ്രവാചകനായിരുന്നു. വിശുദ്ധ ഖുർആൻ പല സന്ദർഭങ്ങളിലായി ഈ വസ്തുത ഊന്നിപ്പറയുന്നു. റസൂൽ തിരുമേനി (സ) മാത്രമല്ല അക്കാലത്തെ അറബ് സമൂഹം പൊതുവെ നിരക്ഷരരായിരുന്നു. അതുകൊണ്ട് അവർ സാഹിത്യകലയിലും മറ്റു ഭാഷാ വ്യവഹാരങ്ങളിലും പിന്നോക്കക്കാരായിരുന്നുവെന്ന് കരുതുന്നത് ശരിയല്ല. നബി തുരുമേനി(സ)യുടെ ജനനത്തിനു മുമ്പുള്ള ജാഹിലിയ്യാ കാലം (അജ്ഞാനകാലം) എന്നാണ് അറിയപ്പെടുന്നത്. ചരിത്രാതീത കാലം മുതൽ നബിയുടെ കാലം വരെയുള്ള കാലഘട്ടമാണ് ഇതെങ്കിലും നബി തിരുമേനി(സ)യ്ക്ക് മുമ്പുള്ള 100–150 വർഷങ്ങളാണ് അറബി സാഹിത്യത്തിൽ ജാഹിലിയ്യാ കാലഘട്ടമായി പൊതുവെ അറിയപ്പെടുന്നത്. സമ്പന്നമായ ഒരു സാഹിത്യ സംസ്ക്കാരം ഈ കാലയളവിലുണ്ടായിരുന്നു. ഏറെക്കുറെ പൂർണ്ണമായും വാമൊഴിപാരമ്പര്യത്തിലുമായിരുന്നു സാഹിത്യ വ്യവഹാരങ്ങൾ നടന്നത്. എല്ലാ പ്രാചീന സമൂഹങ്ങളിലുമെന്നപോലെ അക്കാലത്തെ അറബ് സമൂഹത്തിലും ഭാഷയുടെ വാമൊഴി രൂപത്തിനായിരുന്നു പ്രാധാന്യം. വരമൊഴി ജാഹിലിയ്യാ കാലത്തെ അറബികളിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം. നിരക്ഷരരായ അറബ് സമൂഹത്തിലെ നിരക്ഷരനായ പ്രവാചകനായിരുന്നു മുഹമ്മദ് നബി(സ).

എഴുത്തറിയാത്ത സമൂഹത്തിൽ എഴുതാനും വായിക്കാനുമറിയാത്ത റസൂൽ തിരുമേനി(സ)ക്ക് ലഭിച്ച ജ്ഞാനത്തിന്റെ ഉറവിടം ശുദ്ധമായ ദൈവിക വെളിപാടുകൾ മാത്രമായിരുന്നു. അക്ഷരങ്ങളിൽ സാക്ഷാൽക്കരിക്കപ്പെട്ട വിശുദ്ധ ഖുർആൻ ആശയലോകത്തെ അജയ്യമായ ഒരു മഹാവിസ്മയമായി നിലകൊള്ളുന്നു. പക്ഷേ, അത് അവതീർണ്ണമായ വ്യക്തി തികച്ചും നിരക്ഷരനായിരുന്നു എന്ന യാഥാർത്ഥ്യം ഈ വിസ്മയത്തെ ശതഗുണീഭവിപ്പിക്കുന്നു. വാസ്തവത്തിൽ ഇതൊരു അത്ഭുതകരമായ സമസ്യമാണ്. ഈ മഹാസമസ്യയെ നിർദ്ധരിക്കാനാണ് ജോർജ് സെയിൽ, റവ: ഇ.എം. വെറി മുതലായ യൂറോപ്യൻ ഓറിയന്റലിസ്റ്റുകൾ റസൂൽ തിരുമേനി(സ) സാക്ഷരനായിരുന്നു എന്ന വാദമുയർത്തുന്നത്.

എന്നാൽ ചില മുസ്‌ലിം ബുദ്ധിജീവികളും ഉൽപതിഷ്ണുക്കളും റസൂൽ തിരുമേനി(സ) സാക്ഷരനായിരുന്നു എന്ന് അഭിപ്രായപ്പെടുന്നു. പാശ്ചാത്യരോടും, ആധുനികതയോടുമുള്ള മാനസികാടിമത്തം കൊണ്ടോ, അല്ലെങ്കിൽ സദുദ്ദേശപരമായോ ആണ് അവർ ഇങ്ങനെ അഭിപ്രായപ്പെടുന്നത്. മുഹമ്മദ് നബി(സ) ആദ്യം നിരക്ഷരൻ ആയിരുന്നെങ്കിലും പിന്നീട് സാക്ഷരത നേടിയെന്നും ഇക്കൂട്ടർ വാദിക്കുന്നു. ആധുനിക കാലഘട്ടവുമായി താരതമ്യം ചെയ്തുകൊണ്ട് 'ഉമ്മി' അഥവാ നിരക്ഷരൻ എന്നാൽ അജ്ഞാനി, പിന്നോക്കക്കാരൻ, വിദ്യാവിഹീനൻ എന്നൊക്കെയുള്ള നിഘണ്ടുവിലെ അർത്ഥം നോക്കി അവർ പരിഭ്രമിക്കുകയാണ്. അതുകൊണ്ട് റസൂൽ തിരുമേനി(സ)യെ എങ്ങനെയെങ്കിലും സാക്ഷരനാക്കിയെടുക്കുകയാണ് ഇക്കൂട്ടരുടെ ശ്രമം.

വരമൊഴിയെ അപേക്ഷിച്ച് വാമൊഴിയുടെ പ്രാധാന്യത്തെ ആധുനിക ഭാഷാശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. അവരുടെ അനിഷേധ്യവും അസന്നിഗ്ദ്ധവുമായ നിരീക്ഷണങ്ങൾ വരമൊഴി അഥവാ എഴുത്ത് വിദ്യ മനുഷ്യഭാഷയിലെ കേവലം നിസ്സാരവും അപൂർണവുമായ ഒരു സാങ്കേതികവിദ്യ മാത്രമാണെന്ന് വ്യക്തമാക്കുന്നു. പ്രത്യേകിച്ചും പുരാതനകാലത്ത് നാം കരുതുന്നത് പോലെ എഴുത്തിന് അത്ര പ്രാധാന്യമൊന്നുമില്ല. ഈ വസ്തുത വിശദീകരിക്കാൻ വാമൊഴിയുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ചില സാങ്കേതികവശങ്ങൾ ഇവിടെ വിശകലനം ചെയ്യുകയാണ്.

## വാമൊഴിയും വരമൊഴിയും

ഏകദേശം അഞ്ഞൂറു വർഷങ്ങൾക്ക് മുമ്പ് യോഹാൻ ഗുട്ടൻബർഗ് (1398–1465) മാറ്റിവെക്കുന്ന ടൈപ്പുകളുള്ള അച്ചടിയന്ത്രം കണ്ടുപിടിച്ചതിനു ശേഷമാണ് വരമൊഴിക്ക് പ്രചാരം കിട്ടിതുടങ്ങിയത്. വാസ്തവത്തിൽ ഭാഷയുടെ പ്രഥമവും പ്രധാനവും ജൈവികവുമായ രൂപം വാമൊഴിയാണ്. ഭാഷയുമായി ജൈവബന്ധമുള്ളതും അതിന്റെ സ്വാഭാവികമായ പ്രകാശനവും വാമൊഴിയാണെന്നത് ആധുനിക ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കൽപമാണ്. വരമൊഴി അഥലാ ലിപികൾ ഉപയോഗിച്ചുള്ള ലിഖത രൂപം ഭാഷയുടെ കേവലം നിസ്സാരമായ ഒരു പ്രതീകമുദ്ര മാത്രമാണ്. ഭാഷ രൂപ്പെട്ടതിനുശേഷം എത്രയോ കാലഘട്ടങ്ങൾ കഴിഞ്ഞതിനു ശേഷമാണ് എഴുത്ത് വിദ്യയും ലിപികളും രൂപപ്പെട്ടത്. അതാകട്ടെ ഇന്നും പരിഷ്കരണങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രശസ്ത ഭാഷാ ശാസ്ത്രജ്ഞനായ പീറ്റർ ഫാർബിന്റെ അഭിപ്രായം കാണുക. 'ഈ ലോകത്തിലെ അക്ഷരാഭ്യാസമുള്ളവർക്ക് ലിഖിത പദത്തിൽ അഗാധമായ വിശ്വാസമാണ്. എന്നാൽ അപൂർണ്ണമായ ഒരു ആശയവിനിമയ സംവിധാനമാണ് വരമൊഴി. വാമൊഴിയുടെ ഒരു ബദൽ സംവിധാനമാണ് എന്നു കരുതപ്പെടുന്ന അത് വായ്മൊഴിയുടെ വിളറിയ പ്രതിഫലനം മാത്രമാണ്. (World Play - by Peter Farb, Jhonathan Cape Ltd., London 1974).

ഭാഷകളുടെ ലോകത്ത് വരുമ്പോൾ വരമൊഴിക്ക് അഥവാ ലിപികൾക്കുള്ള സ്ഥാനം നമുക്ക് ബോദ്ധ്യമാകും. യുനെസ്കോയുടെ ഒരു റിപ്പോർട്ട് പ്രകാരം ലോകത്ത് ഏകദേശം 3500–ഓളം ഭാഷകളുണ്ട്. അതിൽ 500–ൽ കുറവ് എണ്ണത്തിന് മാത്രമേ എഴുത്ത് രൂപമുള്ളൂ. ('നാനാനാദം ഒരേ ലോകം' യുനെസ്കോ റിപ്പോർട്ടിന്റെ മലയാള തർജ്ജമ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പേ. 68). അതായത് നിലവിലുള്ള ലോക ഭാഷകളിൽ 10 ശതമാനത്തിന് മാത്രമേ ലിപി വ്യവസ്ഥയുള്ളു. വരമൊഴി അഥവാ എഴുത്തുരൂപം ഇല്ലെങ്കിലും ഭാഷക്ക് നിൽക്കാനാവും. എന്നാൽ വാമൊഴിയില്ലെങ്കിൽ ഭാഷക്ക് നിലനിൽക്കാൻ സാധിക്കില്ല എന്നു മാത്രമല്ല ഭാഷ തന്നെയുമില്ല. വാമൊഴിയെ അപേക്ഷിച്ച് വരമൊഴിയുടെ പരിമിതിയും നാം മനസ്സിലാക്കണം. വരമൊഴി വാമൊഴിയാക്കി മാറ്റാൻ യാതൊരു പ്രയാസവുമില്ല. എന്നാൽ വാമൊഴി വരമൊഴിയിലാക്കി മാറ്റുമ്പോൾ അതിലെ പല അംശങ്ങളും നഷ്ടപ്പെടും. ഭാഷയുടെ ഈണം, പദങ്ങളുടെ ഊന്നൽ, വക്താവിന്റെ വികാരം മുതലായവ ലിഖിത രൂപം വിനിമയം ചെയ്യുന്നില്ല. ഇതിനെക്കാൾ പ്രധാനമായിട്ടുള്ളത് ഭാഷയുടെ യഥാർത്ഥ ശബ്ദങ്ങൾ പ്രകാശിപ്പിക്കാൻ തന്നെ പല ലിപി സമൂഹങ്ങൾക്കും സാധ്യമല്ല എന്നതാണ്.

ചുരുക്കത്തിൽ വാമൊഴിക്ക് വരമൊഴിയേക്കാളുള്ള പ്രാധാന്യം മനസ്സിലാക്കാൻ താഴെ പറയുന്ന മൂന്നു കാര്യങ്ങൾ നിരീക്ഷിച്ചാൽ മതി. ഒന്നാമതായി നിത്യജീവിതത്തിൽ നാം കൂടുതൽ ഉപയോഗിക്കുന്നത് വാമൊഴിയാണ്. ചില പ്രത്യേക സാഹചര്യങ്ങളിലല്ലാതെ നാം വരമൊഴി ഉപയോഗക്കാറില്ല. രണ്ടാമതായി ഇന്ന് ലോകത്തുള്ള ഒട്ടുമിക്ക ഭാഷകൾക്കും വരമൊഴിയില്ല. അത്തരം ഭാഷകൾ നിലനിൽക്കുന്നതും ജീവിക്കുന്നതും വാമൊഴിയിലൂടെ മാത്രമാണ്. മൂന്നാമതായി ചരിത്രപരമായ പഠനങ്ങൾ കാണിക്കുന്നത് വാമൊഴി ഉണ്ടായതിൽ പിന്നെ എത്രയോ കാലങ്ങൾ കഴിഞ്ഞാണ് വരമൊഴി രൂപപ്പെട്ടത് എന്നതാണ്.

## ലിപികളുടെ ചരിത്രം

ലിപികളുടെ ചരിത്രം പരിശോധിച്ചാൽ അത് കാലാകാലങ്ങളിൽ അപൂർണ്ണമായ ഒരു ഭാഷാപ്രകാശന സങ്കേതമായിരുന്നുവെന്ന് കാണാം. പഴയകാലത്ത് സമൂഹത്തിലെ ചുരുക്കം ചില ആളുകളുടെ സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾ രേഖപ്പെടുത്താനുപയോഗിച്ച പരിമിതമായ ഒരു കലാസങ്കേതമായിരുന്നു ലേഖനകല. വ്യാപകമായ ആശയവിനിമയത്തിന്റെ സ്ഥാനം അതിനില്ലായിരുന്നു. കുറ്റമറ്റ ലിപിവ്യവസ്ഥയുടെ അഭാവം, ഹസ്തലിഖിത സമ്പ്രദായത്തിന്റെ പരിമിതി, എഴുത്ത് വായിക്കാനറിയുന്നവരുടെ കുറവ് ഈ ഘടകങ്ങളെല്ലാം ഈയടുത്തകാലം വരെ എഴുത്തിലൂടെയുള്ള ആശയവിനിമയത്തെ പരിമിതപ്പെടുത്തിയ ഘടകങ്ങളായിരുന്നു. മറ്റൊരു പ്രധാന പരിമിതി, എല്ല്, കല്ല്, ഓല, ലോഹം മുതലായ മാധ്യമങ്ങളായിരുന്നു പുരാതനകാലത്ത് എഴുത്തിനുപയോഗിച്ചിരുന്നത് എന്നതാണ്. ഇതിന്റെ അസൗകര്യങ്ങളും ദൗർലഭ്യതയും സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അപര്യാപ്തതയും എഴുത്തിന്റെ വ്യാപകമായ പ്രചാരണത്തെ തടഞ്ഞുനിർത്തി.

പ്രാചീനകാലത്ത് വളരെ പരിമിതമായ തോതിൽ ഉപയോഗിച്ചിരുന്ന ലിപികൾ ചിത്രലിപി (Pictorograph) സൂത്രലിപി (logogram), പ്രതീകാത്മക ലിപി (Symbolic writing), ഭാവമൂലക ലിപി അഥവാ ആശയലിപി (Ideographic writing), ഭാവധ്വനി മൂലക ലിപി (Ideographic Phonetic Writing) ഭാഷധ്വനി മൂലക ലിപി (Phonetic writing) എന്നിങ്ങനെ ആറു രൂപത്തിലുള്ള ലിപികൾ പ്രാചീന കാലത്ത് പ്രയോഗിച്ചിരുന്നതായി ലിപി ശാസ്ത്രജ്ഞന്മാർ (Grammatology) വ്യക്തമാക്കുന്നു. ആദ്യത്തെ അക്ഷരലിപികൾക്ക് യഥാർത്ഥ ആശയവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ഐഡിയോഗ്രാഫിക്ക് റൈറ്റിങ്ങ് അല്ലെങ്കിൽ ഹിയറോഗ്രാഫിക്സ് റൈറ്റിങ്ങ് അഥവാ ഹിയറോഗ്രാഫിക്സ് (Hierograhphics) എന്നാൽ ഓരോ വ്യത്യസ്ത ആശയങ്ങളെ വ്യത്യസ്ത ചിത്രങ്ങളുടെ

സഹായത്തോടെ പ്രകാശിപ്പിക്കുന്ന രീതിയാണ്. കണ്ണിന്റെ ആശയം പ്രകാശിപ്പിക്കാൻ കണ്ണിന്റെ ചിത്രവും സൂര്യന്റെ ആശയം അർത്ഥമാക്കാൻ സൂര്യന്റെ ചിത്രവും ആണ് ഉപയോഗിച്ചത്. ഇവർക്ക് ഭാഷാശബ്ദങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. ഈ ലിപി രൂപങ്ങളെല്ലാം സുമറിയക്കാർ, ബാബിലോണിയക്കാർ, ഹിറ്റൈറ്റുകൾ, ചൈനക്കാർ, ആസ്ടെക്കുകൾ എന്നീ ജനതകളാണ് വികസിപ്പിച്ചെടുത്തത്. ഇവ ആശയവ്യക്തതക്ക് അപൂർണ്ണതകളും അസൗകര്യങ്ങളും സൃഷ്ടിക്കുന്നുവെന്ന് കണ്ടപ്പോൾ പ്രയോഗസൗകര്യമുള്ള ലിപികൾ സൃഷ്ടിക്കുവാൻ മനുഷ്യസമൂഹം നിർബന്ധിതരായി. ഇത് നൂതനമായ ലിപികൾ സൃഷ്ടിക്കാനുള്ള പ്രേരണ മനുഷ്യസമൂഹത്തിലുണ്ടാക്കി. ഈ പ്രേരണകൊണ്ടാണ് പിൽക്കാലത്ത് ഭാഷാശബ്ദങ്ങളോട് നീതിപുലർത്തുന്ന സ്വനാധിഷ്ഠിതമായ (Phoneme bases) ഭാഷാലിപികൾ രൂപപ്പെട്ടു തുടങ്ങിയത്.

## സ്വനവും (Phoneme) ലിപിയും

ഭാഷണകലയെ അഥവാ സ്വനപരമായ (Phoneme) വാമൊഴിയെ അടിസ്ഥാനമാക്കി എഴുത്ത് വിദ്യ വികസിപ്പിച്ചത് വളരെ സമീപകാലത്താണ്. പദലേഖം (Syallabic) അക്ഷരലേഖനം (Alphebetic writing) എന്നീ ലേഖന സമ്പ്രദായങ്ങളിലൂടെ അക്ഷരലേഖനകല വളരെ പതുക്കെ ഓരോ ഭാഷയിലും രൂപം കൊള്ളുകയായിരുന്നു. പല ഭാഷകളിലും ഇത് സംഭവിച്ചത് ഇതിഹാസങ്ങളും, കാവ്യങ്ങളും സമ്പന്നമായ സാഹിത്യങ്ങളും കാവ്യങ്ങളും സമ്പന്നമായ സാഹിത്യങ്ങളും രൂപം കൊണ്ട് വളരെ കാലം കഴിഞ്ഞാണ്. ഇത് അർത്ഥമാക്കുന്നത് മനുഷ്യഭാഷയുടെ അടിസ്ഥാനം ഒരിക്കലും എഴുത്തല്ല എന്നാണ്. മറിച്ച് ഭാഷയുടെയും വിജ്ഞാനത്തിന്റെയും അടിസ്ഥാനവും, വാഹനവും സ്വനിമങ്ങളാണ് അഥവാ ഭാഷയുടെ ശബ്ദമാത്രകളാണ് എന്നാണ്. യഥാർത്ഥത്തിൽ ലിപികളെ ഭാഷാശാസ്ത്രം സ്വനിമങ്ങളുടെ ചിഹ്നങ്ങളായി പോലും കണക്കാക്കുന്നില്ല. ഇത് എളുപ്പത്തിൽ മനസ്സിലാവാൻ സ്വനവിജ്ഞാനത്തിന്റെ (Phonetics) അടിസ്ഥാനത്തിൽ ഇംഗ്ലീഷ് ഭാഷയിലെ സ്പെല്ലിങ്ങ് വ്യവസ്ഥ നോക്കിയാൽ മതി. സ്വനിമങ്ങളോട് നീതിപുലർത്താൻ ഇന്നും സാധിക്കാത്തതാണ് ഇംഗ്ലീഷ് എഴുത്തുവിദ്യ. പദങ്ങളുടെ അക്ഷരലിപിവിന്യാസം (സ്പെല്ലിങ്ങ്) നോക്കി ഉച്ചരിക്കാൻ കഴിയാത്തതും, വിവിധതരത്തിലുള്ള ഉച്ചാരണ ഭേദങ്ങൾക്കൊണ്ട് പൊറുതിമുട്ടുന്നതുമായ ഭാഷയാണ് ഇംഗ്ലീഷ്. ഇതിനെ അന്തർദേശീയമായി മാനനീകരിക്കാൻ അഥവാ സ്റ്റാന്റേർഡൈസ് ചെയ്യാനാണ് ഇന്റർനാഷണൽ ഫോനെറ്റിക് അസോസിയേഷൻ (IPA) രൂപവത്കൃതമായത്. ഇംഗ്ലീഷിനെ അപേക്ഷിച്ച് അറബി ലിപി വ്യവസ്ഥപോലെതന്നെ മലയാളത്തിലും സ്പെല്ലിങ്ങിന്റെ (ലിപിവിന്യാസത്തിന്റെ) സങ്കീർണ്ണതകളൊന്നുമില്ല. ഭാഗ്യവശാൽ മലയാള ഭാഷ ഏകദേശം തൊണ്ണൂറു ശതമാനവും സ്വനാത്മകമാണ് (Phonetic) അതായത് ഭാഷാശബ്ദങ്ങളോട് നീതിപുലർത്തുന്ന ലിപികളാണ് മിക്കവാറും എഴുതിയത് പോലെ വായിക്കാൻ കഴിയും. മലയാള ലിപികൾ തന്നെ സ്വനാത്മകമായും അച്ചടിപരവുമായ സൗകര്യത്തിനും പൂർണതകക്കും വേണ്ടി പരിഷ്ക്കരിക്കണമെന്ന് ഭാഷാ വിദഗ്ദ്ധർ മുറവിളിക്കൂട്ടുന്നു. മലയാള ഭാഷയിൽ പഴയ കാലത്ത് എഴുതപ്പെട്ട വട്ടെഴുത്തും കോലേഴുത്തും ഇന്നു നമുക്ക് വായിക്കുവാൻ സാധ്യമല്ല. എല്ലാ ഭാഷകളിലും ലിപി പരിഷ്ക്കാരങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് എഴുത്ത് വിദ്യ ഭാഷയുടെ അപൂർണ്ണങ്ങളായ ഒരു ചിഹ്ന വ്യവസ്ഥ മാത്രമാണെന്നാണ്. ലിപിയെ സ്വനാത്മകമാക്കാനുള്ള പരിഷ്കരണങ്ങളാണ് എല്ലാ ഭാഷകളിലും നടന്നുകൊണ്ടിരിക്കുന്നത്.

## ഗുരുകുല സമ്പ്രദായം

പൗരാണിക കാലത്തെ ഭാരതീയ വിദ്യാഭ്യാസ സമ്പ്രദായമാണ് ഗുരുകുല വിദ്യാഭ്യാസ രീതി. ബോധനമാധ്യമം എന്ന നിലക്ക് എഴുത്ത് വിദ്യ ഗുരുകുല സമ്പ്രദായത്തിലില്ലായിരുന്നു. ഗുരുവിന്റെ ഗൃഹം തന്നെയായിരുന്നു പാഠശാല. ഉപനയനം (ഉപ = അരികിലേക്ക്. നയനം = കൊണ്ടുവരിക) മുതൽ സമാവർത്തനം (പഠനം പൂർത്തിയാക്കി തിരിച്ചുപോക്ക്) വരെ ഗുരുസാമീപ്യത്തിൽ നിന്നുകൊണ്ടുള്ള വിദ്യാഭ്യാസമായിരുന്നു ഗുരുകുലസമ്പ്രദായം. വേദങ്ങളുടെ വ്യാഖ്യാനമായ ഉപനിഷത്ത് എന്ന വിജ്ഞാനശാഖയുടെ നാമനിരുക്തി നൽകുന്ന സൂചനയും ലേഖന വിദ്യ കൂടാതെയുള്ള വാമൊഴിയായിരുന്നു അന്നത്തെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം എന്ന് തന്നെയാണ്. ഉപ = അരികെ, നി–സദ് = ഇരിക്കുക എന്നീ പദധാതുക്കളിൽ നിന്നാണ് ഉപനിഷദ് എന്ന പദമുണ്ടായത്. ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ എന്ന പുസ്തകത്തിൽ ശ്രീതായാട്ട് ശങ്കരൻ എഴുതിയത് കാണുക.

'ഉപനിഷത്തുകളുടെ വചനരീതിയിൽ നിന്നും അന്നത്തെ ശിക്ഷണ സമ്പ്രദായത്തെക്കുറിച്ച് നമുക്ക് ഒരു സാമാന്യ രൂപം കിട്ടുന്നു. ഗുരുശിഷ്യ സംവാദത്തിന്റെ രൂപത്തിലാണ് ഉപനിഷത്തുക്കൾ രചിക്കപ്പെട്ടത്. ശിഷ്യന്മാർ ചോദ്യം ചോദിക്കും. ഗുരു വിശദമായി വിവരിക്കും. ചിലപ്പോൾ കഥാകഥന രീതി കൈക്കൊള്ളും. ചിലപ്പോൾ പാരബിൾ (പ്രശ്നകഥകൾ) എന്ന രൂപത്തിലാവും വിഷയാവതരണം. പ്രശ്നം (ചോദ്യം) അഭിപ്രശ്നം (മറുചോദ്യം) പ്രശ്നവിവേകം (ഉത്തരം) ഈ രീതി സാർവ്വത്രികമായിരുന്നു. ഗുരു ഒരു പ്രവാചകനെ പോലെ ചൊല്ലിക്കൊടുക്കുന്ന രീതിയിലും ഇല്ലാതില്ല. ശിഷ്യന്റെ ചിന്താപരതയെ വളർത്തുന്നതിനും മനനം അനുപേക്ഷണീയമായ ഭാഗമായി ഗണിക്കപ്പെട്ടു (ഇ

ന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളി ലൂടെ - പേ. 4).

## അറബിഭാഷയും എഴുത്തുവിദ്യയും

അറബിഭാഷയുടെ ലിപികൾ എപ്പോഴാണ് രൂപപ്പെട്ടതെന്ന് ചരിത്ര കാരന്മാർക്ക് കൃത്യമായി പറയാൻ സാധിച്ചിട്ടില്ല. മുഹമ്മദ് നബി(സ)ക്ക് മുമ്പുള്ള ജാഹിലിയ്യാ (അജ്ഞാന) കാലഘട്ടത്തിൽ തന്നെ പ്രാകൃത രീതിയിലാണെങ്കിലും അറബിലിപി കൾ രൂപപ്പെട്ടിട്ടുണ്ട്. ഉമ്മുൽ ജിമാ ലിൽ നിന്നും (ക്രി. വ. 250) ജാഹി ലിയ്യാ കാലത്തെ അനശ്വര കവി ഇംറുൽ ഖൈ സിന്റെ കാലത്തെ എഴുത്തും റസൂൽ തിരുമേനി(സ) യുടെ ജനനത്തിന് 9 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട 'നഖ്ശു ഹർറാൻ' (ക്രി. വ. 562) ലിഖിതങ്ങളും ഇതിന് തെളിവാണ്. ഹർറാനിന് വടക്ക് ഭാഗത്ത് ദുറൂസ് പർവ്വതത്തിൽ കിനി രാജാവ് സ്ഥാപിച്ച ക്രിസ്ത്യൻ ദേവാലയത്തിന്റെ കവാടത്തിൽ രേഖപ്പെടുത്തിയ ലിഖിതമാണിത്.

അറബി ലിപി രൂപപ്പെട്ടത് നബ്ത്വിയൻ ശൈലിയിൽ നിന്നാ ണെന്ന് പറയപ്പെടുന്നു. ബൽറാഇലെ (ജോർദ്ദാൻ) നബ്ത്വിയൻ ഭരണകാ ലത്താണ് ഇത് രൂപപ്പെട്ടത്. ക്രി. വ. അഞ്ചാം നൂറ്റാണ്ടിൽ അറേബ്യയിലെ ചുരുക്കം ചില കുലീനർ അറബി ലേഖനവിദ്യ അഭ്യസിച്ചിരുന്നു. അറേ ബ്യയിലെ ഹിജാസിലും ഈ ലേഖ നവിദ്യ പരിമിതമായ തോതിൽ കുലീ ന വൃത്തങ്ങളിൽ പ്രചരിക്കുകയു ണ്ടായി. മക്കയിൽ ഇത് പ്രചരിപ്പിച്ചത് അബ്ദിൽ മലിക്കാണ്. ഖുറൈശി ഗോത്രത്തിലെ അപൂർവ്വം ഉന്നതർ ഇദ്ദേഹത്തിൽ നിന്നാണ് അക്ഷരലേ ഖന കല അഭ്യസിച്ചതെന്ന് കരുത പ്പെടുന്നു. അവരിൽ പ്രമുഖർ ഉമറു ബ്നുൽ ഖത്വാവ്, അലിയ്യുബ്നു അബീത്വാലിബ്, ഉസ്മാനുബ്നു അഫ്ഫാൻ, തൽഹതുബ്നു ഉബൈ ദില്ല, മുആവിയ മുതലായവരാണ്. അച്ചടിയും കടലാസും ഇല്ലാത്തതും സാങ്കേതിക പരിജ്ഞാനത്തിൽ യാതൊരു പുരോഗതിയുമില്ലാത്തതു മായ അറബി സമൂഹത്തിൽ എഴുത്ത് വിദ്യ ഉന്നതകുലജാതരിൽ മാത്രം പരിമിതമായിരുന്ന ഒരു സർഗ്ഗകല മാത്രമായിരുന്നു. രാജാ ക്കന്മാരും ഗോത്രത്തലവന്മാരും നയ തന്ത്ര കരാറുകൾ രേഖപ്പെടു ത്താനും എഴുത്ത് വിദ്യ ഉപയോഗി ച്ചിരുന്നതായി കാണാം.

ആദ്യകാല അറബി എഴുത്ത് 'ജസ്മ' എന്നായിരുന്നു അറിയപ്പെ ട്ടിരുന്നത്. അറബി ഭാഷയിൽ ലേഖ നവിദ്യയും വിനിമയയോഗ്യമായ ലിപി സമ്പ്രദായവും ആരംഭിച്ചത് ഇസ്‌ലാമിന്റെ ആവിർഭാവത്തോടു കൂടിയാണ്. അറബി ലിപിയുടെ വികാസത്തിന് ഏറ്റവും മുഖ്യപങ്ക് വഹിച്ചത് വിശുദ്ധ ഖുർആനാണ്. റസൂൽ തിരുമേനി(സ) സ്വയം നിര ക്ഷരനാണെങ്കിലും എഴുത്ത് വിദ്യ യുടെ അന്യാദൃശവും അതുല്യവു മായ സാങ്കേതികശക്തിയും ഭാവി ലോകത്ത് അതിനു കൈവരുന്ന പ്രാധാന്യവും കണക്കിലെടുത്ത് ലേഖനവിദ്യയെ പരമാവധി പ്രോത്സാഹിപ്പിക്കുകയാണുണ്ടായ ത്. ഖുർആന്റെ അവികലമായ സംര ക്ഷണത്തിനു വേണ്ടിയാണ് കുറ്റമറ്റ രീതിയിൽ അറബി ലിപികളിൽ വ്യഞ്ജനാക്ഷരങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വരചിഹ്നങ്ങൾ (ഹർകത്) ഇടുന്ന സമ്പ്രദായം പിന്നീട് ഉണ്ടായതാണ്. കൂഫി, മഗ്‌രി ബി, നഖ്ശ് മുതലായ ലിപികൾ നിര വധി പരിഷ്കരണങ്ങളിലൂടെയാണ് നിലവിൽ വന്നത്. അതിന് ശേഷ മാണ് ലിപികൾ മാത്രം നോക്കി ഖുർ ആൻ തെറ്റുകൂടാതെ ഓതാൻ കഴി യുന്നത്. അറബി ലിപികളുടെ പരി ണാമചരിത്രം പറയുമ്പോൾ കേരള ത്തിലെ പൊന്നാനിയിലെ അറബി ലിപികൾ പ്രത്യേകം പ്രസ്താവ്യമാ ണ്. അക്ഷരങ്ങളുടെ അടിഭാഗം നല്ലത് പോലെ തടിച്ച മൂലകോണു കളോടെ എഴുതുന്ന സമ്പൂർണ്ണ അറബി ലിപി പൊന്നാനി ലിപി യാണ് എന്നത് കേരളീയർക്ക് അഭി മാനകരമാണ്. അനറബികൾക്ക് ഖുർ ആന്റെ ഏറ്റവും സുഖമായ വായ നക്ക് ഉതകുന്നതാണ് ഈ ലിപി. 'ഖത്തു ഫുന്നാനി' എന്നാണ് ഈ ലിപി അറിയപ്പെടുന്നത്. കുറ്റമറ്റ രീതി യിൽ അതായത് ശരിയായ ഉച്ചാര ണം,രാഗം, മുഴക്കം, ശബ്ദത്തിന്റെ ലഘു ഗുരു ക്രമീകരണം, താളം മുതലായവ പാലിച്ചുകൊണ്ട് ഖുർ ആൻ ഓതണമെങ്കിൽ തജ്‌വീദിന്റെ നിയമങ്ങൾ പഠിക്കേണ്ടത് ആവശ്യ മാണ്. അത് ലിപി മുഖേനയല്ല. ഗുരു മുഖത്ത് നിന്നു തന്നെ പഠിക്കണം.

## റസൂൽ തിരുമേനി(സ)യുടെ കാലത്തെ ലിഖിത സാഹിത്യം

എഴുത്ത് വിദ്യ ഒരു സർഗ്ഗകല എന്നതിൽ കവിഞ്ഞ് വിജ്ഞാന സമ്പാദനത്തിനോ സാഹിത്യപ്ര വർത്തിനോ അവർ ഉപയോഗിച്ചിരു ന്നില്ല. വാമൊഴി പ്രധാനമായ കവി ത, പ്രഭാഷണകല മുതലായ സാഹി ത്യരൂപങ്ങളായിരുന്നു അക്കാലത്തു ണ്ടായിരുന്നത്. മറ്റു യാതൊരു മത ഗ്രന്ഥങ്ങളുടേയും ലിഖിതരൂപം അറേബ്യയായിൽ ഉണ്ടായിരുന്നില്ല. ബൈബിളിന്റെ ഏറ്റവും പുരാതന മായ ലിഖിതരൂപം ജെറുസലേമിൽ നിന്നും കണ്ടെടുക്കപ്പെട്ട 'കോഡ ക്സ് സിനിയാറ്റിക്സ്' ആണല്ലോ. മരത്തോലിൽ മെഴുകുപുരട്ടി എഴു തിയ ബൈബിളിന്റെ ഗ്രീക്ക് വിവർത്തനം എ.ഡി. നാലാം നൂറ്റാ ണ്ടിലാണ് എഴുതപ്പെട്ടത്. ഇത്തരം അപൂർവ്വ ഗ്രന്ഥങ്ങൾ രാജാക്കന്മാ രുടെ കൊട്ടാരങ്ങളിലോ പുരാതന വിദ്യാപീഠങ്ങളിലേ മാത്രമാണ് സൂക്ഷിക്കപ്പെട്ടിരുന്നത്. ഇന്നത്ത ഗ്രന്ഥങ്ങളെപോലെ അവ വ്യാപക മായിരുന്നില്ല. റസൂൽ തിരുമേനി(സ) യുടെ കാലത്ത് അവിടുത്തെ പത്നി യായിരുന്ന ഖദീജ(റ)യുടെ അമ്മാ വൻ വറഖത്ബ്നു നൗഫൽ ക്രിസ്തുമതം സ്വീകരിച്ച ഒരു ബൈബിൾ പണ്ഡിതനായിരുന്നു. പക്ഷേ അദ്ദേഹം 'ബൈബിൾ ചില ഭാഗങ്ങൾ ഹീബ്രുഭാഷയിൽ എഴു തുന്ന ആളായിരുന്നു എന്നാണ്' ബുഖാരിയിലെ ഹദീസിൽ പറയുന്ന ത്. അറബിയിൽ എഴുതിയിരുന്നു എന്ന മറ്റൊരു നിവേദനമുണ്ടെ ങ്കിലും ബുഖാരിയിലെ പരാമർശ മാണ് പരിഗണനീയമെന്ന് വറഖ

ത്ബിനു നൗഫൽ എഴുതിയത് ഹീബ്രുവല്ല ഗ്രീക്ക് ബൈബിളാകാനാണ് സാധ്യത എന്നും അഹമദിയ്യാ ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ത്തുൽ അഭിപ്രായപെട്ടിട്ടുണ്ട്. കാരണം അക്കാലത്ത് ബൈബിൾ സാഹിത്യം മുഴുവനും ഗ്രീക്ക് ഭാഷയിലാണ്. ഹീബ്രു അക്കാലത്ത് തന്നെ മാതൃഭാഷയായിക്കഴിഞ്ഞിരുന്നു. ഏതായാലും ഇഞ്ചീൽ (ബൈബിൾ) അറബിഭാഷയിൽ പൂർണ്ണമായി ഭാഗികമായിപ്പോലുമോ ഉണ്ടായിരുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. റസൂൽ തിരുമേനി (സ)യുടെ കാലത്ത് ബൈബിൾ അറബിയിൽ എഴുതപ്പെട്ടിരുന്നുവെങ്കിൽ ആദ്യകാല മുസ്‌ലിംകൾ ബൈബിൾ ചരിത്രങ്ങളെപറ്റിയും പാഠങ്ങളെപറ്റിയും അറിയുമായിരുന്നു. അവരാരും ബൈബിൾ പരിജ്ഞാനം ഉള്ളവരായിരുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. അതുപോലെ തൗറാത്തും അറബിയിൽ അക്കാലത്ത് ലഭ്യമായിരുന്നില്ല. തൗറാത്തിനെപറ്റി എന്തെങ്കിലും റസൂൽ തിരുമേനി(സ)ക്ക് അറിയേണ്ടതുണ്ടെങ്കിൽ മദീനയിലെ യഹൂദനും ബൈബിൾ പണ്ഡിതനുമായിരുന്ന അബ്ദുല്ലാഹി ഇബ്നു സലാമിനെയായിരുന്നു സമീപിച്ചിരുന്നത്.

നമ്മുടെ മലയാളമടക്കം മറ്റു സമൂഹങ്ങളിലെന്നപോലെ അറബി സാഹിത്യത്തിൽ ആദ്യം രൂപപ്പെട്ടത് കവിതയാണ്. ജാഹിലിയ്യാ കാലത്തുള്ള രചനകളെല്ലാം എഴുതപ്പെട്ടത് ഇസ്‌ലാം ആവിർഭവിച്ച് വളരെ കഴിഞ്ഞതിന് ശേഷമാണ് - വാമൊഴിയായിട്ടാണ് ഈ കവിതകൾ അറബി സമൂഹത്തിൽ പ്രചരിച്ചത്. ഭാരതത്തിൽ തന്നെ രാമായണം എഴുതിയ വാത്മീകിയോ, മഹാഭാരതം എഴുതിയ വ്യാസനോ സാക്ഷരരായിരുന്നില്ല. പുരാതനകാലത്ത് കവിതാ രൂപത്തിൽ ഗാനാത്മകമായി രചിക്കപ്പെട്ട ഈ സൃഷ്ടികളുടെ കവിതാരൂപത്തിൽ ഗാനാത്മകമായുള്ള രചനാരീതി തന്നെ കൂടുതൽ ഓർത്തിരിക്കാനും ജനങ്ങൾക്കിടയിൽ പ്രചാരണം നേടാനും വേണ്ടിയാണ്. ഇന്ന് നാം അക്ഷരത്തിൽ ശേഖരിച്ച് വെക്കുന്നതിന് പകരം മനസ്സിൽ ഓർത്തു വെക്കാനാണ് കവിതാശൈലി. ജാഹിലിയ്യാ കാലത്തെ അറബികളെ സംബന്ധിച്ചിടത്തോളം കവിത എന്നത് ദൈനംദിന ജീവിതമായി ബന്ധപ്പെട്ട ഒരു സാഹിത്യ പ്രസ്ഥാനമായിരുന്നു. ഇത്രയധികം കവിതയുമായി കെട്ടുപിണഞ്ഞ മറ്റൊരു പൗരാണിക സമൂഹവുമില്ല എന്ന് പണ്ഡിതന്മാർ പറയുന്നു. ഖസീദ (ഗീതകം) ആയിരുന്നു അംഗീകൃത കാവ്യരൂപം ജാഹിലിയ്യാ കാലത്ത് ഏറ്റവും നല്ല ഏഴു കവിതകൾ അവർ തിരഞ്ഞെടുത്തിരുന്നു. 'സബ്ഉൽ മുഅല്ലഖാത്' എന്നായിരുന്നു ഇത് അറിയപ്പെടുന്നത്. തിരഞ്ഞെടുക്കപ്പെട്ട ആ ഏഴു കവിതകൾ അവർ തിരഞ്ഞെടുത്തിരുന്നു. 'സബ്ഉൽ മുഅല്ലഖാത്' എന്നായിരുന്നു ഇത് അറിയപ്പെടുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഈ ഏഴു കവിതകൾ കഅ്ബയിൽ എഴുതി കെട്ടിത്തൂക്കുക പതിവാണെന്നായിരുന്നു പറയപ്പെട്ടിരുന്നത്. 'തിരഞ്ഞെടക്കപ്പെട്ട ഏഴെണ്ണം എന്ന് മാത്രമാണ് ഇതിനർത്ഥമെന്നും എഴുതി കെട്ടിതൂക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നില്ല എന്നും ചില ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. 'മുഅല്ലഖത്' എന്ന പദം ഇതിൽ നിന്നും ഉത്ഭുതമായതല്ലെന്ന് പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്. കാരണം ഏറെക്കുറെ മഹാഭൂരിപക്ഷവും നിരക്ഷരരായിരുന്ന അക്കാലത്ത് ജനകീയ മാധ്യമം എന്ന നിലക്ക് കവിതക്ക് ലിഖിതരൂപമുണ്ടായിരുന്നില്ല, വാചകരൂപത്തിലായിരുന്നു അവ പ്രചരിക്കപ്പെട്ടത്.

ജാഹിലിയ്യാ കാലത്തും ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷവും വാമൊഴി രൂപത്തിൽ പ്രചരിക്കപ്പെട്ട സാഹിത്യം ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷം വളരെ കഴിഞ്ഞ് അക്ഷരലേഖന വിദ്യ വ്യാപകമായി പ്രചരിക്കപ്പെട്ടതിന് ശേഷമാണ് ഏടുകളിലേക്ക് പകർത്തപ്പെട്ടത്.

## റസൂൽ തിരുമേനി(സ) സാക്ഷരനായിരുന്നുവോ?

എഴുത്ത് വിദ്യ വ്യാപകമായി ഉപയോഗിക്കപ്പെടുകയും അതിബൃഹത്തായ സഞ്ചിത വിജ്ഞാനങ്ങളെല്ലാം ലിപികളിൽ അച്ചടിച്ചു പുസ്തകങ്ങളായി സൂക്ഷിക്കുകയും വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് നിരക്ഷരൻ എന്ന വിശേഷണം ഒരുപക്ഷേ ദുരർത്ഥങ്ങളുണ്ടാക്കുന്ന ഒരു പ്രയോഗമായിരിക്കാം. പുസ്തകങ്ങളുടെ വ്യാപകമായ പ്രചാരണം താരതമ്യേന ഈയടുത്ത കാലത്ത് സംഭവിച്ചതാണ്. ആധുനികയുഗത്തിൽ ലിഖിതസാഹിത്യ പാരവാരത്തിന് നടുവിലിരുന്ന് ചരിത്രബോധം നഷ്ടപ്പെട്ട നമ്മുടെ മുസ്‌ലിം ബുദ്ധിജീവികൾക്ക് ആയിരത്തി നാന്നൂറ് വർഷങ്ങൾക്ക് മുമ്പുള്ള സാങ്കേതിക വിദ്യയെപറ്റി മറന്നുപോകുന്നു. റസൂൽ തിരുമേനി(സ) ജനിക്കുന്ന കാലത്ത് ഗോത്രവർഗ്ഗ ജീവിതം നയിച്ചിരുന്ന അറബികളിൽ എഴുത്ത് വിദ്യ അത്യപൂർവ്വമായിരുന്നു. അതുകൊണ്ടാണല്ലോ ആ ജനതയെ വിശുദ്ധ ഖുർആൻ 'നിരക്ഷരർ' എന്ന് വിശേഷിപ്പിച്ചത്. മാത്രമല്ല ലിപി വിജ്ഞാനം എന്നത് ഒരു സാമൂഹ്യജ്ഞാനമായതിനാൽ ഒറ്റതിരിഞ്ഞ് എഴുത്ത് വിദ്യ കരസ്ഥമാക്കാനും സാധ്യമല്ല. ഒരു സർഗ്ഗകലയായോ അല്ലെങ്കിൽ ഗോത്രങ്ങൾ തമ്മിലോ, രാജാക്കന്മാർ തമ്മിലോ ഉള്ള നയതന്ത്ര കരാറുകൾ രേഖപ്പെടുത്താൻ ഉന്നത വൃത്തങ്ങളിൽ മാത്രം പ്രചാരണമുള്ള ഒരു സമ്പ്രദായമോ ആയിരിക്കാം അന്നത്തെ എഴുത്ത് കല വ്യാപകമായ വിജ്ഞാന വിനിമയവും സാഹിത്യപ്രവർത്തനത്തിനും എഴുത്ത് വിദ്യ ഉപയോഗിച്ചിരുന്നില്ല എന്ന് തീർച്ചയാണ്. അതിലെ പല സാങ്കേതിക ഉപാധികളും വേണ്ടവിധം അക്കാലത്ത് വികസിച്ചിരുന്നില്ല.

റസൂൽ തിരുമേനി(സ) സാക്ഷരനായിരുന്നു എന്ന് തെളിയിക്കാൻ പുരോഗമനവാദികളായ മുസ്‌ലിം പണ്ഡിതന്മാർ ഉന്നയിക്കുന്ന ഒരു

വാദം ഹുദൈബിയ്യാ സന്ധിവേളയിൽ എഴുതപ്പെട്ട കരാർ റസൂൽ തിരുമേനി മായ്ക്കുകയും തിരുത്തിയെഴുതുകയും ചെയ്തു എന്നതാണ് ഇത് സംബന്ധിച്ച ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) പ്രസ്തുത ഹദീസ് ഉദ്ധരിച്ച് നടത്തിയ പരാമർശം ശ്രദ്ധേയമാണ്.

'ഹുദയ്ബിയാ സന്ധി എഴുതുന്നതിന്നായി സുഹൈലും ഹ അലി (റ)യും തയ്യാറായി. റസൂൽ തിരുമേനി (സ) പറഞ്ഞു. 'ബിസ്മില്ലാഹിർ റഹ്മാനിറഹിം' (പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്നെഴുതുക എന്ന് ആജ്ഞാപിച്ചു. അപ്പോൾ സുഹൈൽ റസൂലുല്ലാഹ് എന്ന വാക്കു ഞങ്ങൾ വിശ്വസിക്കാത്ത ഒന്നാണ്. അതുകൊണ്ടു തന്നെ റസൂലല്ലാ എന്ന വാക്കെഴുതാൻ പറ്റുകയില്ല. അതുകൊണ്ട് മുഹമ്മദുബിൻ അബ്ദുല്ലാ എന്നെഴുതുക എന്നും പറഞ്ഞു. അപ്പോൾ തിരുമേനി(സ) നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ റസൂലുല്ലാഹ് ആണ്. അതോടൊപ്പം ഞാൻ മുഹമ്മദുബിൻ അബ്ദുല്ലായും ആണ്. അതുകൊണ്ട് ഈ സന്ധി മുഹമ്മദ് ബിന് അബ്ദുല്ലയോടാണ് എന്നെഴുതുക എന്ന് പറഞ്ഞു. ഇതിന്നിടയിൽ ഹദ്റത്ത് അലി(റ) മുഹമ്മദ് റസൂലുല്ലാഹ് എന്നെഴുതിപ്പോയിട്ടുണ്ടായിരുന്നു. ഹദ്റത്ത് അലിയോട് ഹ: മുഹമ്മദ് നബി(സ) അദ്ദേഹം എഴുതിപ്പോയ മുഹമ്മദു റസൂലുല്ലാഹ് മായിച്ചുകളയുവാനും മുഹമ്മദുബിൻ അബ്ദുല്ലാ എന്നെഴുതാനും അരുൾ ചെയ്തു. അപ്പോൾ ഹദ്റത്ത് അലി(റ) യാറസൂലല്ലാഹ് ഞാൻ അങ്ങയുടെ നാമത്തോടെയുള്ള റസൂലുല്ലാഹ് എന്നവാക്കു മായിക്കുന്നതല്ല എന്നു രോഷത്തോടെ പറഞ്ഞു. അദ്ദേഹത്തിന്റെ അപ്പോഴത്തെ അവസ്ഥ കണ്ട റസൂൽ തിരുമേനി(സ) ശരി, നീ വായിക്കുന്നില്ലെങ്കിൽ എനിക്കു തരൂ. ഞാൻ വായിക്കുന്നവനാണെന്നു പറഞ്ഞു പ്രസ്തുത പത്രം വാങ്ങി പ്രസ്തുത വാക്കെഴുതിയതെവിടെയാണെന്നു ചോദിച്ചു. ആ സ്ഥലം സ്വന്തം കൈകൊണ്ടു മായിക്കുകയും ഇബ്നു അബ്ദുല്ല എന്നെഴുതുകയും ചെയ്തു. (ബുഖാരി കിതാബുൽ മഗാസി, മുസ്‌ലിം അദ്ധ്യായം സുലഹ് ഹുദൈബിയ) ഹദ്റത്ത് റസൂൽ തിരുമേനി(സ) അക്ഷരജ്ഞാനമില്ലാത്ത സ്ഥിതിക്കു അദ്ദേഹം അങ്ങനെ ഇബ്നു അബ്ദുല്ലാ എന്നെഴുതി എന്ന സംശയം ഉദിക്കാവുന്നതാണ്. എന്നാൽ അദ്ദേഹത്തിനു തന്റെ പേരിന്റെ അക്ഷരങ്ങൾ എന്തൊക്കെയാണെന്നു മനസ്സിലാക്കാവുന്നതാണല്ലോ. അതിനു വിദ്യാലയങ്ങളിൽ പോയി പഠിക്കേണ്ടതില്ലല്ലോ. നിരക്ഷരകുക്ഷികളായ പലർക്കും വികൃതമായ രീതിയിൽ തങ്ങളുടെ പേരു മാത്രമെങ്കിലും എഴുതാൻ സാധിക്കുന്നതായി നാം കാണുന്നുണ്ടല്ലോ. കൂടാതെ അറബി ഭാഷാ ശൈലിയിൽ 'യക്തുബു' എന്നതിന്നു എഴുതിക്കുക എന്നുമർത്ഥമുണ്ട്. ഹദ്റത്ത് അലി(റ)ക്കു റസൂലുല്ലാഹ് എന്ന പദം മായിക്കുന്നതിലായിരുന്നു എതിർപ്പുണ്ടായിരുന്നത്. ഇതിനു അബ്ദുല്ല എന്നെഴുതുന്നതിലായിരുന്നില്ല. അതുകൊണ്ട് ഇബ്നു അബ്ദുല്ലാ എന്ന പേര് അദ്ദേഹത്തെക്കൊണ്ട് എഴുതിക്കാവുന്നതാണല്ലോ.

(ഖാതമുന്നബിയ്യീൻ പേജ്: മിർസാ ബശീർ അഹ്മദ് എം.എ. 764, 765).

റസൂൽ തിരുമേനി(സ) എഴുത്തും വായനയും പഠിച്ചയാളാണെന്നതിന് ഉന്നയിക്കുന്ന മറ്റൊരു വാദം ഹദ്റത്ത് മുആവിയ (റ)നോട് റസൂൽ തിരുമേനി(സ) എന്നീ അക്ഷരങ്ങൾ വടിവോടെ എഴുതുവാൻ താക്കീത് ചെയ്തു എന്ന ഹദീസ് അവലംബിച്ചുകൊണ്ടുള്ളതാണ്. അബ്ബാസിയ്യാ കാലഘട്ടത്തിൽ ഉമയാടുകളെപറ്റി അപകീർത്തികരമായ നിരവധി ഹദീസുകൾ കെട്ടിച്ചമച്ചിട്ടുണ്ട്. അക്കൂട്ടത്തിൽപ്പെട്ടതായിരിക്കും ഈ ഹദീസ് എന്നാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ നിഗമനം.

അമവിയ്യാ കുടുംബത്തിലെ സാക്ഷരനും പ്രഗത്ഭനും കുലീനനുമായ മുആവിയാക്ക് എന്നീ അക്ഷരങ്ങൾ പോലും എഴുതാൻ അറിയില്ല എന്നു വരുത്തിത്തീർക്കാൻ പിൽക്കാലത്ത് അബ്ബാസികൾ പടച്ചുണ്ടാക്കിയതായിരിക്കാം ഈ ഹദീസ് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ചിലപ്പോൾ ഖുർആൻ ഓതുമ്പോൾ ഓത്തന്മാരുടെ ഓത്ത് മുറിഞ്ഞുപോകാറുണ്ട്. ഒരിക്കൽ റസൂൽ തിരുമേനി(സ) അതിന്റെ കാരണം ചോദിച്ചപ്പോൾ എന്നീ അക്ഷരങ്ങൾ വ്യക്തമാകാത്തതുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് മറുപടി കിട്ടി. ഒരുപക്ഷേ അത്തരം സന്ദർഭത്തിൽ അതെഴുതിയ മുആവിയയോടു വ്യക്തമായി എഴുതണമെന്ന് റസൂൽ തിരുമേനി ഉപദേശിച്ചതുമാകാം ഈ ഹദീസിന് കാരണമെന്നും ഖലീഫത്തുൽ മസീഹ് രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റൊരു വാദം 'ഇഖ്റഅ്' എന്ന ഖുർആന്റെ ആദ്യവചനം വായിക്കാനുള്ള ആദ്യത്തെ ആഹ്വാനമായിരുന്നു. ഇത് പ്രകാരം റസൂൽ തിരുമേനി വായന പഠിച്ചിരിക്കണം എന്നാണ് 'ഇഖ്റഅ്' എന്ന പദത്തിന് 'വായിക്കുക' എന്നുകൂടി അർത്ഥവുമുണ്ട്. റസൂൽ തിരുമേനി(സ)ക്ക് 'ഇഖ്റഅ്' എന്ന ആദ്യ വെളിപാട് ലഭിച്ച അവതരണ സന്ദർഭത്തിന്റെ ന്യായംവെച്ച് ഒരിക്കലും 'വായിക്കുക' എന്ന അർത്ഥം സംഗതമാവില്ല. 'ഓതുക' എന്ന അർത്ഥമാണ് അവിടെ ഏറ്റവും അനുയോജ്യമായിരിക്കുക. കാരണം മലക്ക് ജിബ്രീൽ എഴുതി തയ്യാറാക്കിയ ഒരു പത്രികയോ ഫലകമോ റസൂൽ തിരുമേനി(സ) മുമ്പിൽ പ്രദർശിപ്പിച്ച് വായിക്കാൻ പറഞ്ഞതല്ലല്ലോ. അതുകൊണ്ടാണ് ഇവിടെ ഒരു മാതൃക എന്ന അർത്ഥമാണ് ചേരുക എന്ന് പറയുന്നത്. ''ഖറഅ'' എന്ന പദത്തിൽ നിന്നും നിഷ്പന്നമായ 'ഖാരി' എന്ന പദത്തിൽ, 'ഖുർആൻ മനപ്പാഠത്തോടെ ഓതുന്നയാൾ' എന്നാണ് അർത്ഥം. അന്ധന്മാരായ ഖുർആൻ ഓത്തന്മാർക്കും 'ഖാരി'

എന്നാണ് പറയുക.

## നിരക്ഷരത: റസൂൽ തിരുമേനി (സ)യുടെ യോഗ്യത

വിശുദ്ധ ഖുർആന്റെ സാഹിത്യഗരിമയും തത്വജ്ഞാന പൂർണ്ണതയും അത്യുജ്ജ്വലമായ പ്രതിപാദനശൈലിയിലും അന്നത്തെ പോലെ ഇന്നും അജയ്യമാണ്. പൂർവ്വ വേദങ്ങളിൽ നിന്നുള്ള ചരിത്രകഥകൾ ഖുർആനിൽ മുഴുക്കെ നിറഞ്ഞുകിടക്കുകയും ചെയ്യുന്നു. ഈ ഘടകങ്ങൾ റസൂൽ തിരുമേനി(സ) ആരിൽ നിന്നോ പഠിച്ചു ഖുർആൻ രചിച്ചതാണെന്ന വാദം അക്കാലത്ത് തന്നെ ഇസ്‌ലാമിന്റെ ശത്രുക്കൾ ഉയർത്തിയിരുന്നു. ആ ആരോപണം തന്നെയാണ് വളരെ വിദഗ്ദമായ രീതിയിൽ ഓറിയന്റലിസ്റ്റുകളും ക്രിസ്ത്യൻ വിമർശകന്മാരും റസൂൽ തിരുമേനി(സ)ക്ക് നേരെ ഉന്നയിക്കുന്നത്. ഖുർആനിലും ഈ ആരോപണത്തെ സംബന്ധിച്ച് പരാമർശവും വളരെ ഗഹനമായ രീതിയിൽ മറുപടിയുമുണ്ട്. ഖുർആൻ പറയുന്നു; 'ഒരു മനുഷ്യനാണ് അദ്ദേഹത്തിനിത് പഠിപ്പിച്ചുകൊടുക്കുന്നതെന്ന് അവർ പറയുന്നതായി തീർച്ചയായും നാം അറിയുന്നുണ്ട്. (പക്ഷേ) ഏതൊരു മനുഷ്യനുമായി അവർ അതിനെ സംബന്ധിക്കുന്നുവോ അയാളുടെ ഭാഷ അനറബിയാണ്. ഇതാകട്ടെ സ്പഷ്ടമായ അറബി ഭാഷയാണ് (16:104). അക്കാലത്ത് അറബി ഭാഷയിൽ യാതൊരു മതഗ്രന്ഥവും വിവർത്തനം ചെയ്യപ്പെട്ടിരുന്നില്ല എന്ന് മേൽ വിവരിച്ചുവല്ലോ. മാത്രമല്ല അക്കാലത്ത് ഗ്രീക്കിലോ ഹിബ്രുവിലോ ഉണ്ടായിരുന്ന ബൈബിളിലെ പ്രവാചക കഥകൾ ഖുർആനിലെ പ്രവാചക ചരിത്രങ്ങളുമായി സ്ഥൂലാർത്ഥത്തിലാണ് സാമ്യതയുള്ളത്. സൂക്ഷ്മമായ വിവരണങ്ങളിലും പ്രതിപാദനശൈലിയിലും ഇതിവൃത്തത്തിലുമെല്ലാം ബൈബിൾ കഥകളുമായി അത് വളരെയധികം വ്യത്യസ്തമാണ്. ഇക്കാര്യം വളരെയേറെ വിശദീകരിക്കേണ്ടതുണ്ട്. പദനിരുക്തിയുള്ളതും ഗഹനവുമായ അറബിഭാഷയിലുള്ള ഖുർആനിക വചനങ്ങൾ വളരെ വിശാലവും സൂക്ഷ്മവും യുക്തിപരവുമായ വിശദീകരണങ്ങൾ സ്വയം നൽകുന്നതുമാണ്.

ചുരുക്കത്തിൽ റസൂൽ തിരുമേനിയുടെ ജ്ഞാനം പൂർണ്ണമായും വൈദികവെളിപാടിൽ നിന്നുള്ളതാണ്. തിരുമേനി(സ)ക്ക് ലഭിച്ച സ്വഛവും ശുദ്ധവുമായ ശാബ്ദിക വെളിപാടുകളുടെ സമാഹാരമാണ് വിശുദ്ധ ഖുർആൻ. അവിടുത്തെ ജ്ഞാന സ്രോതസ്സിനെപ്പറ്റി വിശുദ്ധ ഖുർആൻ പറയുന്നു: **'അദ്ദേഹം സ്വേച്ഛയനുസരിച്ച് സംസാരിക്കുന്നില്ല. ഇത് അദ്ദേഹത്തിന് ബോധനം ചെയ്യപ്പെടുന്ന ദിവ്യസന്ദേശമല്ലാതെ മറ്റൊന്നുമല്ല. ആ മഹാശക്തൻ അദ്ദേഹത്തിന് അത് പഠിപ്പിച്ചുകൊടുത്തിരിക്കുന്നു' (53:4,5,6)**. റസൂൽ തിരുമേനി(സ)യുടെ തിരുമുഖത്ത് നിന്നും വരുന്ന എല്ലാ ഉദീരണങ്ങളും ദൈവജ്ഞാന നിർഝരിയായിരുന്നു. സർവ്വജ്ഞാനിയായ ദൈവമാണ് പ്രവാചകനെ പഠിപ്പിച്ചത്. നമുക്ക് മനസ്സിലാവാൻ വേണ്ടി അക്ഷരങ്ങളിൽ ഖനീഭവിച്ച് ഒരു സ്ഥൂലയാഥാർത്ഥ്യമായി വിശുദ്ധ ഖുർആൻ നമ്മുടെ മുമ്പിൽ നിൽക്കുന്നു. റസൂൽ തിരുമേനി(സ)ക്ക് ലഭിച്ച ആ പവിത്രഗ്രന്ഥത്തെ ആർക്കുവേണമെങ്കിലും മറ്റു ഗ്രന്ഥങ്ങളുമായോ മനുഷ്യയുക്തിയുമായോ മാറ്റുരച്ചു നോക്കാവുന്നതാണ്. വിശുദ്ധ ഖുർആൻ അജയ്യമാണ്. അതിന്റെ സ്വീകർത്താവിന്റെ പരിപാവനമായ ദിവ്യജ്ഞാനം മനുഷ്യകൃതമായ ഒരു ഗ്രന്ഥവിജ്ഞാനവും സ്പർശിച്ചിട്ടില്ല. അതുകൊണ്ടാണ് നബിതിരുമേനി(സ)യുടെ നിരക്ഷരത അവിടുത്തെ അയോഗ്യതയല്ല, മറിച്ച് യോഗ്യതയാണ് എന്ന് പറയുന്നത്.

### ഉപസംഹാരം

മനുഷ്യന്റെ വൈജ്ഞാനിക സമ്പത്തുമായി ഏറ്റവും കൂടുതൽ അടുത്തുനിൽക്കുന്ന ഒരു സാങ്കേതികവിദ്യ എന്ന നിലക്ക് എഴുത്ത് വിദ്യയുടെ അപാരശക്തി കണ്ടറിഞ്ഞ റസൂൽ തിരുമേനി(സ) തന്റെ അനുചരന്മാർക്ക് എഴുത്ത് വിദ്യ അഭ്യസിപ്പിക്കാൻ ബദ്ധശ്രദ്ധനായിരുന്നു. കിട്ടിയ സന്ദർഭങ്ങളിലെല്ലാം അവിടുന്ന് തന്റെ അനുയായികളെ എഴുത്ത്‌വിദ്യ അഭ്യസിപ്പിക്കാനുള്ള സാഹചര്യമൊരുക്കി യുദ്ധത്തിൽ തടവുകാരായി പിടിച്ച ശത്രുക്കളിൽ ആർക്കെങ്കിലും എഴുത്തുവിദ്യ വശമുണ്ടെങ്കിൽ അത് സ്വന്തം അനുയായികൾക്ക് പഠിപ്പിച്ചുകൊടുത്താൽ അത് മോചനദ്രവ്യമായി കണക്കാക്കി യുദ്ധത്തടവുകാരായി പിടിച്ച ശത്രുക്കളെ തിരുമേനി സ്വതന്ത്രമാക്കുമായിരുന്നു. ഖുർആൻ എഴുതി രേഖപ്പെടുത്താൻ റസൂൽ തിരുമേനി(സ) പ്രത്യേകം തയ്യാറാക്കിയിരുന്നതായി ഫത്ഹുൽ ബാരിയിൽ രേഖപ്പെടുത്തുന്നു. ചുരുങ്ങിയ കാലംകൊണ്ട് അറബ് സമൂഹത്തെ സാക്ഷരരാക്കി തീർത്തത് റസൂൽ തിരുമേനി(സ)യുടെ ആഹ്വാനം കൊണ്ടായിരുന്നു. അക്ഷരമെഴുത്ത് വിദ്യയുടെ സൽഫലങ്ങൾ ലോകമെമ്പാടും പിന്നീട് അറബികളാണ് വ്യാപകമായി പ്രചരിപ്പിച്ചത്. നിരവധി അറബിയേതര ഭാഷകളും അറബി ലിപികൾ സ്വീകരിക്കുകയുണ്ടായി. അപ്പോഴേക്കും മനുഷ്യവിജ്ഞാനശേഖരം അതിബൃഹത്തായ രൂപത്തിൽ വളർന്നു കഴിഞ്ഞിരുന്നു. എന്തിനധികം പതിനഞ്ചാം നൂറ്റാണ്ടിൽ വാസ് ഗോഡ ഗാമ കോഴിക്കോട് കപ്പലിറങ്ങിയപ്പോൾ സാമൂതിരിക്ക് സ്വയം പരിചയപ്പെടുത്താൻ ഒരു അറബി കത്തുമായിട്ടായിരുന്നു വന്നത്. റസൂൽ തിരുമേനി(സ)യുടെ ഈ ആഹ്വാനം ഏറ്റവും കൂടുതൽ പ്രതിഫലിച്ചത് ശാസ്ത്രങ്ങളുടെ രാജ്ഞിയായ ഗണിത ശാസ്ത്രത്തിലായിരുന്നു. ദശാംശ സമ്പ്രദായത്തിൽ വികസിച്ച സംഖ്യകളെ 'അറബി അക്കങ്ങൾ' (Arabic Numerals) എന്നാണ് പിന്നീട് ലോകം വിളിച്ചത്. അതുപോലെ എഴുത്തുവിദ്യ ഇത്രയും കലാപരമായി അറബിയെപോലെ

ശേഷം പേജ് 41 ൽ

ഭാഗം - 30

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ഹദ്റത്ത് മൗലവി സാഹിബി (റ) ന്റെ ഒരു രേഖാ ചിത്രം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ ഉന്നതമായ ആത്മീയസ്ഥാനവും കരുണാർദ്ര മനസ്ക്കതയും ധാർമിക ഗുണങ്ങളും അദ്ദേഹത്തിന്റെ മഹനീയ സാന്നിദ്ധ്യം മറ്റുള്ളവരിൽ ജനിപ്പിക്കുന്ന പരിശുദ്ധ പ്രഭാവവും അഗതികളോടും അശരണരോടും അദ്ദേഹം കാണിക്കുന്ന ദീനാനുകമ്പയും ദയാവായ്പും വെളിപ്പെടുത്തുവാനും വിവരിക്കുവാനും കുറേയേറെ പുറങ്ങൾ എഴുതേണ്ടി വരും. ചുരുക്കത്തിൽ വാഗ്ദത്ത മഹ്ദീ മസീഹിന്റെ പരിപൂർണ്ണ പ്രതിഛായ എന്ന നിലയിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മുഴുവൻ ധാർമിക ഗുണങ്ങളും ഒരു പുരുഷനിൽ ഉണ്ടായിരിക്കേണ്ട സർവ സദ്ഗുണങ്ങളും അതിന്റെ ഏറ്റവും പരമമായ നിലയിൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിൽ സമ്മേളിച്ചിരുന്നു.

ഹദ്റത്ത് മൗലവി സാഹിബ് നല്ല പൊക്കമുള്ള ആളായിരുന്നു. ബലിഷ്ടവും തടിച്ചതുമായിരുന്നു ശരീര പ്രകൃതി. മൂക്കും ചുണ്ടും വ്യക്തവും ഉയർന്നതും ഭംഗിയുള്ളതുമായിരുന്നു. മൈലാഞ്ചി കൊണ്ട് നിറം കൊടുത്ത താടി. ഇരുനിറം. ആകർഷകവും ഗാംഭീര്യവും നിറഞ്ഞ മുഖഭാവം. നടക്കുമ്പോൾ എപ്പോഴും കയ്യിൽ ഊന്നുവടി ഉണ്ടായിരിക്കും. വിദ്യാർഥിയായിരുന്ന അവസരങ്ങളിൽ പല നേരങ്ങൾ പട്ടിണിയിലായിരുന്നുവെങ്കിലും ശാരീരിക തളർച്ചയോ ക്ഷീണമോ അനുഭവപ്പെട്ടിരുന്നില്ല. ആ കാലങ്ങളിൽ പലപ്പോഴും പല ദീർഘദൂര കാൽനട യാത്രകളും അദ്ദേഹം നടത്തിയിരുന്നു. ഒരിക്കൽ ആഗ്രയിൽ നിന്നും ഭോപാൽ വരെ കാൽനടയായി യാത്ര ചെയ്തു. ആ സമയം അതൊന്നും തന്നെ അദ്ദേഹത്തിനു ഒരു പ്രശ്നമായിരുന്നില്ല.

എന്നാൽ വാർദ്ധക്യം പ്രാപിച്ച ശേഷം പല രോഗങ്ങളാൽ ആരോഗ്യം വളരെയധികം ക്ഷയിച്ചിരുന്നു. എന്നിട്ടും വിശ്രമമില്ലാതെ ദിവസം മുഴുവനും വിദ്യാർഥികളെ ഖുർആനും ഹദീസും മറ്റു മതപരമായ വിഷയങ്ങളും പഠിപ്പിക്കുന്നതിലും രോഗികളെ ചികിത്സിക്കുന്നതിലും മുഴുകിയിരുന്നു. ആ അവസരത്തിൽ പോലും നീട്ടി വച്ചിരിക്കുന്ന തന്റെ കൈ മടക്കാൻ സാധിക്കുമോ എന്നദ്ദേഹം മറ്റുള്ളവരെ വെല്ലുവിളിക്കുമായിരുന്നു. കുതിരസവാരിയിലും നീന്തലിലും മൗലവി സാഹിബ് അതിവിദഗ്ദനായിരുന്നു. കണ്ണട ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. വാർദ്ധക്യസഹജമായ ബലഹീനതയുള്ളപ്പോഴും അദ്ദേഹം നിവർന്നു കൊണ്ട് മാത്രമേ നിൽക്കാറുള്ളു നടക്കാറുണ്ടായിരുന്നുള്ളു. നടത്തം പതുക്കെയായിരുന്നു. വഴിയിൽ ആരെയെങ്കിലും കണ്ടാൽ അവരുടെ തോളിൽ കൈയിട്ടു സ്നേഹം പ്രകടിപ്പിച്ചു അവരോടു കുശലാന്വേഷണം നടത്തുമായിരുന്നു.

കശ്മീരിലും ഭേരയിലും വച്ച് മൗലവി സാഹിബിന്നെതിരിൽ ശത്രുക്കൾ വലിയ വലിയ ഗൂഢാലോചനകൾ നടത്തിയിട്ടുണ്ട്. അതൊക്കെ അദ്ദേഹം വളരെ ധീരതയോടും നിർഭയത്വത്തോടും കൂടി നേരിട്ട് അവയെ ഇല്ലാതാക്കി. ഖാദിയാനിൽ വച്ചും ഇത്തരം ഗുഢാലോചനകൾ ഉണ്ടായതായി നിവേദനങ്ങൾ ഉണ്ട്. അതിനൊന്നും ഒരു വിലയും കൽപിക്കാതെ അദ്ദേഹം തന്റെ ജോലിയിൽ വ്യാപൃതനായികൊണ്ടിരുന്നു. മൗലവി സാഹിബ് ഉറുദു അറബി ഫാർസി എന്നീ ഭാഷകളിൽ ഉന്നത നിലവാരം പുലർത്തിയിരുന്നു. അഫ്ഗാനിസ്ഥാനിലും പാക്കിസ്ഥാന്റെ വടക്കു പടിഞ്ഞാറൻ അതിർത്തി സംസ്ഥാനമായ ഖൈബർ പഖ്ത്തൂൻഖായിലും സംസാരിക്കുന്ന പഷ്തോ ഭാഷയിലും അദ്ദേഹം ഒരളവോളം അറിവു കരസ്ഥമാക്കിയിരുന്നു. മാതൃഭാഷ പഞ്ചാബിയായിരുന്നുവെങ്കിലും ദീർഘകാലം വിദ്യഭ്യാസത്തിനായി ഇന്ത്യയുടെ വിവിധ പട്ടണങ്ങളിൽ കഴിഞ്ഞിരുന്നതിനാൽ പൊതുവിൽ ഉറുദുവായി

രുന്നു സംസാര ഭാഷ.

ഏതു വിഷമഘട്ടത്തിലും അദ്ദേഹം സന്തോഷവാനായി കാണപ്പെട്ടിരുന്നു. മുഅ്മിനു മേൽ ഭയമോ ദു:ഖമോ ഒരിക്കലും ആധിപത്യം സ്ഥാപിക്കുകയില്ലെന്നു അദ്ദേഹം തറപ്പിച്ചു പറയുമായിരുന്നു. രോഗമോ മറ്റെന്തെങ്കിലും വിഷമം നിറഞ്ഞ അവസ്ഥകളോ ഉണ്ടായാലും അദ്ദേഹം ഒരിക്കലും മുൻ കോപമോ ശുണ്ഠിയോ കാണിച്ചിരുന്നില്ല. വിനയഭാവത്തിന്റേയും സൗമ്യശീലത്തിന്റേയും എളിമയുടേയും അപരനാമമായിരുന്നു മൗലവി സാഹിബ്. ഒരിക്കൽ കേവലം ഒന്നര രൂപ മാസ ശംമ്പളത്തിൽ ഒരിടത്തു അദ്ദേഹം ജോലിക്കു ചേർന്നു. പിന്നീടാണു സ്ഥാപനത്തിന്റെ ഉടമ ഇദ്ദേഹം കാലഘട്ടത്തിലെ അറിയപ്പെടുന്ന പണ്ഡിതനും മുഹദ്ദിസുമാണെന്നറിഞ്ഞത്. അയാൾ മൗലവി സാഹിബിനോടു ക്ഷമാപണം ചെയ്തു. മൗലവി സാഹിബിന്റെ ഓർമ ശക്തി അപാരമായിരുന്നു. വളരെ ചെറുപ്പത്തിലുള്ള കാര്യങ്ങൾ പോലും നന്നായി ഓർത്തിരുന്നു. അത്തരം കാര്യങ്ങൾ അദ്ദേഹം ഒരു സംശയത്തിനും ഇടം നൽകാത്ത വിധം വിവരിക്കുന്നതു കേട്ടാൽ പ്രസ്തുത സംഭവങ്ങൾ ഇന്നലെ നടന്നതാണെന്നു കേൾക്കുന്നവർക്കുതോന്നിപ്പോകും. സത്യം പറയുന്നതിൽ അദ്ദേഹം ഒരിക്കലും ആരേയും ഭയപ്പെട്ടിരുന്നില്ല. ആ കാര്യത്തിൽ മൗലവി സാഹിബ് ഊരിപ്പിടിച്ച വാളായിരുന്നുവെന്നു പറയാം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വിജ്ഞാന സമ്പാദനത്തിലുള്ള ആഗ്രഹത്തിനോ വാഞ്ചയ്ക്കോ അതിരില്ലായിരുന്നു. അതിനു വേണ്ടി ഭീമമായ പണം ചെലവഴിച്ചു സ്വന്തമായി വളരെ വിശാലമായ ഒരു ലൈബ്രറി അദ്ദേഹം ഒരുക്കിയിട്ടുണ്ടായിരുന്നു. അതിൽ ഖുർആന്റേയും ഹദീസിന്റേയും വ്യാഖ്യാനങ്ങൾ, ഫിഖ്ഹ്, ഉസൂലെ ഫിഖ്ഹ്, വിവിധ ചരിത്ര ഗ്രന്ഥങ്ങൾ, സൂഫിസം, രാഷ്ട്രമീമാംസ, രസതന്ത്രം, തർക്കശാസ്ത്രം, അറബി, സാഹിത്യം, സർഫ് നഹവ് (അറബി ഗ്രാമർ), വൈദ്യശാസ്ത്രം, ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ, ജ്യോതി ശാസ്ത്ര ഗ്രന്ഥങ്ങൾ ഷെയ്ക്സ്പിയറെ പോലെ വിശ്വ വിഖ്യാതരായ യൂറോപ്യൻ എഴുത്തു കാരുടെ അറബിയിലേയ്ക്കു വിവർത്തനം ചെയ്യപ്പെട്ട നോവലുകൾ, നാടകങ്ങൾ, കഥകൾ, വിവിധ മതഗ്രന്ഥങ്ങൾ, നിരൂപണങ്ങൾ തുടങ്ങി വളരെ ബൃഹത്തായ ഒരു ഗ്രന്ഥാലയമായിരുന്നു അത്. അപൂർവവും വിലപിടിച്ചതും എവിടേയും ലഭ്യമല്ലാത്തതുമായ ധാരാളം ഗ്രന്ഥങ്ങളുടെ കൈയെഴുത്തു പ്രതികളും അതിൽ ഉണ്ടായിരുന്നു.

ഒരിക്കൽ മൗലവി സാഹിബിനു ചില അപൂർവ ഗ്രന്ഥങ്ങളുടെ അത്യാവശ്യം നേരിട്ടു. പലയിടത്തും അന്വേഷിച്ചപ്പോൾ അതിൽ ചിലത് ഭോപാലിലും മറ്റു ചിലത് ഈജിപ്തിലും ലഭ്യമാണെന്നു മനസ്സിലായി. അദ്ദേഹം ആദ്യം 1899 ൽ തന്റെ ശിഷ്യനായ മൗലവി ഗുലാം നബി സാഹിബിനെ സ്വന്തം ചെലവിൽ ഭോപാലിലേയ്ക്കും 1902 ൽ ഈജിപ്തിലേക്കും അയച്ചിട്ടുണ്ടായിരുന്നു. അതു സംബന്ധമായി മൗലവി ഗുലാം നബി സാഹിബ് പറയുകയാണു 'തഫ്സീർ ശൗക്കാനി' പകർത്തിയെഴുതിയെടുക്കുന്നതിനായി ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്, നവാബ് സിദ്ധീഖ് ഹസൻ ഖാൻ സാഹിബിന്റെ മകൻ നൂറുൽ ഹസൻ ഖാൻ സാഹിബിന്റെ ഭോപാലിലുള്ള പുസ്തകശാലയിലേയ്ക്കു ഈ വിനീതനെ അയച്ചിട്ടുണ്ടായിരുന്നു. ആറു വാള്യങ്ങളുള്ള ആ ഗ്രന്ഥം ഒരു വർഷം കൊണ്ടാണു പകർത്തിയെഴുതിയെടുത്തത്.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ നിർദ്ദേശ പ്രകാരം ഭോപാലിലെ ജോലി പൂർത്തിയാക്കിയ ശേഷം 1902 ൽ ഈജിപ്തിലെ അസ്ഹർ സർവകലാശാലയിലും അവിടത്തെ ഗവൺമെന്റ് ലൈബ്രറിയിൽ നിന്നും اِبْنِ قَيِّم (ഇബ്നു ഖയ്യിം) രചിച്ച شِفَاءُ الْعَلِيْلِ فِىْ مَسَائِلِ الْقَضَا وَالْقَدَرِ وَالتَّعْلِيْل (ശിഫാ ഉൽ അലീൽ ഫി മസായിലിൽ ഖസാ വ ഖദ്ർ) എന്ന ഗ്രന്ഥം പകർത്തി എഴുതുന്നതിനായി മൗലവി സാഹിബ് എന്നെ അയച്ചു. എഴുനൂറ് എണ്ണൂറ് പേജുള്ള ആ ഗ്രന്ഥം ഏകദേശം ഒന്നര വർഷം കൊണ്ടാണു ഞാൻ എഴുതി പൂർത്തിയാക്കിയത്. ഇതു കൂടാതെ ഇമാം സയൂത്തി രചിച്ച എഴുനൂറോളം പേജുള്ള മറ്റൊരു ഗ്രന്ഥവും എഴുതി ഞാൻ മൗലവി സാഹിബിനു അയച്ചു കൊടുക്കാറുണ്ടായിരുന്നു. ഈജിപ്തിൽ താമസിക്കുന്ന അവസരത്തിൽ മൗലവി ഗുലാം നബി സാഹിബ് അസ്ഹർ സർവകലാശാലയിൽ പോയി സ്വന്തം പഠനവും നടത്തിയിരുന്നു. ഇത്രയും ജോലികളും ഉത്തരവാദിത്വങ്ങളും ചെയ്തു തീർത്തതിനു ശേഷം അദ്ദേഹം ചെറിയൊരു സമ്പാദനത്തിനായി ദിവസവും കുറച്ചു സമയം വഴി വാണിഭവും നടത്തിയിരുന്നു. മൗലവി ഗുലാം നബി സാഹിബ് കുറച്ചു കാലം ഈജിപ്തിൽ (മിസ്വർ) താമസിച്ചതു കാരണം അദ്ദേഹം മിസ്വരി എന്നറിയപ്പെടുകയും അദ്ദേഹത്തിന്റെ പേരിനോടൊപ്പം ഗുലാം നബി സാഹിബ് മിസ്വരി എന്നു ചേർക്കപ്പെടുകയും ചെയ്തിരുന്നു.1878 ൽ ജനിച്ച അദ്ദേഹം 1900 ലാണു ബൈഅത്ത് ചെയ്തു ജമാഅത്തിൽ പ്രവേശിച്ചത്. 1956 ഏപ്രിൽ 27-ാം തീയതി വഫാത്താവുകയും റബ്വയിലെ ബഹിശ്ത്തി മഖ്ബറയിൽ ഖബറടക്കം ചെയ്യപ്പെടുകയും ചെയ്തു.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (റ) സ്വന്തം പരിശ്രമവും പണവും കൊണ്ടു തയ്യാറാക്കിയ ലൈബ്രറി തന്നേയാണു ജമാഅത്തിന്റെ ആവശ്യങ്ങൾക്കും ഉപകരിച്ചത്. ഖാദിയാനിൽ വരുന്ന വിനോദ സഞ്ചാരികളും സന്ദർശകരും ഈ ഗ്രന്ഥാലയം ആശ്ചര്യത്തോടെ നോക്കിക്കാണാറുണ്ടായിരുന്നു. ഖാദിയാൻ എന്ന കുഗ്രാമത്തിൽ

അറിവിന്റെ കേന്ദ്രമായ ഈ ഗ്രന്ഥശാല എവിടന്നു വന്നുവെന്ന വർ അത്ഭുതത്തോടെ ചിന്തിക്കാറു ണ്ടായിരുന്നു.

ഒരിക്കൽ ഫെഡറൽ കോർട്ട് ഓഫ് ഇന്ത്യയുടെ വളരെ പ്രശസ്ത നും ആദരണീയനുമായ ജഡ്ജ് സർ ശാഹ് മുഹമ്മദ് സുലൈമാനു സ്പെയ്നിൽ പ്രസിദ്ധീകരിച്ച ഒരു അപൂർവ ഗ്രന്ഥത്തിന്റെ ആവശ്യം നേരിട്ടു. ഇന്ത്യ മുഴുവൻ അന്വേഷി ച്ചിട്ടും അദ്ദേഹത്തിനു എവിടെ നിന്നും കണ്ടു കിട്ടിയില്ല. പിന്നീട് അതിന്റെ ഒരു കൈയെഴുത്തു പ്രതി ഖാദിയാനിലുണ്ടെന്നു അദ്ദേ ഹം എങ്ങിനെയോ അറിഞ്ഞു. ഉടൻ തന്നെ അദ്ദേഹം ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദി (റ) നെ ബന്ധ പ്പെട്ടു. അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം ആ ഗ്രന്ഥം സർ ശാഹ് മുഹമ്മദിനു എത്തിച്ചു കൊടുത്തു. ആവശ്യം കഴിഞ്ഞ ഉടനെ തന്നെ ശാഹ് മുഹമ്മദ് സാഹിബ് പുസ്ത കം വളരെ ഭദ്രമായി തിരികെ ഏൽപിക്കുകയും ചെയ്തു. തീർച്ച യായും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വ്യക്തിപരമാ യ ഈ ലൈബ്രറി ഒരു കാലത്തു ഇന്ത്യയിലെ തന്നെ അതുല്യവും അമൂല്യവുമായ ഒരു ഗ്രന്ഥാലയമാ ണെന്നതിനു യാതൊരു സംശയവു മില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ചില ലിഖിതങ്ങളിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ഈ ഗ്രന്ഥാലയത്തെ പ്രശംസിച്ചു എഴുതിയിട്ടുണ്ട്. ഇതെല്ലാം തന്നെ ഒരാൾ തന്റെ അടങ്ങാത്ത വിജ്ഞാ ന കുതൂഹലത്താൽ വളരെ പരിമിതമായ ഭൗതിക സമ്പത്തു ക്കളിലൂടെ നേടിയെടുത്തതാണെ ന്നു നാം മനസ്സിലാക്കണം. ഇതിന്റെ പുറകിൽ പുസ്തങ്ങൾ ശേഖരിക്കാ നും അതു മറ്റുള്ളവരെ കാണിക്കാ നുമുള്ള വികാരമാണെന്നു ആരും തെറ്റിദ്ധരിക്കരുത്. ഈ വിശാല ഗ്രന്ഥാലയത്തിലെ ഓരോ പുസ്ത കവും ഹദ്റത്ത് മൗലവി സാഹിബ് ശ്രദ്ധാപൂർവം വായിക്കുകയും മിക്ക പേജുകളുടേയും അരികിൽ കുറിപ്പുകൾ എഴുതി വക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം വളരെ പരന്ന വായനക്കാരനായിരുന്നു.

മൗലവി നൂറുദ്ദീൻ സാഹിബ് എന്നോടൊപ്പം ഉണ്ടായിരുന്നുവെ ങ്കിൽ ഞാൻ ഇന്ത്യയിലുള്ള മുഴുവ ൻ ജനങ്ങളേയും സുന്നിയാക്കു മായിരുന്നുവെന്നു ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പിതൃ സഹോദര പുത്രൻ മൗലവി ഗുലാം ഖാദർ സാഹിബ് എപ്പോഴും പറയു മായിരുന്നു. മൗലവി സാഹിബിന്റെ അല്ലാഹുവിലുള്ള തവക്കൽ വളരെ ശക്തമാണു. എല്ലാ കാര്യങ്ങളിലും ഉള്ളതിൽ തൃപ്തിപ്പെടുന്ന വ്യക്തി യാണു അദ്ദേഹം. ഒരിക്കലും ഒരു കാര്യത്തിലും അതെനിക്കു കിട്ടണ മായിരുന്നുവെന്നു പറയുകയോ ആഗ്രഹിക്കുകയോ കിട്ടാതിരുന്നാൽ പരിഭവിക്കുകയോ നിരാശ പ്രകടി പ്പിക്കുകയോചെയ്തിരുന്നില്ല. ആരി ൽ നിന്നും ഒരിക്കലും ഒന്നും പ്രതീക്ഷിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം ചിലരുടെ പ്രവൃത്തിയിൽ അസന്തുഷ്ടിയും നീരസവും പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു ഞാൻ നിങ്ങളെ ഒരു കാര്യത്തിലും ആശ്രയിക്കുന്നില്ല. നിങ്ങളിൽ നിന്നും ഒരു പ്രതിഫലവും പ്രതീ ക്ഷിക്കുന്നുമില്ല. എത്രത്തോളമെ ന്നാൽ നിങ്ങളുടെ സലാം പോലും എനിക്കാവശ്യമില്ല.

അദ്ദേഹം പറയുകയാണു ഞാൻ രാത്രി ഉറങ്ങാൻ കിടക്കു മ്പോൾ എന്റെ മനസ്സിൽ ആരെ കുറിച്ചും ഒരു പരാതിയും പരിഭവ വും ഉണ്ടാകാറില്ല. അത്തരം എല്ലാ കാര്യങ്ങളിൽ നിന്നും മനസ്സിനെ മുക്തമാക്കിയിട്ടാണു ഞാൻ ഉറങ്ങുന്നത്. ദുആക്കു വേണ്ടി അപേക്ഷിച്ചവരുടെ പേരെഴുതി ഹുസൂർ ഉറങ്ങാൻ നേരം തലയി ണക്കരികിൽ വയ്ക്കുമായിരുന്നു. തഹജ്ജുദിൽ അവർക്കു വേണ്ടി ദുആ ചെയ്യുകയും ചെയ്തിരുന്നു. ചൗധരി ഗുലാം മുഹമ്മദ് സാഹിബ്, ബി.എ പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കാനുള്ള തൗഫീഖിന്നാ യി എല്ലാ ദിവസവും ദുആക്ക പേക്ഷിക്കാറുണ്ടായിരുന്നു. ഏതാ നും ആഴ്ചകൾക്കു ശേഷം ഈ കാര്യത്തിനായി ഇനി ദുആക്കുള്ള അപേക്ഷ അയക്കേണ്ടതില്ലെന്നും ദുആയുടെ എല്ലാ അവസരത്തിലും നിങ്ങളുടെ കാര്യം എനിക്കു ഓർമയുണ്ടാകാറുണ്ടന്നും ഹുസൂർ അദ്ദേഹത്തെ അറിയിച്ചു. ഹുസൂറി ന്റെ ദുആയുടെ അനുഗ്രഹത്താൽ അദ്ദേഹം പരീക്ഷയിൽ ഉയർന്ന നിലയിൽ വിജയം കൈവരിക്കുക യും ചെയ്തു.

ഖലീഫത്തുൽ മസീഹ് ആയി തെരഞ്ഞെടുക്കപ്പെട്ട ശേഷം മാസം ഒരു തുക സഹായ ധനമായി നൽകാൻ അഞ്ചുമൻ തീരുമാനിച്ചു വെങ്കിലും മൗലവി സാഹിബ് അതു സ്വീകരിക്കാൻ വിസമ്മതിക്കുകയാ ണു ചെയ്തതു. രോഗിയായപ്പോഴും ചികിത്സക്കുള്ള പണം സ്വന്തമായി ചെലവഴിച്ചു. ഖലീഫയെന്ന ഉന്നതാ ധികാര ആജ്ഞാശക്തി ഉള്ളപ്പോ ഴും അങ്ങേയറ്റം ലളിത ജീവിതമായി രുന്നു നയിച്ചിരുന്നത്. അദ്ദേഹത്തി ന്റെ വ്യക്തിപരമായ ചെലവുകൾ ഏതാനും രൂപയിൽ ഒതുങ്ങുന്നതാ യിരുന്നു. മറ്റുള്ളവരെ കാണിക്കു വാനായി ഒരു കാര്യത്തിലും കൃത്രിമത്വം കാണിച്ചിരുന്നില്ല. അതി നായി അദ്ദേഹം ഒന്നും ചെയ്തിരു ന്നില്ല. അതായത് പ്രകടനാത്മകത യിൽ നിന്നും അദ്ദേഹം എത്രയോ കാതമകലെയായിരുന്നു. കൂടുതലാ യി അയഞ്ഞ കുർത്തയും പാജാമ യും ലുങ്കി പോലുള്ള ഒരു പ്രത്യേക തുണികൊണ്ടുള്ള തലപ്പാവുമായിരു ന്നു ധരിക്കാറുണ്ടായിരുന്നത്. വെയ്റ്റ്സ് കോട്ടും (waist coat) ഉപയോഗിച്ചിരുന്നു. കൈയിൽ ഒരിക്കലും റിസ്റ്റ് വാച്ച് കണ്ടിരുന്നി ല്ല. മുടിയും താടിയും ഒരിക്കലും ഡൈ ചെയ്തു കറുപ്പിച്ചിരുന്നില്ല. പക്ഷേ, മൈലാഞ്ചി ഉപയോഗി ച്ചിരുന്നു. തലപ്പാവിന്നിടയിലൂടെ മൈലാഞ്ചി നിറം പുരണ്ട മുടി ചിലപ്പോൾ കാണാം. സൂപ്പിൽ റൊട്ടി മുറിച്ചിട്ട് കുതിർത്തു കഴിക്കുന്ന തായിരുന്നു ഇഷ്ട ഭക്ഷണം. ചുരുക്കത്തിൽ ഭക്ഷണവും വസ്ത്ര വും താമസവും നടത്തവും ഇരു

ത്തവും എല്ലാം അങ്ങേയറ്റം ലളിതവും സരളവുമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ മുഖത്തു ദൈവദത്തമായ ഗാംഭീര്യവും ആത്മീയ തേജസ്സും എപ്പോഴും തന്നെ പ്രകടമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എവിടേയും തന്റെ ആത്മാഭിമാനവും അന്തസ്സും ഉയർത്തിപ്പിടിച്ചിരുന്നു. അതിൽ ഒരു വിട്ടു വീഴ്ചയും ചെയ്തിരുന്നില്ല. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലത്തു മിയാ മുഹമ്മദ് ലുധിയാൻവി മൗലവി സാഹിബിനെ കണ്ടപ്പോൾ സംസാര മദ്ധ്യേ പണത്തിനു വല്ല ആവശ്യവും നേരിടുകയാണെങ്കിൽ എന്നോടു ചോദിക്കാൻ മടിക്കരുതെന്നു പറഞ്ഞപ്പോൾ, താങ്കളോടു ചോദിക്കാൻ ഇടവരുത്തരുതേ എന്നു മാത്രം ഞങ്ങൾക്കു വേണ്ടി ദുആ ചെയ്താൽ മതിയെന്നു മൗലവി സാഹിബ് മറുപടി പറഞ്ഞു.

മറ്റൊരിക്കൽ പഴയ കാലത്തു ചെറിയൊരു പ്രവിശ്യയുടെ ഭരണ കർത്താവായ നവാബ് സമാൻ ഖാൻ തന്റെ പ്രധാന മന്ത്രിയെ ഖാദിയാനിൽ ഹദ്റത്ത് മൗലവി സാഹിബിന്റെ അടുക്കൽ അയച്ചുകൊണ്ട് തനിക്കു തീരെ സുഖമില്ലെന്നും ദയവു ചെയ്തു ഇവിടെ വരെ വന്നു ആവശ്യമായ ചികിത്സ നിർദേശിക്കണമെന്നും അറിയിക്കുകയുണ്ടായി. ഹുസൂർ അദ്ദേഹത്തെ ചികിത്സിക്കാനായി അവരുടെ നാട്ടിൽ പോയിരുന്നുവെങ്കിൽ തീർച്ചയായും അതു പ്രശസ്തിക്കു കാരണമാകുമെന്നു മാത്രമല്ല സാമ്പത്തികമായും വലിയ നേട്ടമുണ്ടാകുമായിരുന്നു. പക്ഷേ മൗലവി സാഹിബ്, തനിക്കു തീരെ ഒഴിവില്ലെന്നും അവിടെ വരാൻ പ്രയാസമാണെന്നും താങ്കൾ ഇവിടെ വരികയാണെങ്കിൽ ചികിത്സിച്ചു കൊള്ളാമെന്നും അതിനു വേണ്ടി വരുന്ന മുഴുവൻ ചെലവുകളും താൻ വഹിക്കാമെന്നും അദ്ദേഹത്തെ അറിയിച്ചു.

ഹുസൂർ തന്റെ സ്നേഹിതരോടു സഹാനുഭൂതിയോടെ വർത്തിക്കുകയും എപ്പോഴും അവർക്കു നന്മ വരുത്താൻ ശ്രദ്ധിക്കുകയും അവർക്കു വേണ്ടി ദുആ ചെയ്യുകയും അവരുടെ ആവശ്യമറിഞ്ഞു വേണ്ടതു ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു. സ്നേഹിതരുമായി കൂടിക്കാഴ്ച നടത്താനും അവരോടു കുശലാന്വേഷണം ചെയ്യാനും അദ്ദേഹത്തിനു വളരെ താൽപര്യമായിരുന്നു. മൗലവി സാഹിബിന്റെ സന്നിധിയിൽ ഇരിക്കുന്ന ഓരോരാളും അതൊരു ഭാഗ്യമായി കരുതിയിരുന്നു. ഹുസൂറിന്റെ സ്നേഹമസൃണമായ കുശലാന്വേഷണവും സംഭാഷണവും നിമിത്തം ഹുസൂർ തന്നേയാണു ഏറ്റവും കൂടുതൽ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നതെന്നു ഓരോരാളും കരുതിയിരുന്നു.

1909 ൽ ഖാദിയാനിൽ പ്ലേഗിന്റെ ശക്തമായ ആക്രമണമുണ്ടായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ അല്ലാഹുവിന്റെ സന്നിധിയിൽ അങ്ങേയറ്റം താണുകേണുകൊണ്ട് ദുആ ചെയ്തു. അല്ലാഹുവേ ഇതു നിന്റെ ചെറിയൊരു ജമാഅത്താണു. മാത്രവുമല്ല ഇവിടെ വളരെ ദീർഘമായി ദുആ ചെയ്യുന്നവരും തുലോം കുറവാണു. ആയതിനാൽ അല്ലാഹുവേ നീ അനുഗ്രഹം ചൊരിയേണമേ. രോഗത്തിന്റെ കടന്നാക്രമണത്തിൽ നിന്നും എല്ലാവരേയും രക്ഷിക്കേണമേ. ഹുസൂറിന്റെ ദുആ അല്ലാഹു പൂർണമായും സ്വീകരിച്ചു. ആ ദുആയുടെ ചമത്കാരമെന്നു പറയട്ടെ അതോടെ രോഗവ്യാപനം പൂർണമായും നിലക്കുകയും രോഗബാധിതർ മുക്തി പ്രാപിക്കുകയും ചെയ്തു.

ജൽസയിൽ പങ്കെടുക്കാനായി സഹോദരന്മാർ ഖാദിയാനിൽ വന്നാൽ ഹുസൂറിനെ കണ്ട് അനുവാദം വാങ്ങിയാണു തിരിച്ചു പോകാറ്. ഒരിക്കൽ ഇപ്പോഴത്തെ പാക്കിസ്ഥാനിലെ മർദാനിൽ നിന്നും ജലസക്കു വന്ന ജമാഅത്തംഗങ്ങൾ യാത്ര ചോദിക്കാനായി ഹുസൂറിന്റെ സന്നിധിയിൽ ചെന്നപ്പോൾ ഹുസൂർ ഹദ്റത്ത് മുഹമ്മദ് യൂസുഫ് സാഹിബിനെ കുറിച്ചു അന്വേഷിച്ചു. എന്തോ അത്യാവശ്യം നേരിട്ടതിനാൽ അദ്ദേഹം നേരത്തെ തിരിച്ചു പോയതായി ഹുസൂറിനെ അറിയിച്ചു. അപ്പോൾ ഹുസൂർ വളരെ ആശ്ചര്യം പ്രകടിപ്പിക്കുകയും അദ്ദേഹം സാധാരണ എന്നെ കാണാതെ തിരിച്ചുപോകാറില്ലെന്നു പറയുകയും ചെയ്തു. ഹദ്റത്ത് മുഹമ്മദ് യൂസുഫ് സാഹിബ് ജമാഅത്തിന്റെ വളരെ അർപ്പണ മനോഭാവമുള്ള കർമ ഭടനും സാത്വികനുമായ വ്യക്തിയാണ്. ജൽസയിൽ നിന്നു തിരിച്ചെത്തിയവരിലൂടെ മുഹമ്മദ് യൂസുഫ് സാഹിബ് ഹുസൂർ അന്വേഷിച്ച വിവരമറിഞ്ഞപ്പോൾ അദ്ദേഹത്തിനു വലിയ മനോവിഷമമുണ്ടായി. ആ സമയം എന്തോ ചില ആവശ്യവുമായി ബന്ധപ്പെട്ടു കോടതിയിലായിരുന്ന അദ്ദേഹം വീട്ടിൽ പോകാതെ വീട്ടിൽ നിന്നും പുതപ്പും വിരിപ്പും വരുത്തിക്കുകയും നേരെ റെയിൽവേ സ്റ്റേഷനിൽ ചെല്ലുകയും ചെയ്തു. അവിടന്നു കിട്ടിയ തീവണ്ടി കയറി നാനൂറ് കിലോമീറ്ററിൽ കൂടുതൽ ദൂരമുള്ള ഖാദിയാനിലേയ്ക്കു പുറപ്പെടുകയും ചെയ്തു. ഖാദിയാനിൽ എത്തി നേരെ ഹുസൂറിന്റെ സന്നിധിയിൽ ഹാജറാവുകയും താൻ ചെയ്തതിൽ ഖേദം പ്രകടിപ്പിക്കുകയും മാപ്പു ചോദിച്ചു. അപ്പോൾ തന്നെ സ്വദേശത്തേയ്ക്കു തിരിക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലു (റ) മായുള്ള കൂടിക്കാഴ്ച എല്ലായിപ്പോഴും തന്നെ മനസ്സിനു സന്തോഷവും ആനന്ദവും ഉന്മേഷവും ഉത്സാഹവും പ്രദാനം ചെയ്യുന്ന ഒന്നായിരുന്നു. ആ സ്നേഹസംഭാഷണവും ദീനാനുകമ്പയും നമ്മുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കും. ഹുസൂറിന്റെ (രാജ) സദസ്സ് ഒരു തുറന്ന വേദിയായിരുന്നു. ആർക്കും എപ്പോൾ വേണമെങ്കിലും അവിടെ പ്രവേശിക്കാം മുലാഖാത്തു

നടത്താം. ആർമിയിൽ ഓഫീസ റായിരുന്ന ഫസ്ലുദ്ദീൻ സാഹിബ് പറയുകയാണു ബൈഅത്തു ചെയ്തതിനു ഏതാനും ദിവസങ്ങ ൾക്കു ശേഷം മുലാഖാത്തിനായി ഞാൻ ഹുസൂറിന്റെ സന്നിധിയിൽ ചെന്നു. സംസാര മദ്ധ്യേ ഹുസൂർ പറഞ്ഞു ഇന്നു നിങ്ങൾ ഖലീഫയെ കാണാൻ ആഗ്രഹിക്കുമ്പോഴൊ ക്കെ ഒരു ബുദ്ധിമുട്ടുമില്ലാതെ വരുന്നു നേരിൽ കാണുന്നു. എന്നാൽ ഒരു കാലം വരും അന്നു കാലത്തിന്റെ ഖലീഫയുടെ മുഖം അടുത്തു നിന്നു കാണാൻ ജനങ്ങ ൾ വല്ലാതെ ആഗ്രഹിക്കും കൊതി ക്കും. പക്ഷേ, സാധിക്കുകയില്ല. ഒരിക്കൽ ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്.) എം.ടി.എ യിൽ വന്ന ഒരു മുലാഖാത്തു വേളയിൽ ഇതേ കാര്യം തന്നെ പറഞ്ഞതു ഈ ലേഖകൻ ഓർക്കുന്നു. ഹുസൂർ പറഞ്ഞു ഒരു കാലം വരും. അന്നു കാലത്തിന്റെ ഖലീഫയുമായി എല്ലാവർക്കും മുലാഖാത്ത് നടത്താ ൻ സാധിച്ചെന്നു വരില്ല. പൊതുവി ൽ ടി.വി യിലൂടെ മാത്രമേ ഖലീഫ യെ കാണുവാൻ സാധിക്കുകയു ള്ളു. അല്ലെങ്കിൽ ജൽസയിൽ സ്റ്റേജിൽ ഇരിക്കുന്ന ഖലീഫയെ കാണാം. ഇതാലോചിക്കുമ്പോൾ ഇപ്പോൾ ജീവിച്ചിരിപ്പുള്ള നമ്മൾ എത്ര ഭാഗ്യവാന്മാരാണെന്നു ചിന്തി ച്ചു പോകുന്നു.

അതിഥികളെ സൽക്കരിക്കുന്ന തിൽ ഹുസൂറിനു പ്രത്യേകമായ ഒരു ആത്മീയാനുഭൂതി അനുഭവ പ്പെട്ടിരുന്നു. മർദാനിലെ മിയാ മുഹമ്മദ് യൂസുഫ് സാഹിബിന്റെ സഹോദരൻ മിയ മുഹമ്മദ് അഹ്സൻ സാഹിബ് ഒരിക്കൽ ചികിത്സക്കായി ഖാദിയാനിൽ മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ടുണ്ടായിരുന്നു. ആ സമയം സഹോദരന്മാർ രണ്ടു പേരും അഹ്മദികളായിരുന്നില്ല. അദ്ദേഹ ത്തോടു മൗലവി സാഹിബ് പറ ഞ്ഞു താങ്കളുടെ ഭക്ഷണത്തിനുള്ള ഏർപാട് ഞാൻ ചെയ്തു കൊള്ളാം. അദ്ദേഹം പറഞ്ഞു എന്റെ കയ്യിൽ കാശുണ്ട്. ഹുസൂർ പറഞ്ഞു കാശ് എനിക്കു തന്നേയ്ക്കൂ. അതിനു ശേഷം ചികിത്സ തുടർന്നു. ചികിത്സ നടക്കുന്നതിന്നിടയിൽ ഹദ്റത്ത് മൗലവി സാഹിബ് അദ്ദേഹത്തെ മസീഹ് മൗഊദിന്റെ മജ്ലിസുകളിലും കൊണ്ടു പോയ് ക്കൊണ്ടിരുന്നു.

അതദ്ദേഹത്തിന്റെ ജീവിതവും വിശ്വാസവും ആകെ മാറ്റിമറിച്ചു. എത്രത്തോളമെന്നാൽ അദ്ദേഹം തന്റെ ജ്യേഷ്ടനു താൻ മസീഹ് മൗഊദിനു ബൈഅത്തു ചെയ്യാൻ ആഗ്രഹിക്കുന്നതായി കത്തെഴുതി. ഈ വിവരമറിഞ്ഞയുടനെ താൻ താമസിയാതെ ഖാദിയാൻ എത്താ മെന്നും നമുക്കു ആലോചിച്ചു തീരുമാനിക്കാമെന്നും നീ എടുത്തു ചാടി ഒരു തീരുമാനമെടുക്കരുതെ ന്നും അനുജനെ ഉപദേശിച്ചു കൊണ്ട് അദ്ദേഹം മറുപടി എഴുതി. സഹോദരൻ തെറ്റായ വിശ്വാസാ ദർശങ്ങളിൽ ചെന്നു വീഴുമോ എന്ന ഭയത്താൽ അദ്ദേഹം കുടുബ സമേതം താമസിയാതെ തന്നെ ഖാദിയാനിൽ എത്തി. മൗലവി സാഹിബ് അദ്ദേഹത്തോടും ഭക്ഷണ ത്തിനുള്ള ഏർപ്പാട് ഞാൻ ചെയ്തു കൊള്ളുമെന്നു അറിയിച്ചു. ഏതാ നും ദിവസം കഴിയുമ്പോഴേക്കും ഖാദിയാന്റെ ആത്മീയാന്തരീക്ഷവും അവരോടുള്ള മറ്റുള്ളവരുടെ സമീ പനവും മസീഹ് മൗഊദുമായുള്ള കൂടിക്കാഴ്ചകളും കാരണം അദ്ദേ ഹത്തിന്റെ മനസ്സിലും ജമാഅത്തു സ്ഥിര പ്രതിഷ്ഠ നേടി. അങ്ങനെ അവർ കുടുംബ സമേതം ബൈഅ ത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ചു. പിന്നീട് മിയാ മുഹമ്മദ് അഹ്സൻ സാഹിബ് സ്വദേശത്തേ യ്ക്കു തിരിച്ചു പോകുന്ന സമയം അദ്ദേഹത്തോടു വാങ്ങിച്ചിരുന്ന കാശ് മൗലവി സാഹിബ് തിരികെ നൽകുകയും ചെയ്തു.

മാതാവിന്റെ ബന്ധുക്കളോടു നന്മ പ്രവർത്തിക്കുന്നതിലൂടെ ഭൗതി ക നേട്ടം കൈവരിക്കാനും ജീവിത സാഹചര്യങ്ങളിൽ വിശാലത നേടാ നും സാധിക്കുമെന്ന ബുഖാരിയി ലുള്ള ഹദീസ് പരാമർശിച്ചു കൊ ണ്ട് മൗലവി സാഹിബ് പറയുകയാ ണു എന്റെ മാതാവിന്റെ ധാരാളം ബന്ധുക്കൾ തങ്ങളുടെ വിവിധ ആവശ്യങ്ങളുമായി എന്നെ സമീപി ക്കുമ്പോഴെല്ലാം തന്നെ എനിക്കു സാധിക്കുന്ന എല്ലാ സഹായസഹ കരണങ്ങളും ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. അതാണു എന്റെ ജീവിത വിജയത്തിന്നാധാരം. മൗലവി സാഹിബ് അഗതികളേയും അനാഥരേയും പരിപാലിക്കാൻ അത്യധികം ശ്രദ്ധിച്ചിരുന്നു. എപ്പോഴും സ്വന്തം വീട്ടിൽ അനാഥ ബാലനെയോ ബാലികയെയോ നിർത്തി തങ്ങളുടെ മക്കൾക്കു സമാനമായി പരിപാലിച്ചിരുന്നു.

ഒരിക്കൽ ഖാദിയാനിൽ ജൽസ സാലാനയുടെ അവസരത്തിൽ അഹ്മദികളായ ഡോക്ടർമാരേയും ഹക്കീമുമാരേയും വിളിച്ചു അവരെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു നിങ്ങൾ സാധുക്കൾക്ക് മരുന്നു നിർദേശിക്കുമ്പോൾ അവർക്കു ചില്ലറ പൈസ കൊണ്ട് വാങ്ങാനാ വുന്ന മരുന്നുകൾ മാത്രമേ എഴുതാ വൂ. പണക്കാർക്കു അവരുടെ വിലയും നിലയും അനുസരിച്ചുള്ള തായിരിക്കണം. സാധുക്കളോടും ദരിദ്രരോടും അനുകമ്പാ പൂർണ മായിരിക്കണം പെരുമാറേണ്ടതു. അതിലൂടെ നിങ്ങൾ അവരുടെ പ്രാർഥനക്കർഹരായിതീരണം.

കശ്മീരിൽ രാജകൊട്ടാരത്തി ൽ ജോലി ചെയ്തിരുന്ന അവസര ത്തിൽ നാട്ടുകാരായ പലരും മഹാരാജാവിൽ നിന്നു ആനു കൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകളും നിവേദനങ്ങളും മൗലവി സാഹിബിനെ ഏൽപിക്കാ റുണ്ടായിരുന്നു. അവരുടെ ആവ ശ്യങ്ങൾ അനുവദിച്ചു കിട്ടുന്നതിനാ യി രാജാവിനോടു ശുപാർശ ചെയ്യാനാണ് അവർ മൗലവി സാഹി ബിന്റെ കയ്യിൽ നിവേദനങ്ങൾ നൽകിയിരുന്നത്. മൗലവി സാഹി ബിന്റെ വാക്കുകൾക്കുമഹാരാജാവ് വലിയ വില കൽപിക്കാറുണ്ടെന്നു അവർക്കറിയാമായിരുന്നു. മൗലവി സാഹിബ് അവരെ ഒരിക്കലും നിരുത്സാഹപ്പെടുത്തുകയോ സാദ്ധ്യമല്ലെന്നു പറയുകയോ

ചെയ്തിരുന്നില്ല. അത്തരം അപേക്ഷകളും നിവേദനങ്ങളും മൗലവി സാഹിബ് അവസരവും സന്ദർഭവും നോക്കി മഹാരാജാവിനു മുന്നിൽ സമർപ്പിക്കും. മിക്കവാറും അപേക്ഷകൾ സ്വീകരിക്കപ്പെടാറുമുണ്ട്. ഒരിക്കൽ എട്ടു പേർ തങ്ങളുടെ വിവിധ ആവശ്യങ്ങളുടെ നിവേദനങ്ങൾ മൗലവി സാഹിബിനു നൽകി കൊണ്ട് ശുപാർശക്കായി അപേക്ഷിച്ചു. ഞാനിതു എന്തായാലും രാജസമക്ഷം എത്തിക്കാമെന്നു മൗലവി സാഹിബ് അവരോടു വാഗ്ദാനം ചെയ്യുകയും ചെയ്തു.

പിറ്റേ ദിവസം രാവിലെ സാധാരണപോലെ ഹദ്റത്ത് മൗലവി സാഹിബ് രാജ സദസ്സിൽ ചെന്നപ്പോൾ മഹാരാജാവ് വളരെ പ്രസന്ന വദനനായി കണ്ടതിനാൽ ഇതുതന്നെ നല്ലഅവസരമെന്നു കരുതി നിവേദനങ്ങളുമായി രാജാവിന്റെ അടുക്കൽ ചെന്നു. എന്നിട്ടു അതിലൊന്നെടുത്ത് രാജാവിന്റെ മുന്നിൽ വച്ചു. രാജാവ് ആകെയൊന്നു കണ്ണോടിച്ച ശേഷം ഇതു സ്വീകരിക്കാനാവുകയില്ലെന്നു പറഞ്ഞു. മൗലവി സാഹിബ് അടുത്ത അപേക്ഷ സമർപ്പിച്ചു. രാജാവ് അതും സ്വീകരിച്ചില്ല. മൗലവി സാഹിബ് മൂന്നാമത്തേതു സമർപ്പിച്ചു രാജാവ് അതും നിരാകരിച്ചു. അങ്ങനെ ഒന്നിനു പിറകെ മറ്റൊന്നായി സമർപ്പിച്ച ഏഴു നിവേദനങ്ങളും മഹാരാജാവ് ഓരോ കാരണം പറഞ്ഞു തള്ളിക്കളഞ്ഞു. താൻ സമർപിച്ച ഒരു നിവേദനം പോലും രാജാവ് സ്വീകരിച്ചില്ലല്ലോ തന്റെ ഒരു വാക്കിനു പോലും രാജാവ് വില കൽപിച്ചില്ലല്ലോ എന്നു വിചാരിച്ചു മൗലവി സാഹിബിനു അണു പോലും വിഷമമോ നിരാശയോ ഉണ്ടായിരുന്നില്ല. അവസാനം എട്ടാമത്തെ നിവേദനവും മൗലവി സാഹിബ് മഹാരാജാവിനു മുന്നിൽ സമർപ്പിച്ചു. അതു കണ്ട് വളരെ ആശ്ചര്യത്തോടെ രാജാവു പറഞ്ഞു, മൗലവി സാഹിബ്! ഏഴു പ്രാവശ്യം തന്റെ ദൗത്യത്തിൽ പരാജയപ്പെട്ടിട്ടും പിൻവാങ്ങാതെ അചഞ്ചല ഹൃദയനായി നിൽക്കുന്ന ഒരാളെ ഞാൻ ആദ്യമായിട്ടാണു കാണുന്നത്. മൗലവി സാഹിബ് പറഞ്ഞു ഈ നിവേദകരോടു അവരുടെ അപേക്ഷകൾ തീർച്ചയായും മഹാരാജാവിന്റെ സന്നിധിയിൽ എത്തിക്കാമെന്നു ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അതു കൊണ്ട് ഞാൻ എന്റെ ഉത്തരവാദിത്വം നിറവേറ്റിയതാണ്. മറ്റുള്ളവരോടു സഹതാപവും അനുകമ്പയും കാണിക്കുന്ന മൗലവി സാഹിബിന്റെ ആ മറുപടി മഹാരാജാവിനെ സന്തോഷിപ്പിച്ചുവെന്നു മാത്രമല്ല എട്ടു നിവേദനങ്ങളും അദ്ദേഹം സ്വീകരിക്കുകയും ചെയ്തു.

അയൽക്കാരുടേയും സാധാരണ മുസ്‌ലിം അമുസ്‌ലിംകളുടേയും അവകാശങ്ങളെ കുറിച്ചു മൗലവി സാഹിബ് വളരെയധികം ശ്രദ്ധിക്കുകയും ആ കാര്യത്തിൽ മറ്റുള്ളവരെ ബോധവൽക്കരിക്കുകയും ചെയ്തിരുന്നു. പൊതുവിൽ മുസ്‌ലിംകൾ നേരിടുന്ന പല കഷ്ടപ്പാടുകളും വിഷമങ്ങളുമോർത്ത് മൗലവി സാഹിബിനു വലിയ മനോവേദനയും ദു:ഖവും അനുഭവപ്പെടാറുണ്ട്. ചില അവസരങ്ങളിൽ അതോർത്തു അദ്ദേഹത്തിനു ഉറക്കം പോലും നഷ്ടപ്പെടാറുണ്ട്. ശത്രുക്കളോടും എതിരാളികളോടും നന്മ പ്രവർത്തിക്കണമെന്നും അവർക്കു വേണ്ടി ദുആ ചെയ്യണമെന്നും അദ്ദേഹം ജമാഅത്തിനെ ഉപദേശിക്കാറുണ്ടായിരുന്നു. ഒരിക്കൽ തന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബിന്റെ നിർമാണത്തിലിരിക്കുന്ന വീടിന്റെ ഒരു മതിലിനെ ചൊല്ലി അയൽപക്കത്തുള്ളവർ ചില ആക്ഷേപമുന്നയിച്ചപ്പോൾ മറ്റൊന്നും നോക്കാതെ ആ മതിൽ പൊളിച്ചു നീക്കാൻ മൗലവി സാഹിബ് മകനോടു കൽപിക്കുകയുണ്ടായി.

മനുഷ്യകുലത്തിന്നാകമാനം തന്നാൽ ആവുന്ന എന്തു നന്മയും സഹായവും എത്തിക്കാൻ എപ്പോഴും അദ്ദേഹം വളരെ ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹം വളരെ ഉദാര മനസ്ക്കനും ദാനശീലനുമായിരുന്നു. തന്റെ ശിഷ്യരോട് അങ്ങേയറ്റം സ്നേഹം കാണിക്കുകയും അവർക്കു ആവശ്യമായി വന്നാൽ പുസ്തകം ഭക്ഷണം വസ്ത്രം എല്ലാം തന്നെ അദ്ദേഹം നൽകിയിരുന്നു. ഒരിക്കൽ തണുപ്പു കാലത്തു അദ്ദേഹത്തിന്റെ വീട്ടിൽ വച്ചു ശിഷ്യരിൽ ഒരാൾ തന്റെ പക്കൽ കമ്പിളി വസ്ത്രങ്ങളൊന്നുമില്ലെന്നു പറഞ്ഞപ്പോൾ അദ്ദേഹം അപ്പോൾ പുതച്ചിരുന്ന കട്ടിയുള്ള ഒരു കമ്പിളി ഷാൾ അഴിച്ചു അവനു കൊടുത്തു. എന്നിട്ടദ്ദേഹം വീട്ടിനകത്തു പോയി ലിഹാഫ് (റസായി) എടുത്തു വന്നു അതു പുതച്ചിരുന്നു.

ഹദ്റത്ത് മൗലവി സാഹിബ് ധാരാളം കുട്ടികളെ സ്വന്തം ചെലവിൽ പഠിപ്പിക്കുന്നുണ്ടായിരുന്നു. അവരുടെ സ്ക്കൂൾ ഫീസുകളും ബോർഡിങ്ങ് ചെലവുകളും അദ്ദേഹം നൽകിയിരുന്നു. അതിൽ ഒരിക്കലും ഒരു പിശുക്കും കാണിച്ചിരുന്നില്ല. ഒരിക്കൽ തന്റെ മൂത്ത മകൻ അബ്ദുൽ ഹൈയ് സാഹിബിനെ ബോർഡിങ്ങിൽ ചേർത്തപ്പോൾ അവന്റെ ചെലവുകൾ കഴിയുന്നത്ര ചുരുക്കാൻ ശ്രമിക്കണമെന്നും മിതവ്യയത്തോടെ കാര്യങ്ങൾ നടത്തിയാൽ മതിയെന്നും മൗലവി സാഹിബ് ബോർഡിങ്ങ് സുപ്രണ്ടായ ചൗധരി ഗുലാം മുഹമ്മദ് സാഹിബിനു കത്തെഴുതി. എന്നാൽ അവിടെ നേരത്തെ മൗലവി സാഹിബ് പ്രവേശിപ്പിച്ചിരുന്ന അഞ്ചാറ് യതീം കുട്ടികളുടെ കാര്യത്തിൽ ഒരു പ്രാവശ്യം പോലും അവരുടെ ചെലവ് ചുരുക്കണമെന്നോ മിതവ്യയത്തോടെ കാര്യങ്ങൾ നടത്തിയാൽ മതിയെന്നോ ബോർഡിങ്ങ് സുപ്രണ്ടിനു നിർദേശം നൽകിയിരുന്നില്ല. സ്വന്തം മകന്റെ കാര്യത്തിൽ മാത്രമാണു ആ നിർദേശം. അതാണു ഹകീമുൽ ഉമ്മത്ത് നൂറുദ്ദീനെ അഅ്സം.

മൗലവി സാഹിബിന്റെ ദറസുകളിൽ അനഹ്മദി കുട്ടികളും പഠിക്കാറുണ്ടായിരുന്നു. അവരുടെയെല്ലാം മേൽ എന്നും മൗലവി സാഹിബിന്റെ കാരുണ്യ കടാക്ഷം ഉണ്ടായിരുന്നു. ഒരിക്കൽ സയ്യിദ്

മുഹമ്മദ് നസീബ് എന്നൊരാൾ തന്റെ വൃദ്ധമാതാവിനെ സേവിക്കേണ്ടതിനാൽ ജോലിക്കു പോകാനുണ്ടെന്നും അതിനാൽ എനിക്കു സ്ക്കൂളിൽ പോകാൻ സാധിക്കുന്നില്ലെന്നു പറഞ്ഞപ്പോൾ നീ പഠനം തുടരണമെന്നും നിന്റെ മാതാവിനു എല്ലാ മാസവും ഒരു തുക നൽകാമെന്നു മൗലവി സാഹിബ് വാഗ്ദാനം ചെയ്യുകയും ചെയ്തു. അങ്ങനെ മൗലവി സാഹിബ് കുറച്ചു കാലം സാമ്പത്തികമായി സഹായിച്ചതിനാൽ ആ ചെറുപ്പക്കാരൻമകൻ പഠിച്ചു മുൻശി ഫാസിൽ പാസ്സാവുകയും ഗുരുദാസ്പൂരിൽ ഒരു ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഒരിക്കലൊരു ഹിന്ദു ചികിത്സക്കായി വന്നു. പരിശോധനയിൽ അയാൾക്കു ക്ഷയരോഗമാണെന്നു മനസ്സിലായി. മൗലവി സാഹിബ് മരുന്നു കുറിച്ചു കൊടുത്തു. അയാൾ മരുന്നിന്റെ കടലാസ്സും പിടിച്ചു വളരെ ദയനീയമായി പറഞ്ഞു ഈ മരുന്നു വാങ്ങാനുള്ള സാമ്പത്തിക ശേഷിയോ കഴിവോ എനിക്കില്ല. മൗലവി സാഹിബ് കുറിപ്പു തിരിച്ചു വാങ്ങി അയാളോടു ഒന്നു രണ്ടു ദിവസം കഴിഞ്ഞു വരാൻ പറഞ്ഞു. അതു പ്രാദേശികമായി കിട്ടാൻ പ്രയാസമുള്ളതും പട്ടണങ്ങളിൽ കിട്ടുന്ന മരുന്നുമായിരുന്നു അത്. മൗലവി സാഹിബ് സ്വന്തം ചെലവിൽ മരുന്നു തപാലിൽ വരുത്തി അയാൾക്കു കൊടുത്തു. മാസങ്ങളോളം കഴിക്കേണ്ട മരുന്നായതു കൊണ്ട് മരുന്നു തീരുന്നതിനു മുമ്പു തന്നെ അറിയിക്കണമെന്നും അയാളോടു പറഞ്ഞു. അങ്ങനെ മൗലവി സാഹിബ് തുടർച്ചയായി അയാൾക്കു വേണ്ടി തപാലിൽ മരുന്ന് വരുത്തിച്ചു കൊണ്ടിരുന്നു. അവസാനം അയാൾ പൂർണാരോഗ്യവാനായി.

ഹുസൂർ ജമാഅത്തിന്റേയും അംഗങ്ങളുടേയും ഉന്നമനത്തിനായി എപ്പോഴും ശ്രദ്ധിക്കുകയും പ്രയത്നിക്കുകയും ചെയ്തിരുന്നു. എന്നിട്ടു പറയും മരിച്ച ശേഷം ഹദ്റത്ത് മസീഹ് മൗഊദുമായി മുലാഖാത്തിനുള്ള അവസരമുണ്ടായാൽ നീ ജമാഅത്തിന്റെ ഉന്നമനത്തിനുവേണ്ടി എന്തു ചെയ്തുവെന്നു മസീഹ് മൗഊദ് (അ) എന്നോടു ചോദിച്ചേക്കുമോ എന്നാണെന്റെ ഭയം. ജമാഅത്തിൽ സാമ്പത്തികമായും അല്ലാതെയുമുള്ള എന്തു സേവനത്തിനുള്ള വിളംബരമുണ്ടായാലും ആദ്യമെത്തുന്നത് മൗലവി സാഹിബ് തന്നെയായിരിക്കും. എല്ലാവരേക്കാളും കൂടുതൽ നൽകുന്നതും അദ്ദേഹം തന്നെയായിരിക്കും.

ഭാര്യമാരുടെ കാര്യത്തിൽ അനുഭാവപൂർവം പെരുമാറണമെന്നു അദ്ദേഹം എല്ലായിപ്പോഴും എല്ലാവരേയും ഉപദേശിക്കാറുണ്ടായിരുന്നു. ചെറിയ ചെറിയ കാര്യങ്ങളെ ചൊല്ലി അവരോട് ദ്വേഷ്യം കാണിക്കുകയോ അവരെ ദേഹോപദ്രവം ഏൽപിക്കുകയോ ചെയ്യരുതെന്നും യാത്ര കഴിഞ്ഞു വരുമ്പോൾ തന്റെ ഭാര്യക്കു വേണ്ടി എന്തെങ്കിലും സമ്മാനങ്ങൾ വാങ്ങിക്കൊണ്ടു വരണമെന്നും ഭാര്യാ മക്കളെ തന്റെ കൂടെ ഒന്നിച്ചു തന്നെ താമസിപ്പിക്കാൻ ശ്രമിക്കണമെന്നും അതാണു ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റേയും ഹദ്റത്ത് റസൂൽ കരീമി (സ) ന്റേയും ചര്യയെന്നും അദ്ദേഹം ഓർമിപ്പിക്കാറുണ്ടായിരുന്നു. കശ്മീരിലെ ജോലിയിൽ നിന്നും വിരമിച്ച ശേഷം നാട്ടിലേയ്ക്കു തിരിച്ചു പോകുന്ന അവസരത്തിൽ അവിടത്തെ ഒരു ധനാഢ്യൻ ആയിരക്കണക്കിനു രൂപയുടെ ഒരു പണക്കിഴി ഹുസൂറിനു ഉപഹാരമായി നൽകിയിട്ടുണ്ടായിരുന്നു. അതു മറ്റൊരു ഇരുമ്പു പെട്ടിയിലാക്കി ഭാര്യയെ ഏൽപിച്ചു. പക്ഷേ, ജമ്മുവിൽ നിന്നു ഭേരയിലേക്കുള്ള യാത്രാ മദ്ധ്യേ മൗലവി സാഹിബിന്റെ ഭാര്യ ആ പെട്ടി കുതിരവണ്ടിയിൽ നിന്നും എടുക്കാൻ മറന്നു. അങ്ങനെ ആ പെട്ടിയിൽ സൂക്ഷിച്ച സാധനങ്ങളും ഭാരിച്ച സംഖ്യയുടെ പണക്കിഴിയും എല്ലാം നഷ്ടപ്പെട്ടു. മറ്റു ബന്ധുക്കൾ അതു സംബന്ധിച്ചു സംസാരിക്കുകയും ദു:ഖം പ്രകടിപ്പിച്ചെങ്കിലും മൗലവി സാഹിബ് ഒരു പ്രാവശ്യം പോലും ഭാര്യയെ കുറ്റപ്പെടുത്തുകയോ അതിനെ കുറിച്ചു സംസാരിക്കുകയോ ചെയ്തില്ല.

സ്വന്തം സന്താനങ്ങളോടും മൗലവി സാഹിബ് വളരെ വാത്സല്യത്തോടും സ്നേഹത്തോടും മാത്രമേ പെരുമാറിയിരുന്നുള്ളു. ഒരിക്കൽ നാട്ടിലെ വഴിവാണിഭക്കാരൻ അവന്റെ സാധനങ്ങൾ ചീത്തയാക്കി എന്ന കാരണം പറഞ്ഞു മകൻ അബ്ദുൽ ഹൈയ് സാഹിബിനെ വളരെയധികം ചീത്തപറഞ്ഞു. ഇതറിഞ്ഞപ്പോൾ മൗലവി സാഹിബ് അയാൾക്കുണ്ടായെന്നു പറഞ്ഞ നഷ്ടത്തിന്റെ അഞ്ചുപത്തിരട്ടി നഷ്ടപരിഹാരം കൊടുത്തിട്ടു പറഞ്ഞു കുട്ടികളെ ഈ രീതിയിൽ ചീത്തപറയുകയും അവരെ ഭീഷണിപ്പെടുത്തുകയും ചെയ്യരുത്. ഉയർന്നു വരുന്ന അവരുടെ വിചാര വികാരങ്ങളും ആവേശങ്ങളും കെട്ടടങ്ങിപ്പോകും. സ്ക്കൂളിൽ കുട്ടികളെ അടിക്കരുതെന്നു അധ്യാപകർക്കു നിർദേശം നൽകിയിട്ടുണ്ടായിരുന്നു. ഒരിക്കൽ തിമിരത്തിനു മൗലവി സാഹിബ് ഉപയോഗിച്ചു കൊണ്ടിരുന്ന വിലപിടിച്ച മരുന്നിന്റെ കുപ്പി മകൻ അബ്ദുൽ ഹൈയ് സാഹിബ് നിലത്തിട്ടു പൊട്ടിച്ചു. വീട്ടിലുള്ളവർ പറഞ്ഞു എന്തൊരു വിലപിടിച്ച മരുന്നാണു നഷ്ടപ്പെട്ടത്. മൗലവി സാഹിബ് പറഞ്ഞു അബ്ദുൽ ഹൈയ് അതിലും വിലപിടിച്ചതല്ലെ? ഒരിക്കൽ ബോർഡിങ്ങ് സുപ്രണ്ട് ചൗധരി ഗുലാം മുഹമ്മദ് സാഹിബ് ബോർഡിങ്ങിൽ താമസിക്കുന്ന അബ്ദുൽ ഹൈയ് സാഹിബിനെ കുറിച്ചു അവൻ നമസ്ക്കാര കാര്യങ്ങൾ വളരെയധികം ശ്രദ്ധിക്കാറുണ്ടെന്നു മൗലവി സാഹിബിനോടു പറഞ്ഞപ്പോൾ മൗലവി സാഹിബ് ഉടൻ തന്നെ തന്റെ കീശയിൽ നിന്നും ഒരു രൂപ എടുത്തു ഗുലാം മുഹമ്മദ് സാഹിബിനു നൽകിക്കൊണ്ട് പറഞ്ഞു ആരെങ്കിലും സന്തോഷ വാർത്ത അറിയിച്ചാൽ അയാൾക്കു വല്ല സമ്മാനവും നൽകണമെന്നു ഹദ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്തിട്ടുണ്ട്.
(തുടരും)

# യേശുവിന്റെ ഖബറിടത്തിൽ

കേന്ദ്രയൂണിവേഴ്സിറ്റി അദ്ധ്യാപകനും എഴുത്തുകാരനുമായ ലേഖകൻ യേശുവിന്റെ കശ്മീരിലുള്ള കബറിടം സന്ദർശിച്ചതിന്റെ അനുഭവം പങ്കുവെക്കുന്നു.

ഡോ. ബി. ഇഫ്തിഖാർ അഹ്മദ്

മഞ്ഞ് വീഴ്ചയില്ലെങ്കിലും സാമാന്യം നല്ല തണുപ്പുണ്ട്. ശ്രീനഗറിലെ ലാൽ ചൗക്കിലെ കശ്മീർ ടൂറിസം ഡിപ്പാർട്ട്മെന്റ് സമ്മാനിച്ച ഗസ്റ്റ് ഹൗസിലെ താമസമുറിയിൽ നിന്ന്, കാലത്തെഴുന്നേറ്റ് റെഡിയായി, റസ്റോറന്റിലേക്ക് ഇന്റർകോമിലൂടെ വിളിച്ചു ചോദിച്ചപ്പോൾ ബ്രെയ്ക്ഫാസ്റ്റ് ഇനിയും തയ്യാറായിട്ടില്ല എന്ന മറുപടിയാണ് കിട്ടിയത്.. കാത്തിരിക്കാൻ സമയമില്ല. ഇന്ന് വൈകുന്നേരത്തെ ഫ്ളൈറ്റിൽ തിരിച്ച് നാട്ടിലേക്ക് കയറണം. അഞ്ച് ദിവസത്തെ സന്ദർശനം ഇന്നോട് കൂടി അവസാനിക്കുകയാണ്. പ്രാതൽ പുറത്തുള്ള ഏതെങ്കിലും ധാബയിൽ വെച്ചാകാം എന്ന് തീരുമാനിച്ച് പുറത്തിറങ്ങി.

ശ്രീനഗർ പട്ടണത്തിന് ഉറക്കച്ചടവ് മാറിയിട്ടില്ല. തോക്കും പിടിച്ച് അവിടിവിടങ്ങളിലായി കുറച്ച് പട്ടാളക്കാർ തണുപ്പകറ്റാൻ ചായ കുടിക്കുന്നു, പുകവലിക്കുന്നു. തൊട്ടടുത്തുള്ള കടയിൽ കയറി ചുടു ചായ മോന്തി, രണ്ട് ചപ്പാത്തിയും സബ്ജിയും കഴിച്ച്, ഒരു ഓട്ടോയിൽ കയറി പറഞ്ഞു: 'ഭായ് സാബ്, റോസാ ബാൽ ജായേഗാ.'

വാർദ്ധക്യത്തിലേക്ക് പ്രവേശിച്ച ആളായിട്ട് കൂടി, 'റോസാ ബാൽ? വോ കിദർ ഹേ?' എന്ന് ചോദിച്ച്, ഓട്ടോക്കാരൻ എന്നെ മിഴിച്ച് നോക്കി. ഫോണിൽ, ജിപിഎസ് ഓണാക്കി, യൂസാ ആസഫ് പള്ളി എന്ന സ്ഥലവും ഡയറക്ഷനും സ്ക്രീനിൽ കാണിച്ച് കൊടുത്തപ്പോഴും അയാളുടെ സംശയം തീർന്നില്ല. 'താങ്കൾ വണ്ടി വിടൂ, ഞാൻ വഴി പറഞ്ഞു തരാം' എന്ന എന്റെ ഉറപ്പിലാണ് അയാൾ വണ്ടി സ്റ്റാർട്ട് ചെയ്തത്.

വളവും തിരിവും കഴിഞ്ഞ്, വെറും മൂന്ന് കിലോമീറ്ററിനപ്പുറത്തായി കാന്യർ റോഡിലെത്തിയപ്പോൾ 'ഇവിടെയെത്താൻ ഇത്രേം വളഞ്ഞ് വരേണ്ടിയിരുന്നില്ല സാബ്' എന്ന് അയാൾ തെല്ലുറക്കെ ഒരാത്മഗതം നടത്തിയത് ഞാൻ ചെറുപുഞ്ചിരിയോടെ അവഗണിച്ചു.

'ഈസാ മസീഹിന്റെ ഖബർ ഇവിടെയാണ്' എന്ന് പറഞ്ഞ്, യൂസ ആസഫ് ശവകുടീരത്തിന് മുൻവശത്തുള്ള വൃത്തിഹീനമായ തെരുവിൽ ഇറങ്ങി കൂലി കൊടുത്തപ്പോൾ ഡ്രൈവർ ആകാംക്ഷയോടെ ചോദിച്ചു: 'വോ നഹീ മാർഗയാ, യാർ.. വോ അല്ലാഹ് കേ സാത്ത്, ആസ്മാൻ മേ ഹേ നാ?'

എന്നെ ഇറക്കി അയാൾ കുറച്ച് നേരം മന്ദിരത്തെ തന്നെ നോക്കി നിന്നു. ശേഷം ഒരു വഴിപോക്കനോട് കശ്മീരി ഭാഷയിൽ എന്തൊക്കെയോ ചോദിച്ചു. കശ്മീരി ആയിട്ടും അയാൾക്ക് ഈ ഖബറിടത്തെ കുറിച്ച് അറിയില്ല എന്ന് വ്യക്തം. അല്ലെങ്കിൽ അയാളെ പോലുള്ള ആയിരക്കണക്കിന് മനുഷ്യരിൽ നിന്നും ആരൊക്കെയോ അത് മറച്ചുവെക്കുന്നതിൽ വിജയിച്ചിരിക്കുന്നു.

വാഗ്ദത്ത മസീഹിന്റെ ഏറ്റവും ബൗദ്ധികമായ അടയാളം നേരിട്ട് സന്ദർശിക്കുന്നതിന്റെ ഉന്മാദത്തിലായിരുന്നു, ഞാൻ. ദിവ്യവെളിപാടുകളുടെ പിൻബലത്തിൽ യേശുവിന്റെ കുരിശ് സംഭവാനന്തര ജീവിതത്തിന്റെയും, അതിന് ശേഷം കശ്മീർ താഴ്‌വരകളിൽ ഒന്നായ ശ്രീനഗറിലേക്കുള്ള ദീർഘ യാത്രയുടെയും വിവരണങ്ങൾ കൊണ്ട് സമൃദ്ധമായ 'യേശു ഇന്ത്യയിൽ' എന്ന ഗ്രന്ഥം വായിച്ചതിന്റെ അനുഭൂതി വീണ്ടും അനുഭവിക്കുന്നത് ഞാനറിഞ്ഞു.

പള്ളി പൂട്ടിയിട്ടിട്ടാണുള്ളത്. 'അകത്തേക്ക് കയറാൻ എന്തെങ്കിലും വഴിയുണ്ടോ?' എന്ന്, തൊട്ടടുത്ത ഇറച്ചിക്കടക്കാരനോട് ചോദിച്ചപ്പോൾ, ഒരു പ്രത്യേക രീതിയിൽ ചുണ്ട് കൊട്ടി, ഇല്ല എന്ന് അയാൾ തലയാട്ടി. ചുറ്റും നടന്നപ്പോൾ ഒരു വശത്ത് ഒരു ഇടുങ്ങിയ ജനാല തുറന്നിരിക്കുന്നത് ശ്രദ്ധയിൽ പെട്ടു. അതിലൂടെ, വലുതും ചെറുതുമായ രണ്ട് ഖബറുകൾ കണ്ടു. ജനലിനരികിൽ എന്തൊക്കെയോ മന്ത്രിച്ച കെട്ടുകൾ പൊടിപിടിച്ച് കിടക്കുന്നു.

സൂസൻ ഓൾസോൻ എന്ന അമേരിക്കൻ ഗവേഷക, 2002 ലാണ്, ശ്രീനഗറിലെ 'യൂസാ ആസഫിന്റെ ഖബറിടം' സന്ദർശിച്ച ശേഷം, ഖബറിന്റെ ഏതെങ്കിലും ഒരു മൂലയിൽ കുഴിച്ച്, ഒരല്പം മണ്ണ് തരാമോ എന്ന് ആവശ്യപ്പെട്ടത്. DNA ടെസ്റ്റിലൂടെ, ഖബറടക്കപ്പെട്ട മനുഷ്യന്റെ കാലവും പ്രായവുമൊക്കെ ശാസ്ത്രീയമായി അറിയാനാണ് അവർ ആവശ്യം ഗവണ്മെന്റിനോട് നട

ത്തിയതെങ്കിലും, പാക്കിസ്ഥാൻ താവളമാക്കി പ്രവർത്തിക്കുന്ന ടെററിസ്റ്റ് ഗ്രൂപ്പുകളുടെ ഭീഷണി ഉണ്ടായതിനാൽ അവരുടെ ആവശ്യം അനുവദിക്കപ്പെട്ടില്ല.

അവരുടേത് കൂടാതെ, ഹോൾഗർ കേസ്റ്റന്റെത് അടക്കം വേറെയും ഗ്രന്ഥങ്ങൾ വായിച്ചതിന്റെ ലഹരിയിലാണ് ശ്രീനഗറിലുള്ള ഈ മുസോളിയം സന്ദർശിച്ചത്.

യേശു ക്രിസ്തു അഥവാ ഈസാ നബിയുടെ സംസാര ഭാഷയായ അരമായയിൽ അദ്ദേഹം വിളിക്കപ്പെട്ടത് യൂസാ എന്നാണ്. ഈ ഖബർ, പഠന ഗവേഷണങ്ങൾ പറയുന്ന പോലെ, കുരിശ് സംഭവത്തിന് ശേഷം, രക്ഷപ്പെട്ട്, തന്റെ ഇസ്റായേൽ ഗോത്രങ്ങളെ ഏകോപിപ്പിക്കാൻ ഇറാൻ വഴി കശ്മീരിൽ എത്തി, പ്രവാചക പ്രബോധനം നൽകി, സാധാരണ മനുഷ്യനെന്ന നിലയിൽ മരണപ്പെട്ട യേശുവിന്റേത് ആണെന്ന് ശാസ്ത്രീയമായി തെളിയിക്കുക എന്നൊരു ഉദ്യമം മാത്രമേ പൂർത്തിയാവാനുള്ളൂ. അദ്ദേഹം ആകാശത്തിൽ നിന്ന് ഇറങ്ങി വരും എന്ന മട്ടിലുള്ള, ലോകത്തുള്ള ബഹുഭൂരിഭാഗം മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും ഇത്രകാലമായുള്ള മതവിശ്വാസം, അബദ്ധ ജടിലവും തികഞ്ഞ വിഢിത്തം ആയിരുന്നു എന്ന് അതോടെ തെളിയുകയും ചെയ്യും.

ബോർഡറിലുള്ള റാവൽപിണ്ടിയിൽ ഈസാ നബിയുടെ മാതാവ് മേരിയുടെ ഖബറിടം ഉള്ളത്, അദ്ദേഹത്തിന്റെ ഇന്ത്യയിലേക്കുള്ള യാത്രയെ സാധൂകരിക്കുന്നതാണ്. വെറും അഞ്ച്മണിക്കൂർ കുരിശിൽ മുറിവേറ്റ് കിടന്ന ഒരാൾ മരണപ്പെട്ടു എന്നതും, ആരും കാണാതെ അദ്ദേഹം ഉടലോടെ ദൈവസമക്ഷത്തേക്ക് പോയെന്നുമുള്ള ഇസ്‌ലാം, ക്രിസ്തുമത വിശ്വാസങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്തത് കൊണ്ടും, ഇതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ നിരവധി പഠനങ്ങൾ വായിച്ചത് കൊണ്ടും, ഇപ്പോഴത്തെ ഈ സന്ദർശനം കാരണവും, ഈസാ നബിയുടെ കശ്മീർ ജീവിതവും മരണവും വല്ലാതെ ഭ്രമിപ്പിച്ചു.

ഞാൻ കണ്ട ഖബർ കിഴക്ക് പടിഞ്ഞാറ് ആയിട്ടാണ് ഉള്ളത്. ഒരു മുസ്‌ലിം സിദ്ധൻറെയാണെന്ന തെറ്റായ രീതിയിലാണ് മുസ്‌ലിങ്ങളായ അതിന്റെ കയ്യാളുകൾ ഇപ്പോൾ ഖബർ സംരക്ഷിക്കുന്നത്. എന്നാൽ ലോകത്തുള്ള മുഴുവൻ മുസ്‌ലിം ഖബറുകളും വടക്ക് തെക്കായിട്ടാണ് ഉള്ളത്. യഹൂദനായ യേശുവിന്റെ ഖബർ യഹൂദ ആചാര പ്രകാരം കിഴക്ക് പടിഞ്ഞാറായി സംസ്കരിക്കപ്പെട്ടു എന്നത്, പ്രത്യക്ഷത്തിൽ തന്നെ അത് ഒരു ഇസ്റായേലീന്റെ ആണെന്നുള്ളതിന് തെളിവാണ്..

ക്രൂശീകരിക്കപ്പെട്ട യേശുവിന് മരണകാരണമായ ഒരു മുറിവും ഉണ്ടായിരുന്നില്ല എന്നും കേവലം അഞ്ച് മണിക്കൂർ ക്രൂശിൽ കിടന്നാൽ മരണ സാധ്യത ഒരു അഞ്ചു ശതമാനം പോലും ഇല്ലെന്നുള്ളതുമാണ് വാസ്തവം. അതുകൊണ്ടാണ് സാബത്തിനോടനുബന്ധിച്ച് യേശുവിന്റെ ഇരുവശത്തുമായി ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരെ പട്ടാളക്കാർ തല്ലിക്കൊന്നത്. യേശുവിനെയാകട്ടെ പീലാത്തോസിൻറ ഇടപെടൽ കൊണ്ട്, യേശുവിന്റെ ശിഷ്യന്മാർ ക്രൂശിൽ നിന്ന് രഹസ്യമായി, വിദഗ്ദമായി രക്ഷപ്പെടുത്തുകയാണ് ചെയ്തത്.

ഇക്കാലത്തും ഫിലിപ്പൈൻസ് പോലുള്ള സ്ഥലങ്ങളിൽ ദുഃഖ വെള്ളിയാഴ്ച ആഘോഷങ്ങളിൽ ആളുകൾ ചാട്ടയടി ഏറ്റുവാങ്ങി, കൈകാലുകളിൽ ആണിയടിയും കൊണ്ട് മണിക്കൂറുകളോളം ക്രൂശിൽ കിടക്കുന്ന ആചാരമുണ്ട്.. അത് കഴിഞ്ഞ് അവരൊക്കെ ജീവനോടെ വീട്ടിലേക്ക് പോകുകയാണ് ചെയ്യുന്നത്.



ലേഖകൻ ശ്രീനഗർ അഹ്മദിയാ പള്ളിക്ക് മുമ്പിൽ

കൂടാതെ, ദാൽ തടാകത്തിന് അടുത്തുള്ള മലമുകളിൽ സ്ഥിതി ചെയ്യുന്ന ശ്രീ ശങ്കരാചാര്യരുടെ ക്ഷേത്രത്തിന് പുറകിലുള്ള സോളമന്റെ (സുലൈമാൻ നബി) സിംഹാസനത്തിലെ കാർവിങ്ങിൽ ഈസാ നബിയെ കുറിച്ചുള്ള പരാമർശവും ഏറെ രസകരമാണ് എന്നോർത്തു.

ശങ്കരാചാര്യർ, ക്രിസ്തുവിന്റെ കശ്മീർ സന്ദർശനത്തെ കുറിച്ച് നിരീക്ഷണങ്ങൾ നടത്തിയതും കൗതുകകരമാണ് (യേശു നാല് വർഷത്തോളം വേദങ്ങൾ പഠിച്ചു എന്നൊരു പഠനവുമുണ്ട്)..

ഏറ്റവും വിവാദങ്ങൾ നിറഞ്ഞ, ഒരു മഹാനായ ചരിത്ര പുരുഷന്റെ ശവകുടീരത്തിന് മുമ്പിൽ ചെന്ന് കണ്ണുകൾ കൂപ്പി സലാം അർപ്പിച്ച ശേഷമാണ് അടുത്ത സ്ഥലത്തേക്ക് യാത്ര തുടരുന്നത്.

ശേഷം പേജ് 40 ൽ


കുറിപ്പുകൾ

# വലിയ പ്രപഞ്ചവും ചെറിയ മനുഷ്യനും

**മുസാഫിർ**

**'നാം അവർക്ക് ആകാശത്തിന്റെ ഒരു വാതിൽ തുറന്നു കൊടുക്കുകയും എന്നിട്ട് അതിൽ കൂടി അവർ ഉപരിലോകത്തേക്ക് കയറിക്കൊണ്ടിരിക്കുകയും ചെയ്യുന്നതായാൽ അവർ പറയും: ഞങ്ങളുടെ കണ്ണുകൾ ഉന്മത്തമായിരിക്കുന്നു. ഞങ്ങളെ മായാ കാഴ്ച്ചകൾ ബാധിച്ചിരിക്കുന്നു.' (വിശുദ്ധ ഖുർആൻ 15:15,16)**

കോടാനുകോടി പ്രകാശവർഷങ്ങൾ വിസ്തൃതിയുള്ള ഒരു ബൃഹദ് പ്രപഞ്ചമാണ് നമ്മുടേത്. മനുഷ്യന്റെ ഏറ്റവും വലിയതും ആധുനികവുമായ ശാസ്ത്രനിർമ്മിതി ജെയിംസ് വെബ്ബ് സ്പേസ് ടെലസ്കോപ്പിന്റെ (The James Webb Space Telescope - JWST) ക്യാമറ പ്രപഞ്ചത്തിലെ കാണാപ്പുറങ്ങളിലെ നിഗൂഢതകളിലേക്ക് മിഴിതുറന്നപ്പോൾ കണ്ട വിസ്മയകാഴ്ച്ചകൾ, അതിബൃഹത്തായ ഈ പ്രപഞ്ചത്തെ സംബന്ധിച്ചും അതിൽ ഒരു മണൽത്തരിയുടെ വലുപ്പമുള്ള ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന്റെ ചെറുപ്പത്തെ കുറിച്ചുമാണ് ഓർമ്മപ്പെടുത്തുന്നത്. ഭൂമിയിൽ നിന്നും പതിനഞ്ച് ലക്ഷം കിലോമീറ്റർ അകലെ സൂര്യനെ ചുറ്റി പ്രപഞ്ച നിരീക്ഷണം നടത്തുന്ന 2021 ഡിസംബർ 25 ന് അമേരിക്കൻ സ്പേയ്സ് ഏജൻസിയായ നാസ വിക്ഷേപിച്ച ബഹിരാകാശ ടെലിസ്കോപ്പാണ് ജെയിംസ് വെബ് സ്പേസ് ടെലസ്കോപ്പ് (JWST) നാസയുടെ മെർക്കുറി ജെമിനി അപ്പോളോ (1961–1968) എന്നീ ബഹിരാകാശ ദൗത്യങ്ങൾക്ക് നേതൃത്വം നൽകിയ അഡ്മിനിസ്ട്രേറ്ററായിരുന്ന ജെയിംസ് ഇ വെബ്ബിന്റെ സ്മരണാർത്ഥമാണ് ബഹിരാശ ദൂരദർശിനിക്ക് ഈ നാമകരണം. ജെയിംസ് വെബ്ബ് ക്യാമറ പകർത്തിയെടുത്ത ദൃശ്യങ്ങൾ സംയോജിപ്പിച്ച് 2022 ജൂലൈ 12 നാണ് അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡൻ പുറത്ത് വിട്ടത്. മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തിയപ്പോഴുള്ള ജിജ്ഞാസയോടെ ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് ശാസ്ത്രലോകം JWST അയച്ച പ്രപഞ്ചദൃശ്യങ്ങൾ നോക്കിക്കണ്ടത്. JWST വിവിധ കോണുകളിൽനിന്നും എടുത്ത നാലു പ്രപഞ്ചമേഖലകൾ കൂട്ടി യോജിപ്പിച്ച് നാസ ആദ്യമായി പുറത്ത് വിടുകയായിരുന്നു.



ജെയിംസ് വെബ്ബ് സ്പേസ് ടെലസ്കോപ്പ് എടുത്ത ചിത്രം


ജെയിംസ് വെബ്ബ് ക്യാമറ വെറും ഒരു ടെലസ്കോപ്പല്ല. ഭൂതകാലത്തേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന ഒരു ടൈം മെഷീൻ കൂടിയാണ്. നമ്മുടെ സൂര്യൻ ഭൂമിയിൽ നിന്നും ശരാശരി 14.6 കോടി കിലോ മീറ്റർ അകലെയാണ്. സൂര്യനിൽ നിന്നും ഒരു പ്രകാശ കിരണം ഭൂമിയിലെ ത്താൻ 8 മിനിറ്റ് എടുക്കും. അതായത് 8 മിനുട്ട് പ്രകാശ ദൂരം മുമ്പുള്ള സ്ഥലകാലത്ത് സ്ഥിതിചെയ്യുന്ന സൂര്യനെയാണ് നാം കാണുന്നത്. അത്തരത്തിൽ ദശലക്ഷക്കണക്കിന് പ്രകാശ വർഷം അകലെയുള്ള നക്ഷത്രങ്ങളിൽ നിന്നും വരുന്ന പ്രകാശം

ഇവിടെ എത്തുമ്പോൾ അത്രയും വർഷം പഴക്കമുള്ള നക്ഷത്രത്തെയും ഗാലക്സിയെയുമാണ് നാം കാണുന്നത്. നാം നഗ്ന നേത്രങ്ങൾ കൊണ്ട് കാണുന്നതിനേക്കാൾ എണ്ണത്തിലും വിപുലതയിലും ലക്ഷക്കണക്കിന് ഇരട്ടി വലിപ്പത്തിലാണ് ബഹിരാകാശ ടെലസ്കോപിലൂടെ കാണുക. 460 കോടി വർഷം മുമ്പുള്ള നക്ഷത്ര സമൂഹങ്ങളുടെ ദൃശ്യങ്ങൾ വരെ ജെയിംസ് വെബ്ബ് സ്പേസ് ടെലസ്കോപ് (JWST) ഇതിനകം പകർത്തിയിട്ടുണ്ട്. വിദൂര നക്ഷത്രങ്ങളെ മാത്രമല്ല നമ്മുടെ സൗരയൂഥത്തിലെ വ്യാഴത്തിന്റെ ഏറ്റവും തെളിഞ്ഞ ചിത്രമാണ് ജെയിംസ് ടെലസ്കോപ്പ് നൽകിയിരിക്കുന്നത്. ഏറെ ചർച്ച ചെയ്യപ്പെട്ട വ്യാഴത്തിലെ റെഡ് സ്പോട്ട് വ്യാഴത്തിന്റെ ചന്ദ്രന്മാരായ തീബ്, മെറിറ്റിസ്, യൂറോപ്പ എന്നീ ഉപഗ്രങ്ങളും ചിത്രത്തിൽ വ്യക്തമായി കാണാം.

## ജെയിംസ് വെബ്ബ് സ്പേസ് ടെലസ്കോപ്പ്


നമ്മുടെ ഗാലക്സിയായ മിൽക്കിവേയുടെ വലുപ്പം 1 ലക്ഷം പ്രകാശവർഷമാണ്. അതിൽ 75000 പ്രകാശവർഷം അകലെയുള്ള പുതിയ നക്ഷത്ര സമൂഹമായ കരീനാ നെബുല്ല യുടെ വ്യക്തമായ ദൃശ്യം ബഹിരാകാശ ക്യാമറ നൽകുന്നു. ആദിമ പ്രപഞ്ച ഘടന, ബിംഗ് ബാങ്ങ് മഹാവിസ്പോടനത്തിലൂടെ നമ്മുടെ പ്രപഞ്ചം എങ്ങനെ രൂപപ്പെട്ടു, അതിന് ശേഷമുള്ള പ്രപഞ്ചത്തിന്റെ അവസ്ഥ, തമോഗർത്തങ്ങൾ രൂപപ്പെടുന്നതെങ്ങനെ, അന്യഗ്രഹങ്ങളിലെ കാലാവസ്ഥ, അവിടുത്തെ ജലസാന്നിദ്ധ്യം, ജീവന്റെ സാധ്യതകൾ അങ്ങനെ നിരവധി പ്രപഞ്ച സമസ്യകളിലേക്കും രഹസ്യങ്ങളിലേക്കും വെളിച്ചം വീശുന്നതാണ് JWST അയക്കുന്ന ചിത്രങ്ങൾ.

എന്താണ് JWST ബഹിരാകാശ ക്യാമറയുടെ പ്രത്യേകത? നാം ഭൂമിയിലെ ഒബ്സർവേറ്ററിയിൽ



ജെയിംസ് വെബ്ബ് സ്പേസ് ടെലസ്കോപ്പ്

നിന്ന് ബഹിരാകാശത്തേക്ക് നോക്കുമ്പോൾ പ്രപഞ്ച വിദൂരതയിൽ നിന്നും ഭൂമിയിലേക്ക് കടന്നു വരുന്ന കിരണങ്ങൾ ഭൂമിയുടെ ഗുരുത്വാകർഷണം, വായുസാന്ദ്രമായ അന്തരീക്ഷം, മറ്റു പ്രകാശങ്ങൾ, പൊടിപടലങ്ങൾ എന്നിവക്ക് വിധേയമായി വക്രീകരണത്തിനും ചിതറലിന്നും മലിനമാക്കലിനും വിധേയമായി ദൃശ്യങ്ങളുടെ വ്യക്തത നഷ്ടപ്പെടുന്നു. അത്കൊണ്ട് **ലാഗ്റേഞ്ച് (Lagrange)** ഭ്രമണ പഥത്തിൽ **JWST** ഇതൊന്നും ബാധിക്കാത്ത രീതിയിൽ ഭൂമിയുടെ അന്തരീക്ഷത്തിനപ്പുറത്ത് ബഹിരാകാശത്ത് നിന്നുള്ള പ്രപഞ്ചനോട്ടമാണ് കൂടുതൽ വ്യക്തതയും കൃത്യതയും നൽകുന്നത്. അതാണ് ടെലസ്ക്കോപ്പുകൾ ബഹിരാകാശത്തെ ഭ്രമണപഥങ്ങളിൽ വിക്ഷേപിക്കാനുള്ള കാരണം. JWST ഭൂമിയിൽ നിന്നും 15 ലക്ഷം കിലോ മീറ്റർ അകലെ സൂര്യനെ ചുറ്റുന്ന ലാഗ്റേഞ്ച് (Lagrange) ഭ്രമണപഥത്തിലാണ് വിന്യസിച്ചിരിക്കുന്നത്. ലാഗ്റേഞ്ച് ഭ്രമണപഥമെന്നാൽ സൂര്യനും ഭൂമിയും ഈ മേഖലയിൽ പ്രയോഗിക്കുന്ന ഗുരുത്വബലം തുല്യമായിക്കും. ഒരു ഗോളത്തിന്റെ മാത്രം ഗുരുത്വബലം ബാധിക്കാത്തതിനാൽ അധികം ഊർജ്ജം പ്രയോഗിക്കാതെയും ഭ്രമണ പഥത്തിൽ സ്പേസ് ക്യാമറക്ക് ചലിക്കാനാകും. മൂന്ന് ദശകങ്ങൾക്ക് മുമ്പ് മുൻഗാമിയായി വിക്ഷേപിച്ച ഹബിൾ ടെലസ്കോപ്പും ഈ ലക്ഷ്യത്തോടെയാണ് ബഹിരാകാശത്ത് വിക്ഷേപിച്ചത്. ഹബിളിനേക്കാൾ 100 മടങ്ങ് വ്യക്തതയോടെ ചിത്രങ്ങൾ അയക്കാൻ JWST ന് സാധിക്കും ഹബിൾ ടെലസ്കോപ്പ് അൾട്രാ വയലറ്റ് രശ്മികളും ഇലക്ട്രോ മാഗ്നറ്റിക്ക് സ്പെക്ട്രത്തിലെ കാണാവുന്ന രശ്മികളെയും ഉപയോഗപ്പെടുത്തിയാണ് ചിത്രങ്ങൾ എടുക്കുന്നത്. എന്നാൽ അതിനേക്കാൾ സൂക്ഷ്മമായ ഇൻഫ്രാറെഡ് സാങ്കേതിക വിദ്യയിലാണ് JWST പ്രവർത്തിക്കുന്നത്. ഏത് പൊടി പടലങ്ങൾക്കിടയിലൂടെയും ഇൻഫ്രാറെഡ് രശ്മികൾ ദൃശ്യപ്രകാശത്തെക്കാൾ എളുപ്പം കടന്നുപോകും. ഇൻഫ്രാ റെഡ് വികിരണം എന്നാൽ വസ്തുക്കളിൽനിന്നും പുറപ്പെടുന്ന താപവികിരണങ്ങളാണ്. നമുക്ക് കാണാൻ സഹായിക്കുന്ന പ്രകാശം വിദ്യുത് കാന്തിക തരംഗങ്ങളിൽപെട്ടതാണ് അതിനെക്കാൾ തരംഗ ദൈർഘ്യം കൂടിയതും നമുക്ക് കാണാൻ സാധിക്കാത്തതുമായ തരംഗങ്ങളാണ് ഇൻഫ്രാറെഡ് തരംഗം. അത് വിശകലനം ചെയ്ത് ചിത്രങ്ങളാക്കി മാറ്റുന്ന സാങ്കേതിക വിദ്യയാണ് ഇൻഫ്രാറെഡ് ക്യാമറ. അതീവ ലോലമായ താപതരംഗങ്ങൾ വിശകലനം ചെയ്യുന്നതിനാൽ മറ്റുതാപ ഊർജ്ജത്തിന്റെ ഇടപെടലില്ലാതെ ഈ സംവിധാനം മൈനസ് ഡിഗ്രിയിൽ വളരെ താഴ്ന്ന ഊഷ്മാ




വിൽ സൂക്ഷിക്കണം. സൂര്യപ്രകാശത്തിൽ നിന്നും സുരക്ഷക്കായി വലിയ ഒരു കുടയും ക്യാമറക്കുണ്ട്. ഗോൾഡൻ ഐ എന്ന 6.5 മീറ്റർ വലുപ്പമുള്ള കണ്ണാടി നിവർത്തിയാണ് ക്യാമറ പ്രവർത്തിക്കുക. ഹബിൾ ടെലിസ്കോപിൽ ഇത് 2.4 മീറ്ററായിരുന്നു. JWSTന് ഹബിളിനേക്കാൾ 6 ഇരട്ടി പ്രകാശം ശേഖരിച്ച് പരിശോധിക്കാൻ സാധിക്കുന്നു. അതിനാലാണ് ഇത്വരെ കാണാത്ത പ്രപഞ്ചദൃശ്യങ്ങൾ നമുക്ക് കാണാൻ കഴിയുക.

## വിജ്ഞാനം മനുഷ്യനെ വിനയാന്വിതനാക്കട്ടെ

നമ്മുടെ സംവേദനേന്ദ്രിയങ്ങളുടെ പരിമിതിയും അജ്ഞതയും കൊണ്ട് ഭൗതിക പ്രപഞ്ചം തന്നെ നമ്മിൽ നിന്നും അദൃശ്യമായി നിൽക്കുന്ന ഒരു യഥാർത്ഥ്യമാണ്. ഇതിൽ നിന്നും നാം ഗ്രഹിക്കുന്ന ലളിതത്വം അഗോചരവും അജ്ഞാതവുമായി നിൽക്കുന്ന അദൃശ്യയാഥാർത്ഥ്യങ്ങൾ അക്കാരണം കൊണ്ട് മാത്രം അതിന്റെ അസ്തിത്വം നിഷേധിക്കുന്നത് യുക്തിസഹമല്ല എന്നാണ്. ഈ തിരിച്ചറിവാണ് വിവേകശാലിയായ വിജ്ഞാനാന്വേഷകന് വേണ്ടത്. ഉദാഹരണത്തിന് നമ്മുടെ നഗ്നനേത്രങ്ങൾ കൊണ്ട് നോക്കിയാൽ ഏകദേശം മൂവ്വായിരമോ നാലായിരമോ നക്ഷത്രങ്ങളെ മാത്രമേ ആകാശത്ത് കാണാൻ കഴിയൂ. ഒരു ദൂരദർശനിയിലൂടെ നോക്കുമ്പോൾ അത് പതിനായിരവും ഒരു ഒബ്സർവ്വേറ്ററിയിലൂടെ നോക്കുമ്പോൾ അത് ലക്ഷക്കണക്കിനും ഇപ്പോൾ സ്പേസ് ടെലസ്ക്കോപ്പിലൂടെ നോക്കുമ്പോൾ എണ്ണിയാലൊടുങ്ങാത്ത യത്ര എണ്ണം നക്ഷത്രങ്ങളായും കാണുന്നു. കാഴ്ച്ചയുടെ സംവേദക്ഷമതയും ചട്ടകൂടും ഉപകരണങ്ങളും വീക്ഷണകോണും മാറുന്നതനുസരിച്ച് അദൃശ്യങ്ങൾ ദൃശ്യമായി മാറുന്നു. ഇത്വരെ നാം ഉള്ള പ്രപഞ്ചത്തെ അറിയാതിരുന്നത് നമ്മുടെ തന്നെ അജ്ഞതയും പരിമിതിയുമായാണ് മനസ്സിലാക്കേണ്ടത്. ഈ പ്രപഞ്ചവിസ്മയങ്ങളെല്ലാം നിസ്സഹായനായ മനുഷ്യന് ഒരു ദൂരക്കാഴ്ച്ച മാത്രമാണ്. ഈ ബൃഹദ് പ്രപഞ്ചത്തിന്റെ സൃഷ്ടിയിലോ അത് ചരിക്കുന്ന ഭൗതിക നിയമങ്ങളിലോ ഭൂമിയുടെ ഭ്രമണത്തിലോ രാപ്പകലുകളുടെ മാറ്റത്തിലോ ഇതെല്ലാം അൽപ്പമായി അറിഞ്ഞ നമ്മുടെ തന്നെ സൃഷ്ടിയിലോ അതിന്റെ ജൈവിക നിയമങ്ങളിലോ യാതൊരു പങ്കുമില്ലാത്ത മനുഷ്യൻ ആ ബൃഹദ് ജ്ഞാനത്തിന് മുമ്പിൽ വിനയാന്വിതനാകുന്നതിന് പകരം പ്രപഞ്ച ദൃശ്യങ്ങൾകണ്ടതിന്റെ പേരിൽ ഒരു ജേതാവിനെപ്പോലെ അഹംങ്കരിക്കുന്നത് അൽപ്പത്തരവും അവിവേകവും മാനുഷതയുടെ ലംഘനവുമാണ്. ശാസ്ത്രം എന്നത് മനുഷ്യൻ മനസ്സിലാക്കിയ പ്രപഞ്ച വിജ്ഞാനങ്ങളുടെയും നിയമങ്ങളുടെയും ക്രോഡീകൃത രൂപമാണ്. വാസ്തവത്തിൽ യഥാർത്ഥ ശാസ്ത്രത്തിന്റെ സ്രഷ്ടാവ് പ്രപഞ്ചസ്രഷ്ടാവായ ദൈവമാണ്. പ്രപഞ്ച വിസ്മയങ്ങൾ മനുഷ്യനെ ജ്ഞാനസമ്പന്നനും വിവേകിയുമാക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പ്രപഞ്ച വിജ്ഞാനീയം കൂടുതൽ കൂടുതൽ അന്വേഷിക്കാൻ മനുഷ്യനെ പ്രോത്സാഹിപ്പിച്ചു കൊണ്ട് പറയുന്നു

**'ഏഴാകാശങ്ങളെ ക്രമമായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമഭംഗവും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വൈകല്യങ്ങളും നീ കാണുന്നുണ്ടോ? കണ്ണ് പരാജിതമായും ക്ഷീണിച്ചുകൊണ്ടും നിന്നിലേക്ക് തിരിച്ചുവരും' (സൂറ: മുൽക്ക് 67: 4,5)**

---

**പേജ് 37 ൽ നിന്ന് തുടർച്ച**

അടുത്ത സ്ഥലമെന്നാൽ, ദാൽ തടാകത്തിന്റെ ഒരു വശത്തെ മലയുടെ ഉച്ചിയിലുള്ള, കേരളത്തിൽ നിന്ന് കശ്മീർ വരെയെത്തിയ ശങ്കരാചാര്യരുടെ ക്ഷേത്രം. അതിന് മുമ്പ് ശ്രീനഗർ അഹ്മദിയാ പള്ളി എവിടെയാണെന്ന് ഗൂഗിളിൽ പരാതിയപ്പോൾ അത് കിടക്കുന്നത് മൂന്ന് കിലോമീറ്റർ ദൂരത്ത്. പള്ളിയിൽ പോയ ശേഷം ക്ഷേത്ര സന്ദർശനമാകാം എന്ന് തീരുമാനിച്ച് മറ്റൊരു ഓട്ടോയിൽ കയറി.

വളരെ വലിയൊരു പള്ളിയും അതിന് പിന്നാമ്പുറത്തുള്ള പുൽത്തകിടിയും ഹഠാദാകർഷിക്കുന്നതായിരുന്നു. ഇരുവശത്തുമുള്ള പോലീസ് ഹെഡ്ക്വർട്ടേഴ്സിന്റെയും പട്ടാള ഓഫീസിന്റെയും സുരക്ഷിതത്വത്തിന് നടുവിൽ സ്ഥിതി ചെയ്യുന്ന പള്ളിയിൽ വെച്ച് മുറബ്ബി അമീൻ സാഹിബിന്റെ ആഥിതേയത്വം സ്വീകരിച്ച് ഏതാനും മിനുട്ടുകൾ ചിലവഴിച്ചു.

സലാം പറഞ്ഞ് ക്ഷേത്രം ലക്ഷ്യമാക്കി പുറപ്പെട്ടപ്പോൾ സൂര്യനോട് കളിപറഞ്ഞ് തണുത്ത കാറ്റ് ആ ആത്മീയ പരിസരത്തെ കൂടുതൽ ഉജ്ജ്വലമാക്കിയതായി തോന്നി.

അനുസ്മരണം

# എം. ഇബ്രാഹിം കുട്ടി സാഹിബ്



മാത്രാ ജമാഅത്ത് മുൻ പ്രസിഡന്റും കൊല്ലം ജില്ലാ ഖാസിയുമായിരുന്ന എം ഇബ്രാഹിം കുട്ടി സാഹിബ് ഹൃദയ സംബന്ധമായ രോഗത്താൽ വഫാത്തായി. ഇന്നാലില്ലാഹി.......... സുബായി ഇമാറത്തിന്റെ കാലത്ത് സംസ്ഥാന കമ്മിറ്റി അംഗവും മേഖലാ ഖാഇദ്, കൊല്ലം ജില്ലാ നാസിം അൻസറുല്ലാഹ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. മാത്രാ ജമാഅത്തിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളായിരുന്നു.

1998 ഫെബ്രവരി 28 ന് വാണിയമ്പലത്ത് വെച്ച് നടന്ന സംസ്ഥാന സമ്മേളനത്തിലാണ് ഇബ്രാഹിം കുട്ടി സാഹിബ് ബൈഅത്ത് ചെയ്യത്.

കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ബി എ അറബിക്ക് ഒന്നാം റാങ്കോടെ പാസ്സാകുകയും 36 വർഷം കേരള സർക്കാരിൽ അദ്ധ്യാപകനായും ദീർഘകാലം പ്രഥമാദ്ധ്യാപകനായും സേവനമനുഷ്ഠിക്കുകയുണ്ടായി.

വലിയൊരു സുന്നി കുടുംബത്തിൽ നിന്നും ബൈഅത്ത് ചെയ്ത് വന്ന അദ്ദേഹത്തിന്ന് വമ്പിച്ച എതിർപ്പ് നേരിടേണ്ടി വന്നു. രണ്ട് തവണ ശാരീരിക കൈയ്യേറ്റങ്ങൾക്ക് പോലും വിധേയനാവുകയുണ്ടായി. പിന്നീട് കുടുംബവും നാട്ടുകാരും അദ്ദേഹവുമായി ഹൃദായവർജ്ജകമായ ഒരു ബന്ധം സ്ഥാപിക്കപ്പെടുകയുണ്ടായി. മതനിഷ്ഠ ശ്രദ്ധാപൂർവ്വം പാലിച്ചിരുന്ന അദ്ദേഹം നമസ്കാരത്തിലും ഖുർആൻ പാരായണത്തിലും അതീവ കണിഷതയും കൃത്യതയും പാലിച്ചു. 2000 ന് ശേഷം 156 തവണ അദ്ദേഹം ഖുർആൻ വായിച്ചു തീർക്കുകയും അത് കൃത്യമായി ഒരു നോട്ടുബുക്കിൽ രേഖപ്പെടുത്തി വെക്കുകയും ചെയ്തു. ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകൾ കൃത്യമായി കേൾക്കുകയും കുടുംബാംഗങ്ങൾ അത് കേൾക്കുവാൻ ശ്രദ്ധ ചെലുത്തുകയും ചെയ്തു. മൂസീ ആയിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**ഭാര്യ**: റഫീഖ ഇബ്രാഹിം. **മക്കൾ**: മൗലവി ഐ ആർ അൻസാർ, അനീസ ഇബ്രാഹിം (ആലപ്പുഴ), അസീനാ ഇബ്രാഹിം (കരുനാഗപ്പള്ളി), അമീന ഇബ്രാഹിം, മുഹമ്മദ് ഇസ്മായിൽ **മരുമക്കൾ**: ജുനൈബ ടി. കെ. (ആലപ്പുഴ), ടി.എ. സുധീർ (ആലപ്പുഴ), പി. വി. നാസർ അഹ്മദ് (കരുനാഗപ്പള്ളി).



പേജ് 28 ൽ നിന്ന് തുടർച്ച

വികസിച്ച മറ്റൊരു ലിപി വ്യവസ്ഥ ലോകത്തില്ല. അറബിക് കാലിഗ്രാഫി അഥവാ ലേഖനകലാ വിദ്യയുടെ കലാസൗന്ദര്യവും നമ്മെ വിസ്മയത്തിലാക്കും.

ചുരുക്കത്തിൽ ആശയങ്ങളുടെ വാഹനമായ ഭാഷയെ സംഭരിച്ചുവെക്കാനും വഹിച്ചുകൊണ്ടുപോകാനും മനുഷ്യൻ കണ്ടെത്തിയ ഒരു സാങ്കേതികവിദ്യയായിരുന്നു എഴുത്തുകല. ആധുനികകാലത്തെ വിവര സാങ്കേതിക വിപ്ലവം വീണ്ടും വരമൊഴിയെ പിന്തള്ളി വായ്മൊഴിക്ക് അധീശത്വം നേടിക്കൊടുക്കുമോ? ടെലിഫോണും വോയ്സ് മെയിലും ഇന്റർനെറ്റ് ചാറ്റിങ്ങും, പേപ്പർ ലെഡ്ഗ് ഓഫീസും മൾട്ടി മീഡിയയും വരമൊഴിയെ ഒരു പഴങ്കഥയാക്കി മാറ്റുമോ? ആളുകൾ ഇപ്പോൾ തന്നെ പരസ്പര വിനിമയത്തിന് കത്തെഴുത്ത് നിർത്തിയ മട്ടാണ്. ശബ്ദവിനിമയത്തെയാണ് ആശ്രയിക്കുന്നത്. കച്ചവട സ്ഥാപനങ്ങൾ കണക്കെഴുത്തും നിർത്തി. പകരം കമ്പ്യൂട്ടറുകളായി. ഈയ്യിടെ ഇന്ത്യ വിക്ഷേപിച്ച 'എഡ്യുസാറ്റ്' അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ഇന്ററാക്റ്റ് ചെയ്തുകൊണ്ടുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന് തുടക്കം കുറിച്ചിരിക്കുന്നു. നമ്മുടെ കേരളത്തിലും ഈ അദ്ധ്യയന വർഷം മുതൽ 'എഡ്യുസാറ്റി'ന്റെ സേവനം ലഭ്യമാകും. പഴയ ഗുരുകുലത്തെപോലെ ശിഷ്യൻ ഗുരുവിനെ തേടി ഗുരുവിന്റെ വീട്ടിൽ പോകേണ്ട. പകരം ഗുരു ശിഷ്യനെ തേടി വരും. ആധുനിക ഇൻഫർമേഷൻ ടെക്നോളജി സാക്ഷരനായമനുഷ്യനെ വീണ്ടും നിരക്ഷരനാക്കുമോ? ആ കാലം സമാഗതമായാലെങ്കിലും നമ്മുടെ പുരഗോമനവാദികളായ മുസ്‌ലിം ബുദ്ധിജീവികൾക്ക് റസൂൽ തിരുമേനി(സ) നിരക്ഷരനായതിന്റെ പേരിലുള്ള ബേജാറ് ഇനിയെങ്കിലും അവസാനിക്കുമെന്ന് കരുതാം.

## അനുസ്മരണം

# പി. വി അഹ്മദ് കോയാ സാഹിബ്



കോഴിക്കോട് ജമാഅത്ത് അംഗം പി വി അഹ്മദ് കോയാ സാഹിബ് (84) ജൂലായ് 17ന് കോഴിക്കോട് സ്വന്തം വസതിയിൽ വഫാത്തായി ഇന്നാലില്ലാഹി.........

കോഴിക്കോട്ടെ അറിയപ്പെടുന്ന പത്രപ്രവർത്തകനായ അഹ്മദ് കോയാ സാഹിബ് 1964 ലാണ് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്. കോഴിക്കോട് ജമാഅത്തിന്റെ മുൻ ജനറൽ സെക്രട്ടറിയായിരുന്ന അദ്ദേഹം വിവിധ സ്ഥാനങ്ങളിൽ ഭാരവാഹിയായി ഇരുന്നിട്ടുണ്ട്. മാതൃഭൂമി ജേർണലിസ് യൂണിയൻ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി, രണ്ട് തവണ മാതൃഭൂമി വർക്സ് കമ്മിറ്റി ചെയർമാനുമായിരുന്നു. സോഷ്യലിസ്റ്റ് നേതാവായിരുന്ന തെക്കേപ്പുറം മുഖദാർ പൂതം വീട്ടിൽ പഴനിങ്ങൽ പരേതനായ മമ്മു സാഹിബിന്റെ മകനാണ്. ചന്ദ്രികാ ദിനപത്രത്തിൽ സബ്ബ് എഡിറ്ററായി പത്രപ്രവർത്തനം ആരംഭിച്ച അദ്ദേഹം 1963 മുതൽ മുപ്പത് വർഷക്കാലം മാതൃഭൂമിയിൽ റിപ്പോർട്ടറും പ്രൂഫ് റീഡറുമായി പ്രവർത്തിച്ചു. 1993 ചീഫ് സബ് എഡിറ്ററായാണ് വിരമിച്ചത്. 1994 ൽ വീണ്ടും മാതൃഭൂമിയിൽ പാർട്ട്ടൈം ജീവനക്കാരനായി നിയമിക്കപ്പെട്ടിരുന്നു. മാതൃഭൂമി മാനേജിംങ്ങ് എഡിറ്ററായിരുന്ന എം. പി വീരേന്ദ്രകുമാറുമായി അദ്ദേഹം അടുത്ത ബന്ധം പുലർത്തി. സാമൂഹിക-രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ചിരുന്ന അഹ്മദ് കോയാ സാഹിബ് 1962 ൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ നടന്ന തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിക്കെതിരെ പ്രോഗ്രസ്സീവ് ലീഗ് സ്ഥാനാർത്ഥിയായി കുറ്റിച്ചിറയിൽ മത്സരിച്ചു. തുടർന്ന് ചന്ദ്രികാ പത്രത്തിൽ നിന്നും പിരിയേണ്ടി വന്നു.

എഴുത്തുകാരനായ അഹ്മദ് കോയാ സാഹിബ്. സത്യദൂതനിലും മാതൃഭൂമിയിലും ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. 'നിങ്ങൾ സത്യം അറിയണം' എന്ന പേരിൽ മികച്ച ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ സത്യം വിളംബരം ചെയ്യുന്ന ആ ഗ്രന്ഥം മതപരവും സാമൂഹികവും സമകാലികവുമായ നിരവധി വസ്തുതകൾ ഉള്ളടങ്ങിയതാണ്. 1991 ൽ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഖാദിയാൻ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്യുകയും അത് മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും 2008 ൽ ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഇന്ത്യ സന്ദർശിച്ചപ്പോൾ ഡൽഹിയിൽ പത്രസമ്മേളനം നടത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഖലീഫാ തിരുമനസ്സിന്റെ കേരള സന്ദർശന വേളയിൽ മാതൃഭൂമി പത്രാധിപർ ഗോപാലകൃഷ്ണനുമായുള്ള അഭിമുഖം സംഘടിപ്പിക്കുകയും അത് മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തതിൽ മുഖ്യ പങ്ക് വഹിച്ചത് പി വി അഹ്മദ് കോയാ സാഹിബാണ്. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ

**ഭാര്യമാർ**: മുഖദാർ പൂതം വീട്ടിൽ പരേതയായ പി വി കച്ചിബി, വടകര ഉമ്മർച്ചിന്റെ കത്ത് റാബിയ, **മക്കൾ**: പി വി അഷറഫ്, ബശീറുദ്ദീൻ, നാസർ അഹ്മദ്, ഖുർശിദ്, നഈം, നൂറുദ്ദീൻ, നുസ്രത്ത് ജഹാൻ, ഇസ്മത്ത് ജഹാൻ, നദീറ ബാസിത്ത്, സിതാറ, **മരുമക്കൾ**: യു. നൂറുദ്ദീൻ, ഹനീഫ്, എം സിറാജുദ്ദീൻ, സായിദ്, സീനത്ത്, സുറയ്യ, നൗശീദ, താഹിറ, സാജിത, സിദ്ധീഖ. **സഹോദരങ്ങൾ**: അബു, ആലിക്കോയ, സുഹറാബി, ബിച്ചാമിനബി, പരേതനായ ഉമ്മർ കോയ.

# അമീർ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ ഇടിയാങ്ങര പാമ്പലത്ത് പി. അമീർ സാഹിബ് (34) ജൂൺ 30 ന് സ്വവസതിയിൽ വഫാത്തായി ഇന്നാലിലാഹി..... 2004 ൽ ബൈഅത്ത് ചെയ്ത അമീർ സാഹിബ് ദീർഘകാലമായി രോഗബാധിതനായി കിടപ്പിലായിരുന്നു. ഇടിയങ്ങര ദഅവ സെന്ററിൽ മുൻ ജീവനക്കാരനായിരുന്നു. ഖാദിയാനിൽ വിദ്യാർത്ഥിയായിരുന്നു. 8 മാസം പഠനം നിർവ്വഹിച്ചതിന് ശേഷം രോഗബാധിതനായനാൽ പഠനം നിർത്തേണ്ടി വന്നു. അമീർ സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹം മാത്രമാണ് ബൈഅത്ത് ചെയ്തത്. അല്ലാഹു പരേതന് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

*-ഹനീഫ് സാഹിബ്, കോഴിക്കോട്*

അനുസ്മരണം

# റാബിയ ബീവി സാഹിബ

കരുനാഗപ്പള്ളി ജമാഅത്തിലെ ഏറ്റവും മുതിർന്ന അംഗവും കരുനാഗപ്പള്ളി അഹ്മദിയ്യാ ജമാഅത്ത് സ്ഥാപക തലമുറയിൽ പെട്ട മർഹൂം ചുങ്കശ്ശേരി മൊയ്തീൻ കുഞ്ഞ് സാഹിബിന്റെ ഭാര്യയുമായിരുന്ന റാബിയ ബീവി സാഹിബ (89) 2022 മെയ് 14 ന് വഫാത്തായി. ഇന്നാലില്ലാഹി..... മൂത്ത സഹോദരൻ കൊട്ടുകാട് ചക്കാലയിൽ മുഹമ്മദ് കുഞ്ഞ് ആശാൻ ബൈഅത്ത് ചെയ്തതിന് പിന്നാലെ മറ്റ് സഹോദരങ്ങളോടൊപ്പം അവരും ജമാഅത്തിൽ പ്രവേശിക്കുകയായിരുന്നു. ദീർഘകാലം ലജ്ന പ്രസിഡന്റ് ആയിരുന്നു. മൂസിയായിരുന്നു.

**മക്കൾ**: സുബൈദ ബീവി, ആബിദ ബീവി, ഡോ. ഷെരീഫ് അഹ്മദ്, ജലീൽ അഹ്മദ് (മർഹൂം), സിദ്ദീക്ക് അഹ്മദ്, ബഷീർ അഹ്മദ്, അൻവർ അഹ്മദ് (മർഹൂം), നാസർ അഹ്മദ്, ഡോ. മൻസൂർ, സാബിർ അഹ്മദ്

പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

പേജ് 21 ൽ നിന്ന് തുടർച്ച

സംഘടിതമായി നടന്ന ഒരു തൊഴിൽ മേഖലയായിരുന്നു. ഉദാഹരണത്തിന് 17-ാം നൂറ്റാണ്ടിൽ ഇസ്താംബൂളിനടുത്ത് 8 ഇടങ്ങളിൽ 15 ആളുകൾ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തികളിലേലേർപ്പെട്ടിരുന്നു.

ശംസുദ്ദീൻ ഇറാഖി മനുഷ്യന്റെ ശരീരഘടനാ ശാസ്ത്രത്തെ പറ്റി ഒരു പുസ്തകമെഴു തുകയുണ്ടായി. രിസാലെ തെശ്റഹെ അബ്ദാൻ (1632) അങ്ങനെയാണ് യൂറോപ്യൻ അനാട്ടമി ടർക്കിഷ് ഭാഷയിൽ കടന്നുവരുന്നത്. (തുടരും)





# ഏകദിന സെമിനാർ സംഘടിപ്പിച്ചു

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് തൃശൂർ ജില്ലയുടെ ആഭിമുഖ്യത്തിൽ 'ദൈവാസ്തിക്യം' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ജില്ലാ ഖായിദ് ജനാബ് എം റിഷാദ് സാഹിബിന്റെ അധ്യക്ഷതയിൽ അലനല്ലൂരിലെ മസ്ജിദ് ഹാദിയിൽ വെച്ചു നടന്ന ചടങ്ങിൽ, പാലക്കാട് തൃശ്ശൂർ ജില്ലാ അമീർ ജനാബ് എച്ച് സുലൈമാൻ സാഹിബ് ഉദ്ഘാടന പ്രഭാഷണം നിർവഹിക്കുകയുണ്ടായി. അദ്ഭുതകരമായ ഈ പ്രപഞ്ച സംവിധാനത്തിനു പിന്നിൽ അതിവിദഗ്ധനും ബുദ്ധിമാനുമായ ഒരു സ്രഷ്ടാവിന്റെ ആവശ്യകതയുണ്ടെന്നും, അവനെ കണ്ടെത്തുകയും അവന്റെ കല്പനകൾക്കു വഴിപ്പെട്ട് ജീവിക്കുകയും ചെയ്യുക എന്നതാണ് ഓരോ മനുഷ്യന്റെയും പരമ പ്രധാനമായ ജീവിത ലക്ഷ്യമെന്നും അദ്ദേഹം ഓർമപ്പെടുത്തി. മൗലവി കെ അബ്ദുസ്സലാം സാഹിബ്, ജനാബ് എം അബ്ദുൽ ബഷീർ സാഹിബ് എന്നിവർ ആശംസകൾ അറിയിച്ചു. ദൈവാസ്തിക്യം എന്ന വിഷയത്തിൽ മൗലവി സുൽത്താൻ നസീർ സാഹിബ്, ഇ എച്ച് നജീബ് സാഹിബ് എന്നിവർ ക്ലാസുകളെടുക്കുകയും ഖുദ്ദാം സഹോദരങ്ങൾ സെമിനാറുകൾ അവതരിപ്പിക്കുകയും ചെയ്തു. വിഷയാവതരണശേഷം നടന്ന വിജ്ഞാനപ്രദമായ ചർച്ചകൾ സദസ്സിനു ഉന്മേഷം നൽകുന്നവയായിരുന്നു.

അനുസ്മരണം

# മൊയ്തീൻ കോയാ സാഹിബ്



കോഴിക്കോട് ജമാഅത്ത് അംഗം എ. പി. മൊയ്തീൻ കോയാ സാഹിബ് 2022 ജൂലായ് 26 ന് വഫാത്തായി ഇന്നാലില്ലാഹി .......സത്യദൂതനിൽ ലേഖനമെഴുതിയിരുന്ന അദ്ദേഹം നല്ല വായനക്കാരനുമായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

Published on 07.08.2022
Pages 44
Vol: 94 Issue. 08
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

لا اله الا الله محمد رسول الله

# മജ്‌ലിസ് അൻസാറുല്ലാഹ്
## കേരള

# സംസ്ഥാന ഇജ്തിമാഅ് 2022

- ഉദ്ഘാടന സമ്മേളനം
- തർബിയ്യത്ത് ക്ലാസ്സ്
- ചർച്ചാ ക്ലാസ്സുകൾ
- വൈജ്ഞാനിക മത്സരങ്ങൾ
- കായിക മത്സരങ്ങൾ

**2022 സെപ്തംബർ 10, 11**
**കരുനാഗപ്പള്ളി, കൊല്ലം**

LOVE FOR ALL HATRED FOR NONE

**'We are the Helpers of Allah'**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim